# താമരമൊട്ടുകൾ

വാല്യം 26 | ആഗസ്റ്റ് 2024 | ലക്കം 08 | Price ₹ 20



സ്വർഗ്ഗാരോപിത രാജ്ഞി
ഭാരതസഭയുടെ രാജ്ഞി
അമലോത്ഭവയാം രാജ്ഞി
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## August 2024

| | | |
|---|---|---|
| 01 | 16.00 | Thamarassery |
| 02 | 04.00 | Vettilappara |
| | 06.00 | Puthupady |
| 03 | 09.00 | Koodaranji |
| | 10.30 | Chevarambalam |
| | 14.00 | Koorachundu |
| 04 | 10.30 | Thamarassery |
| 05-09 | | KCBC Retreat |
| 10 | 07.00 | Thamarassery |
| | 09.00 | Thamarassery |
| | 03.30 | Kaithalpoyil |
| | 05.00 | Koodaranji |
| | 08.00 | SH |
| 11 | 07.00 | Kallanode |
| 12 | 10.00 | Thamarassery |
| | 16.00 | Mananthavady |
| 13 | 03.30 | Peruvennamuzhy |
| 14 | | Chempery |
| 15 | 06.30 | Mukkom |
| | 15.00 | Kodanchery |
| | 18.00 | Kunduthode |
| 16 | | Engaged |
| 17 | 10.30 | Thekkumkutty |
| | 14.30 | Kodenchery |
| 18 | Marikunnu | |
| 19-31 | Synod | |

വാല്യം 26 താമരമൊട്ടുകൾ ആഗസ്റ്റ് 2024 ലക്കം 08

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 543 |
| 2. | പ്രോഗ്രാം ആഗസ്റ്റ് 2024 | 545 |
| 3. | സർക്കുലർ | 546 |
| 4. | സർക്കുലർ | 549 |
| 5. | സർക്കുലർ | 554 |
| 6. | സർക്കുലർ 13/2024 | 558 |
| 7. | സർക്കുലർ | 560 |
| 8. | സർക്കുലർ 12/2024 | 564 |
| 9. | ഇടയലേഖനം | 567 |
| 10. | കച്ചേരിക്കാര്യം | 572 |
| 11. | ആദരാഞ്ജലികൾ | 576 |
| 12. | വിശ്വാസപരിശീലനം | 578 |
| 13. | ലിറ്റർജി കമ്മീഷൻ | 583 |
| 14. | സെമിനാരി വാർത്ത | 584 |
| 15. | ചെറുപുഷ്പ മിഷൻലീഗ് | 585 |
| 16. | തിരുബാലസഖ്യം | 588 |
| 17. | ആൽഫ മരിയ അക്കാദമി | 588 |
| 18. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 590 |
| 19. | സ്റ്റാർട്ട് | 591 |
| 20. | എയ്ഡർ എഡ്യൂകെയർ | 593 |
| 21. | കരുണാഭവൻ | 594 |
| 22. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 594 |
| 23. | കെസിവൈഎം-എസ്എംവൈഎം | 597 |
| 24. | കത്തോലിക്കാ കോൺഗ്രസ് | 601 |
| 25. | മദ്യവിരുദ്ധസമിതി | 608 |
| 26. | കരിസമാറ്റിക് മൂവ്മെന്റ് | 609 |
| 27. | ക്രിസ്റ്റീൻ മിനിസ്ട്രി | 610 |
| 28. | ജീസസ്സ് യൂത്ത് | 612 |
| 29. | ബഥാനിയ ധ്യാനകേന്ദ്രം | 613 |
| 30. | വികസനവേദി | 616 |
| 31. | യേശുനിധി | 618 |
| 32. | അജപാലനക്കുറിപ്പുകൾ | 619 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Kalarickal Joseph | August | 1 |
| Panackal Varghees | | 3 |
| Chilambikunnel Thomas | | 4 |
| Kochumuriyil Thomas | | 5 |
| Karukamalil Vincent | | 9 |
| Kuzhivelil Dominic | | 15 |
| Plakkoottathil Jacob | | 15 |
| Paimpillil George | | 15 |
| Karakunnel Jacob | | 16 |
| Kandassamkunnel Mathew | | 17 |
| Karackal Sebastian | | 18 |
| Mazhuvanchery Abraham | | 21 |
| Oravumkara John | | 22 |
| Mundanattu George | | 22 |
| Edakkattil Joseph | | 25 |
| Pamplaniyil Joseph | | 26 |
| Peruvelil Mathew | | 27 |
| Kappalumackal Jacob | | 29 |
| Kannampally Thomas | | 30 |
| Ezhanikatt Joseph | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kuzhivelil Dominic | August | 8 |
| Muttathukudiyil Dominic | | 8 |
| Thoomkuzhy Dominic | | 8 |
| Alumkal Augustine | | 28 |
| Kizhukkarakatt Augustine | | 28 |
| Kizhukarakatt Sudeep | | 28 |
| Kizhukarakatt Danties | | 28 |
| Machukuzhiyil Augustine | | 28 |
| Pannikkottu Augustine | | 28 |
| Pattaniyil Augustine | | 28 |
| Palathumthalackal Augustine | | 28 |
| Thuravackal Augustine | | 28 |
| Vamattathil Augustine | | 28 |

**Mar Remigiose Inchananiyil**

01 വ്യാഴം പതിനഞ്ച് നോമ്പാരംഭം

# പ്രോഗ്രാം ആഗസ്റ്റ് 2024

| | | |
|---|---|---|
| 02 | വെള്ളി | ചരമദിനം : ഫാ. ജോസഫ് മണിയങ്ങാട്ട് |
| 04 | ശനി | **വി. ജോൺ മരിയ വിയാനി, വൈദികദിനം** |
| 06 | ചൊവ്വ | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 09 | വെള്ളി | ചരമദിനം : ഫാ. ജോസഫ് അറക്കപ്പറമ്പിൽ |
| 10 | ശനി | വി. ക്ലാര |
| 14 | ബുധൻ | വി. മാക്സ്മില്ല്യൻ കോൾബെ |
| 15 | വ്യാഴം | **മാതാവിന്റെ സ്വർഗ്ഗാരോപണം, സ്വാതന്ത്ര്യദിനം** |
| 17 | ശനി | ചരമദിനം : ഫാ. ചാണ്ടി കുരിശുംമൂട്ടിൽ |
| 19 | തിങ്കൾ | ചരമദിനം : ഫാ. അലക്സ് മണക്കാട്ടുമറ്റം |
| 21 | ബുധൻ | **വി. പത്താംപീയൂസ് മാർപ്പാപ്പ** |
| 22 | വ്യാഴം | ചരമദിനം : ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം |
| 24 | ശനി | **വി. ബർത്തലോമിയോ ശ്ലീഹാ** |
| 25 | ഞായർ | ചരമദിനം : ഫാ. ജോസഫ് കോഴിക്കോട്ട് |
| 28 | ബുധൻ | **വി. അഗസ്റ്റിൻ** |
| 29 | വ്യാഴം | **വി. എവുപ്രാസ്യ** |

*സർക്കുലർ* Prot. No. 0715/2024

# അഞ്ചാമതു മേജർ ആർക്കി-എപ്പിസ്കോപ്പൽ അസംബ്ലി

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താ മാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവ ജനത്തിനും എഴുതുന്നത്.*

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

**ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

നമ്മുടെ സഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയെക്കുറിച്ച് അറിയിക്കുന്നതിനാണ് ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത്. മേജർ ആർച്ചുബിഷപ്പ് അധ്യക്ഷനായുള്ള സഭ മുഴുവന്റെയും ആലോചനായോഗമാണു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി അഥവാ സഭായോഗം. സഭയിലെ മെത്രാൻമാരുടെയും, പുരോഹിത, സമർപ്പിത, അല്മായ പ്രതിനിധികളുടെയും സംയുക്തയോഗമാണിത്.

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണ് എന്ന യാഥാർഥ്യമാണു സഭായോഗത്തിന്റെ അടിസ്ഥാനം. അസംബ്ലിയുടെ ദൗത്യത്തെപ്പറ്റി പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ മേജർ ആർച്ചുബിഷപ്പിനെയും മെത്രാൻസിനഡിനെയും സഹായിക്കാൻവേണ്ടിയുള്ള ആലോചനായോഗമാണിത്. കാലോചിതമായ വിഷയങ്ങൾ ചർച്ചചെയ്യുകയും സഭയുടെയും സമൂഹത്തിന്റെയും പൊതുന കണക്കിലെടുത്തു കർമപരിപാടികൾ രൂപീകരിക്കുന്നതിനു മെത്രാൻസിനഡിനെ സഹായിക്കുകയും ചെയ്യുക എന്നതാണ് അസംബ്ലിയുടെ ദൗത്യം.

അഞ്ചുവർഷത്തിൽ ഒരിക്കൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചുചേർക്കണമെന്നതാണു സഭാനിയമം. നമ്മുടെ സഭ 1992ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ആദ്യത്തെ അസംബ്ലി നടക്കുന്നത് 1998 ലാണ്. പിന്നീടു, 2004, 2010, 2016 എന്നീ വർഷങ്ങളിലും ഈ സഭായോഗം കൂടുകയുണ്ടായി. 2016നുശേഷം എട്ടു വർഷങ്ങൾ പിന്നിടുമ്പോഴാണ് 2024 ൽ അഞ്ചാമത്തെ

അസംബ്ലി നടക്കുന്നത്. കോവിഡു മഹാമാരിയുടെ പശ്ചാത്തലത്തിൽ നില നിന്നിരുന്ന അനിശ്ചിതത്വമാണ് 2021ൽ നടക്കേണ്ടിയിരുന്ന അസംബ്ലി ഇത്രയും വൈകാൻ കാരണമായത്.

പാലാ രൂപതയാണ് ഇത്തവണത്തെ അസംബ്ലിയുടെ ആതിഥേയർ. പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ആഗസ്റ്റ് 22 വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ചു 25 ഞായറാഴ്ച ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ അസംബ്ലി കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെയും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ചെയ്തുകൊണ്ടിരിക്കുന്നു.

മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ ആരൊക്കെയാണു പങ്കെടുക്കേണ്ടത് എന്നതു സഭാനിയമം നിശ്ചയിച്ചിട്ടുണ്ട്. രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നുമുള്ള പ്രതിനിധികളാണ് അസംബ്ലി അംഗങ്ങൾ. രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും എണ്ണം വർധിച്ചുവന്നപ്പോൾ അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും ആനുപാതികമായി ഉയർന്നു . 2016 ൽ 488 പേരാണ് പങ്കെടുത്തത്. അതിന് പുറമേയായായിരുന്നു കമ്മിറ്റി അംഗങ്ങളും മറ്റു ശുശ്രൂഷകരും. അസംബ്ലിയുടെ നടത്തിപ്പിന്റെ പ്രായോഗിക തലങ്ങൾ പരിഗണിച്ചും എല്ലാവരുടെയും ആശയങ്ങൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനുംവേണ്ടി പങ്കെടുക്കേണ്ടവരുടെ എണ്ണംകുറയ്ക്കാൻ മെത്രാൻസിനഡു തീരുമാനിച്ചു. അതിൻപ്രകാരം, പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ അസംബ്ലിയിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള ഭേദഗതി വരുത്തിയ സഭയുടെ പ്രത്യേകനിയമം ഒരു കല്പനവഴി 2024 മാർച്ച് 25നു പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഈ പുതിയ നിയമമനുസരിച്ച് 80 വയസിൽ താഴെയുള്ള മെത്രാന്മാരും വൈദിക സമർപ്പിത അല്മായ പ്രതിനിധികളുമടങ്ങിയ 360 അംഗങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നത്.

അഞ്ചാമത്തെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം , 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ ' എന്നുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി, വിശ്വാസരൂപീകരണത്തിന്റെ നവീകരണം, സുവിശേഷപ്രഘോഷണത്തിലെ അല്മായപങ്കാളിത്തം, സീറോമലബാർസമുദായ ശക്തീകരണം എന്നീ മൂന്നു വിഷയങ്ങൾ അസംബ്ലിയുടെ പ്രത്യേക വിചിന്തനത്തിനു വിഷയമാകും.

പ്രിയപ്പെട്ടവരേ, പ്രാർഥനയുടെയും വിചിന്തനത്തിന്റെയും ആത്മാവിൽ ഐക്യപ്പെട്ടു കൊണ്ടും ദൈവം സഭയ്ക്കും സഭയിലൂടെയും ചെയ്ത മഹ

ത്തായ കാര്യങ്ങൾ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊണ്ടും സീറോമലബാർസഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി നില്ക്കേണ്ട കാഴ്ചപ്പാടുകളും ആദർശങ്ങളും രൂപീകരിക്കാനാണ് അസംബ്ലി ശ്രമിക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും പൊതുനന്മ ലക്ഷ്യമാക്കി ആശയങ്ങൾ പങ്കുവയ്ക്കാനും ദൈവമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കും ഉപകരിക്കുന്ന ആശയരൂപീകരണം സാധ്യമാകുന്നതിനുംവേണ്ടി സഭ മുഴുവനും ഒരു മനസ്സോടെ പ്രാർഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ അഭ്യർഥിക്കുന്നു. ഇതോടൊപ്പം നല്കുന്ന കാറോസൂസ ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ടതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ടു ജൂലൈ മാസം 24-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

*ഈ സർക്കുലർ 2024 ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.*

**ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ട കാറോസൂസ**

ശുശ്രൂ: അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ളിക്കായി ഒരുങ്ങുന്ന സീറോമലബാർസഭയെയും പ്രത്യേകമായി അസംബ്ളിയിൽ പങ്കെടുക്കുന്ന എല്ലാവരെയും സമർപ്പിക്കുന്നു. 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും' എന്ന വിഷയം വിചിന്തനം ചെയ്ത്, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിഞ്ഞു, സ്നേഹത്തിൽ ഒന്നായി മുന്നോട്ടുപോകുന്ന സഭാസമൂഹമാകാൻ സഹായിക്കുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിധ്യംനല്കി അസംബ്ലിയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

No: 4033/K-5/KCBC/OL/DS

# തടവറ ശുശ്രൂഷാ ഞായർ
# 11 ആഗസ്റ്റ് 2024
# തടവുകാർ നമ്മുടെ സ്നേഹിതർ

കർത്താവായ മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

ആഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് തടവറ ശുശ്രൂഷാ ഞായറായി ആചരിക്കപ്പെടുന്നത്. വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ (1894-1941) തിരുനാൾ ആഗസ്റ്റ് പതിനാലാം തീയതി ആഘോഷിക്കപ്പെടുന്നതിന്റെ പശ്ചാത്തലത്തിലാണിത്. വി. മാക്സ്മില്യൻ കോൾബേ തടവറയിൽ ആയിരിക്കുന്ന വരുടെയും തടവറ പ്രേഷിതത്വത്തിന്റെയും മധ്യസ്ഥനാണ്. “ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു” (യോഹ 15:15). തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഈശോ തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ സ്നേഹിതന്മാർ എന്നാണ് വിളിച്ചത്. ആരായിരുന്നു ഈ തെരഞ്ഞെടുക്കപ്പെട്ടവർ? അവർ തികച്ചും സാധാരണക്കാരും ബലഹീനരും പ്രലോഭനങ്ങളിൽ ഇടറിവീണവരുമായിരുന്നു! പിന്നീട് തന്നെ നിഷേധിച്ചുപറയും എന്നു താൻ അറിഞ്ഞിരുന്ന പത്രോസിനെയും ഒറ്റുകാരനായിരുന്ന യൂദാസിനെയും ചുങ്കക്കാരനായ മത്തായിയെയും യേശു സ്നേഹിതൻ എന്ന് വിളിച്ചു. കുറവുകളുള്ള ആ മനുഷ്യരെയെല്ലാം ക്രിസ്തു സ്നേഹിതരെന്നു വിളിച്ചെങ്കിൽ തടവുപുള്ളികളെയും അവിടന്ന് അപ്രകാരം വിളിക്കില്ലേ? യേശുവിനെ അനുഗമിക്കുന്നവരായ നമുക്കും തടവറയുടെ മക്കൾ സ്നേഹിതരാകേണ്ടവരാണ്.

### തടവറ ശുശ്രൂഷാഞായർ

തടവറ പ്രേഷിതഞായർ ആചരിക്കുന്ന ഈ വേളയിൽ തടവുകാരെ നമുക്ക് നമ്മുടെ സ്നേഹിതരായി കണക്കാക്കുകയും അവരുടെ സമഗ്ര മാനുഷിക വളർച്ചയ്ക്കായി പ്രവർത്തിക്കുകയും ചെയ്യാം. *ഭാരതത്തിലെ തടവറപ്രേഷിത ശുശ്രൂഷ* (Prison Ministry India) ഒരു ആധ്യാത്മിക പ്രസ്ഥാനമാണ്. അത് തടവുപുള്ളികളുടെയും അവരുടെ ഇരകളുടെയും മോചനത്തിനും

നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിച്ചുവരുന്നു. ജീസ്സസ് ഫ്രട്ടേണിറ്റി (യേശു സാഹോദര്യം) എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. തൊഴിൽ പദ്ധതികൾ, തടവറയിൽ ആയിരിക്കുന്നവർക്കും അവരുടെ മക്കൾക്കുംവേണ്ടിയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തടവറയിൽ ആയിരിക്കുന്നവരുടെ മോചനത്തിനുള്ള നിയമസഹായങ്ങൾ, വിവാഹത്തിനും കുടുംബങ്ങളുടെ ദൈനംദിനകാര്യങ്ങൾക്കും വേണ്ട സഹായങ്ങൾ, ഭവന നിർമാണ പദ്ധതി എന്നിവ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തിവരുന്നു. ജയിൽ മോചിതരായ പുരുഷന്മാർക്കുവേണ്ടി തൃശൂർ ജില്ല യിൽ വെട്ടുകാട് എന്ന സ്ഥലത്തും സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, മൺവിളയിലും പുനരധിവാസകേന്ദ്രനങ്ങൾ സ്നേഹാശ്രമം എന്ന പേരിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നുണ്ട്. തടവറയിൽ ആയിരിക്കുന്നവരുടെ മക്കൾക്കുവേണ്ടിയും ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ഭവനങ്ങളുണ്ട്. അതീവ സുരക്ഷാസംവിധാനങ്ങളുള്ള ജയിലറകളിലെ അതിക്രൂരരായ ജയിൽ പുള്ളികൾ പ്രത്യാശയുടെ സന്ദേശ വാഹകരായി മാറിയ സംഭവങ്ങളുണ്ട്. യേശു സാഹോദര്യത്തിന്റെ പ്രവർത്തനം വഴിയായി, കർത്താവ് നല്ല കള്ളനു നല്കിയതു പോലെ, ഇന്നും അനേകർക്ക് വിമോചനം ലഭിക്കുന്നു. നമുക്കും ഈ മഹത്തായ ശുശ്രൂഷയിൽ ആത്മാർഥമായി പങ്കുകാരാകാം.

ദൈവം പാപിയെ സ്നേഹിക്കുന്നു; എന്നാൽ പാപത്തെ വെറുക്കുന്നു. ദൈവപുത്രൻ ഈ ലോകത്തിലേക്ക് വന്നത് എല്ലാവരെയും രക്ഷിക്കാനാണ്. ചുങ്കക്കാരനായ മത്തായിയെ യേശു വിളിച്ചു; കാരണം, ഈ പാപിക്ക് ഒരു ഭാവിദൗത്യമുണ്ടെന്ന് യേശുവിന് അറിയാമായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് ഈശോ മാപ്പു നല്കുകയും അവളെ ആശിർവദിക്കുകയും ചെയ്തു. കാരണം, അവൾക്കും നന്മനിറഞ്ഞ ഒരു ഭാവി ഉണ്ടെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. എല്ലാ വിശുദ്ധർക്കും ഒരു ഭൂതകാലവും എല്ലാ പാപികൾക്കും ഒരു ഭാവികാലവും ഉണ്ട്. ഫ്രാൻസീസ് മാർപാപ്പാ എഴു തുന്നു: "നമ്മോടു ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാകുന്നി ല്ല. അവിടുത്തെ കാരുണ്യം തേടുന്നതിൽ ക്ഷീണിതരാകുന്നത് നമ്മളാണ്" (EG. 3). ദൈവം നമ്മോടു ക്ഷമിക്കുകയും നമ്മെ നവീകരിക്കുകയും പുനഃപ്രതിഷ്ഠിക്കുക യും ചെയ്യുന്നു. ജയിലറകൾ വലിയ കുറ്റവാളികളും കൊലപാതകികളും തസ്കരന്മാരും വസിക്കുന്ന ഇടമാണെങ്കിലും അവി ടേയ്ക്കും ദൈവകൃപയുടെ പ്രവാഹമുണ്ട്. പാപം വർധിച്ചിടത്ത് കൃപ അതി ലേറെ വർധിച്ചു' (റോമാ 5:20). എന്ന തിരുവചനചിന്ത പ്രത്യാശാഭരിതമാണ്.

### തടവറകളിലെ സ്ഥിതിവിവരകണക്ക്

2022 ഡിസംബർ 31-ാം തീയതി National Crime Record Bureau പ്രസി ദ്ധീകരിച്ച ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ 1330 ജയിലുകളിലായി 5,73,220

തടവുകാർ ഉണ്ട്. അവയിൽ 4,34,302 പേർ വിചാരണത്തടവുകാരാണ്; അവർ ഇനിയും വിധികൂടാതെ തടവറകളിൽ പാർപ്പിക്കപ്പെട്ടവരാണ്. ഇതിൽ 23,772 പേർ സ്ത്രീകളാണ്; 1537 പേർ കുട്ടികൾകൂടെയുള്ള അമ്മമാരാണ്. 544 പേർ വധശിക്ഷ പ്രതീക്ഷിച്ച് കഴിയുന്നവരാണ്; 6283 പേർ വിദേശിയരുമാണ്. തടവുകാരിൽ ഏതാണ്ട് 10% എങ്കിലും കുറ്റം ചെയ്യാത്തവരെന്നു കരുതപ്പെടുന്നു. ആഗോളതലത്തിൽ 1.3 കോടി തടവുകാരുണ്ട്. തടവറയിലുള്ള നമ്മുടെ സഹോദരരെ സന്ദർശിച്ച് അവർക്ക് ആത്മീയവും ഭൗതികവുമായ സഹായം ചെയ്തുകൊടുക്കുക എന്നത് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ ഭാഗമാണ്. എന്തെന്നാൽ ഈശോ പറഞ്ഞു, "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു" (മത്താ 25:36).

## തടവറയ്ക്കുള്ളിലെ ഈശോയുടെ സ്നേഹിതർ

അഴികൾക്കുള്ളിൽ കഴിയുന്ന നമ്മുടെ എല്ലാ സഹോദരങ്ങളും വലിയ ഭീതിയിലും ആശങ്കയിലുമാണ് ജീവിക്കുന്നത്. നാളെ എന്ത് സംഭവിക്കും എന്ന ചിന്ത അവരുടെ ഉള്ളിലെ ശക്തി മുഴുവനും ചോർത്തിക്കളയുന്നു. നമ്മൾ അവരെ സന്ദർശിക്കുമ്പോഴെല്ലാം അവർ അഭ്യർഥിക്കുന്നത്, തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കുംവേണ്ടി പ്രാർഥിക്കണമേയെന്നാണ്. "നാളെ എന്റെ കേസിന്റെ വിചാരണയാണ്", "ജാമ്യാപേക്ഷ പരിഗണിക്കാനിരിക്കുകയാണ്", "എന്റെ മകളുടെ വിവാഹമാണ്" എന്നിങ്ങനെ പോകുന്നു അവരുടെ നിയോഗങ്ങൾ. വേദനയുടെയും കണ്ണീരിന്റെയും ആത്മസംഘർഷത്തിന്റെയും സഹനത്തിന്റെയും ഇടമാണ് തടവറ. ഒരു ദിവസം അവരുടെ കണ്ണുനീർ കൃപയുടെ നീർച്ചാലായിമാറാൻ സാധ്യതയുണ്ട്. ഫരിസേയന്റെ ഭവനത്തിലേക്ക് കടന്നു വന്ന സ്ത്രീ മറ്റു മനുഷ്യരുടെ കണ്ണുകളിൽ ഒരു പാപിനിയായിരുന്നു; എന്നാൽ ദൈവപുത്രിയായി പരിണമിച്ചു കൊണ്ടിരുന്നവളെയാണ് യേശു അവളിൽ കണ്ടത്. അവൾ യേശുവിന്റെ സ്നേഹിതയായി മാറുകയായിരുന്നു. അതുപോലെതന്നെയാണ് തടവറയിലുള്ള നമ്മുടെ സഹോദരരും.

## പ്രേഷിത മാർഗങ്ങൾ

പ്രിയപ്പെട്ടവരേ, തടവറയിൽ കഴിയുന്നവരെ നമുക്ക് മൂന്ന് രീതിയിൽ സഹായിക്കാനാകും.1. **പ്രാർത്ഥനയിലൂടെ:** ജയിലിലായിരിക്കുന്ന വരുടെ നവീകരണത്തിനും പുനരധിവാസത്തിനുംവേണ്ടി നമുക്ക് ത്യാഗമനുഷ്ഠിച്ച് പ്രാർഥിക്കാം. 2. **സന്നദ്ധസേവനത്തിലൂടെ:** മുറിവേറ്റവരും തിരസ്കരിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരുമായവരെ ജീസസ്സ് ഫ്രട്ടേണിറ്റിയോട് ചേർന്നു ശുശ്രൂഷിക്കാനുള്ള നിങ്ങളുടെ താത്പര്യം വിളിക്കുള്ളിലെ ഒരു വിളിയാണ് (a call within a call). ഒരു സാധാരണക്കാരനുപോലും അഴികൾക്കു പിന്നിലുള്ള സഹോദരങ്ങൾക്കുവേണ്ടി ചെറിയ കാര്യങ്ങൾ വലിയ

സ്നേഹത്തോടെ ചെയ്യാനാകും. **3. സാമ്പത്തിക സഹായത്തിലൂടെ:** തടവറയിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള സാമ്പത്തിക സഹായം ഏറെ പ്രശംസാർഹമാണ്. തടവറ ശുശ്രൂഷയുടെ ഒരടിസ്ഥാനതത്ത്വം അപരനുവേണ്ടിയുള്ള യാചനയാണ്. ഇത് ഒരനുഗ്രഹമായാണ് നമ്മൾ കരുതുന്നത്. കാരണം, നാം യാചിക്കുന്നത് മറ്റുള്ളവർക്കു വേണ്ടിയാണ്; നിസ്സഹായരായ തടവറമക്കൾക്ക് മെച്ചപ്പെട്ട ഭാവി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് നാം സുമനസ്സുകളുടെ സഹായം തേടുന്നത്. അവരുടെ ജീവിതത്തിന് മാഹാത്മ്യം ലഭിക്കാനുതകുന്ന ഈ വിനീത ശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്.

ഉദാരമായ സംഭാവനകൾ നൽകി സഹായിക്കുന്ന എല്ലാ രൂപതകളോടും സന്യാസസമൂഹങ്ങളോടും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗുണകാംക്ഷികളോടും ഞങ്ങൾ ഹൃദയപൂർവം നന്ദി പറയുന്നു. നഷ്ടപ്പെട്ടവരെ തേടിവന്ന മിശിഹാ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും. ജീസസ്സ് ഫ്രട്ടേണിറ്റിയിലെ സന്നദ്ധസേവകരുടെ അകമഴിഞ്ഞ അധ്വാനത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. നമ്മുടെ മാതാവായ കന്യകമറിയവും പ്രത്യേക മധ്യസ്ഥനായ വിശുദ്ധ മാക്സ്മില്യൻ കോൾബേയും നമുക്കായി പ്രാർത്ഥിക്കുകയും നമ്മുടെ ശുശ്രൂഷകൾക്ക് ശക്തി പകരുകയും ചെയ്യട്ടെ.

കർത്താവായ ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ
ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)
**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)
**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

---

*2024 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.*

# വിശ്വാസികളുടെ പ്രാർഥന

**കാർമികൻ**: പ്രിയ സഹോദരീസഹോദരന്മാരേ, ഈശോ പാപികളോടും ദരിദ്രരോടും വലിയ അനുകമ്പയാണ് കാണിച്ചത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് മറ്റുള്ളവരോട് അനുകമ്പ കാണിക്കാൻ നമ്മെ പ്രാപ്തരാക്കണമെന്ന് നമുക്കിപ്പോൾ കർത്താവിനോട് പ്രാർത്ഥിക്കാം.

**പ്രത്യുത്തരം: കർത്താവേ ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.**

ആഗോളസഭയ്ക്കുവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറകളിൽ കഴിയുന്നവരിൽ കർത്താവിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കാൻ തക്കവണ്ണം അവിടത്തെ സ്നേഹത്തിന്റെ ഉപകരണങ്ങളാക്കി മാർപാപ്പായെയും മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും മാറ്റണമെന്ന് നമുക്ക് കർത്താവിനോട് പ്രാർഥിക്കാം.

കർത്താവേ, നിഷ്കളങ്കനായ തടുവകാരൻ എന്ന നിലയിൽ അങ്ങ് തടവുകാരുടെ അവസ്ഥ അനുഭവിച്ചുവല്ലോ. തടവറയിൽ ആയിരിക്കുന്ന, മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾ അനുഭവിക്കുന്ന സഹോദരീസഹോദരന്മാരെ അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരുടെമേലും അവരുടെ കുടുംബങ്ങളുടെമേലും അങ്ങയുടെ കൃപാകടാക്ഷം ചൊരിയണമേ. ജയിൽ അധികൃതർ ദയയോടും ശാന്തതയോടും സ്നേഹത്തോടുംകൂടി അന്തേവാസികളോടു പെരുമാറാൻ അവരെ അനുഗ്രഹിക്കണമേ.

ഞങ്ങളുടെ സമയവും കഴിവുകളും എളിയവരും നഷ്ടപ്പെട്ടവരുമായവർക്കുവേണ്ടി ചെലവഴിക്കുന്ന *ഭാരത തടവറ ശുശ്രൂഷ*യുടെ സന്നദ്ധസേവകരുടെമേൽ അങ്ങയുടെ അനുഗ്രഹങ്ങൾ ചൊരിയണമേ. നല്ല ഇടയനായ യേശുവേ അങ്ങയുടെ നിയന്ത്രണവും സംരക്ഷണവും എപ്പോഴും അവരോടുകൂടെ ഉണ്ടാകണമേ.

തെറ്റായി കുറ്റമാരോപിക്കപ്പെടുകയും അങ്ങനെ തടവറയിൽ വസിക്കുകയും ചെയ്യുന്ന സഹോദരർക്കുവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു. അവർ തീവ്രദുഃഖത്തിലും കൈയ്പ്പുനിറഞ്ഞ അനുഭവത്തിലും ആണെന്ന് അങ്ങ് അറിയുന്നല്ലോ. കരുണാവാരി ധിയായ ദൈവമേ, അവരുടെ സഹ നങ്ങൾ ദൈവകൃപയിൽ ആശ്രയിച്ച് സ്വീകരിക്കാനും എത്രയും വേഗം അവർ മോചിതരാകുവാനുമുള്ള വഴി തുറന്നുകിട്ടുവാൻ ഇടയാക്ക ണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമികൻ**: സ്നേഹപിതാവേ, അങ്ങയുടെപക്കൽ അങ്ങയുടെ മക്കൾ അണയുമ്പോൾ അങ്ങ് അതീവ സന്തുഷ്ടനാണല്ലോ. അങ്ങയുടെ മുറിവുണക്കുന്ന കരംനീട്ടി തടവറകൾ ക്കുള്ളിലെ സഹോദരരെ സ്പർശിച്ച് അവർ ഒരു നവജീവിതം നയിക്കാൻ ഇടവരുത്ത ണമേ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ. ആമേൻ.

No: 4034/K-5/KCBC/OL/DS

# ജസ്റ്റിസ് സൺഡേ (നീതിഞ്ഞായർ)
# 2024 ആഗസ്റ്റ് 18
# കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 77 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങ ളേക്കാൾ വളരെ ദയനീയമാണ്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടി ക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 76 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേ ധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദളിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടികജാതി സംവരണം നിഷേധിക്കപ്പെട്ടത്.

1950 ആഗസ്റ്റ് 10ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമത വിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956ൽ സിക്ക് വിശ്വാസികളെയും 1990ൽ ബുദ്ധമത വിശ്വാസികളായ ദളിതരെയും ഈ പട്ടികയിൽ ഉൾപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം പട്ടികജാതിക്കാരെ പോലെ ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണ പങ്കാളിത്തവും ഉദ്യോഗ, വിദ്യാഭ്യാസ പ്രവേശനവും വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്ക സഭയിൽ രണ്ട് കോടി ജനങ്ങളിൽ ഒന്നരക്കോടി ജനങ്ങളും ദളിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്.

ഇവർ അനുഭവിക്കുന്ന ഈ നീതി നിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടു മാത്രമാണ്. അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോടൊപ്പം പങ്കുചേരുവാനും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നീതി നിഷേധത്തിനെതിരെ അവർക്കൊപ്പം നിൽക്കുവാനുമാണ് നീതി ഞായർ ആചരിക്കുന്നതിന്റെ ലക്ഷ്യം. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരന്മാരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും വാടകവീടുകളിൽ കഴിയുന്നവരും സ്വന്തമായി ഭവനം ഇല്ലാത്ത അംഗങ്ങളും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു ഭവനത്തിൽ തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്ത അവസ്ഥ ഈ സമൂഹത്തെ കൂടുതൽ ദുരിതത്തിന് കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ ദളിത് ക്രൈസ്തവരെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു. 1959 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചു കൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റി ക്വോട്ടയിലെ പ്രവേശനം ലഭിക്കുകയില്ല എന്നുമാത്രമല്ല ഫീസ് കൊടുത്തു പഠിക്കുകയും ചെയ്യേണ്ട സാഹചര്യം ആണ്. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണം ആണ് ദളിത് ക്രൈസ്ത വർക്ക് ലഭിക്കുക. അതിൽ തന്നെ എസ്.ഐ.യു.സി (സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ക്രിസ്ത്യൻ) വിഭാഗത്തെ കൂടെ ഉൾപ്പെട്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ഇത് തന്നെ യാണ് അവസ്ഥ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48) ക്ലാസ് IVൽ രണ്ട് ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48ഉം 62ഉം) ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് Iൽ 872 ഒഴിവുകളുമാണ് നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലവും കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും കൂട്ടുകുടുംബവുമായി താമസി ക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ കേരള കത്തോലിക്കാസഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുമാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാ വസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽ നിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചന പരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ

ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടി വരുന്നത്. ഭരണഘടന യനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ പരി ശ്രമം ആവശ്യവുമാണ്.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയ ത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

ദലിത് ക്രൈസ്ത വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വോട്ടയിലും, മാനേജ്മെന്റ് ക്വോട്ടയിലും, അഡ്മിഷൻ കിട്ടി എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവ് 2023 മാർച്ച് 23ന് കേരള സർക്കാർ ഇറക്കിയി രുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തി യിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്ത വസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന

അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10 വഞ്ചനാദിന'മായും CBCIയുടെ ആഹ്വാന പ്രകാരം 'ആഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാസഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയന വർഷം (2022-2023) എസ്.എസ്.എൽ.സി., (80%), പ്ലസ് ടു (70%), ഡിഗ്രി/ പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയ കൈവരിച്ചവർക്കുള്ള കാഷ് അവാർഡ് നൽകി. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), SSLC കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക ദിനത്തിൽ നടത്താറുള്ള സ്തോത്രകാഴ്ച ഇടവകകളിൽ നിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവകതലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**

(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**

(വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)

(വൈസ് ചെയർമാൻ, KCBC SC/ ST/ BC COMMISSION)

---

*2024 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യ ബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.*

*സർക്കുലർ 13/2024*

# മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

താമരശ്ശേരി രൂപതയുടെ ത്രിതീയ മെത്രാനായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് നമ്മെ വേർപിരിഞ്ഞിട്ട് 2024 സെപ്റ്റംബർ 6 ന് നാല് വർഷം പൂർത്തിയാകുന്നു. രൂപതയുടെ നേതൃത്വം ഏറ്റെടുത്ത നാൾ മുതൽ 13 വർഷക്കാലം ദീർഘവീക്ഷണത്തോടെ നമ്മെ നയിച്ച്, നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അഭിവന്ദ്യ പിതാവിനെ ദൈവതിരുമുൻപിൽ അനുസ്മരിക്കാനും പ്രാർഥിക്കാനും നമുക്ക് കടമയുണ്ട്.

ചിറ്റിലപ്പിള്ളി പിതാവിന്റെ ത്യാഗോജ്ജ്വലമായ ജീവിതവും പ്രയത്നവും നമ്മുടെ രൂപതയുടെ വളർച്ചയിലും പുരോഗതിയിലും വലിയ സഹായമായി. പിതാവിന്റെ സജീവമായ ഇടപെടലുകൾ രൂപതയുടെ വിവിധങ്ങളായ അജപാലനസംവിധാനങ്ങൾ രൂപപ്പെടുത്താൻ പ്രേരകമായി. ക്രിസ്തുവിനെയും സഭയെയും ആഴത്തിൽ സ്നേഹിച്ച പ്രേഷിതവര്യനായ പിതാവ് സമുദായത്തിന്റെ ഉന്നമനത്തിനായി അക്ഷീണം യത്നിച്ചു. പിതാവിലൂടെ രൂപതയ്ക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് ദൈവത്തിന് നമുക്ക് നന്ദിപറയാം.

സീറോമലബാർ സഭയുടെ തലവനായ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവാണ് ഈ വർഷത്തെ അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്. സെപ്റ്റംബർ 6-ാം തീയതി രാവിലെ 10.00 മണിക്കാണ് മേരിമാതാ കത്തീഡ്രലിൽ വി. കുർബാനയും മരണവാർഷിക ശുശ്രൂഷകളും നടക്കുന്നത്. അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കാർമ്മികനാകുന്ന ഈ വി. ബലിയിലും പ്രിയപ്പെട്ട ചിറ്റിലപ്പിള്ളി പിതാവിന്റെ ഓർമ്മയാചരണത്തിലും മുൻകൂട്ടി അറിയിച്ചതുപോലെ എല്ലാ വൈദികരും സമർപ്പിത സമൂഹങ്ങളിലെ എല്ലാ സുപ്പീരിയേഴ്സും ഇടവകയെ പ്രതിനിധികരിച്ച് കൈക്കാരന്മാരും സംബന്ധിക്കേണ്ടതാണ്.

അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ മങ്ങാത്ത സ്മരണകൾക്കു

മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ദൈവസന്നിധിയിൽ പിതാവിനുവേണ്ടി പ്രാർഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2024 സെപ്റ്റംബർ 1-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*

*പിതാവിന്റെ ചരമവാർഷികദിനത്തിൽ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും പിതാവിനുവേണ്ടി വി. കുർബാനയും ഒപ്പീസും അർപ്പിച്ച് പ്രാർഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.*



No. 4031/K-5/KCBC/OL/DS

# യുവജനദിനം ജൂലൈ 7, 2024 കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരങ്ങളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും!

കേരളസഭ 2024 യുവജനവർഷമായി ആചരിക്കുമ്പോൾ എല്ലാ വർക്കും ഈ വർഷത്തെ യുവജന ദിനത്തിന്റെ പ്രാർത്ഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന ആപ്ത വാക്യത്തെ അടിസ്ഥാനപ്പെടുത്തി ജനുവരി 7 നു തുടക്കം കുറിച്ച യുവജനവർഷത്തിൽ കേരളത്തിലെ 32 രൂപതകളും സജീവമായി പങ്കു ചേരുന്നതിൽ ഏവരെയും ആത്മാർഥമായി അഭിനന്ദിക്കുന്നു.

കേരളസഭയിലെ യുവജന പ്രസ്ഥാനങ്ങളായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, ഐക്കഫ്, ബോസ്കോ യൂത്ത്, യൂക്കരിസ്ത്യ, ഇദെന്തെ തുടങ്ങിയവയുടെ നേതാക്കൾക്കും എല്ലാ പ്രവർത്തകർക്കും അവരെ സഹഗമിക്കുന്ന എല്ലാ ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെ കരുണയും പുത്രനായ യേശുക്രിസ്തു വിന്റെ തീക്ഷ്ണതയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും നിറഞ്ഞു നിൽക്കുന്ന പ്രവർത്തനങ്ങൾ സഭയിൽ നിരന്തരം ചെയ്തുകൊണ്ടി രിക്കുന്ന യുവജനസഭയ്ക്കു പുത്തനുണർവ് പ്രദാനം ചെയ്യാൻ യുവ ജനവർഷ പ്രഖ്യാപനത്തിന് സാധിച്ചു എന്നതിൽ കേരള മെത്രാൻ സമിതിക്കു ചാരിതാർത്ഥ്യം ഉണ്ട്.

### ക്രിസ്തുവുമായുള്ള സൗഹൃദം

'നമ്മുടെ രക്ഷകനായ ക്രിസ്തു' എന്ന യുവാവായ ദൈവവുമായുള്ള സൗഹൃദമാണ് യുവജന ആത്മീയത എന്നു കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പ ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നു. സഭയ്ക്കുള്ളിലെ നമ്മുടെ യുവാക്കളുടെ ഇടപഴകലും ആത്മീയ പോഷണവും ദൈവമനുഷ്യസൗഹൃദം നിറഞ്ഞതാവണം. നമ്മുടെ യുവജനങ്ങൾ കേവലം സഭയുടെ ഭാവി മാത്രമല്ല; അവർ അതിന്റെ വർത്തമാന കാലത്തിന്റെ ഒരു സുപ്രധാന ഭാഗമാണ്. അതിനാൽ, അവരുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, അതുല്യമായ ആത്മീയ യാത്രകൾ എന്നിവയുമായി

പ്രതിധ്വനിക്കുന്നതും പരിപാലിക്കുന്നതും ഇത്തരുണത്തിൽ അനിവാര്യമാണ്. ധനികനായ യുവാവ് യേശുവിനെ സമീപിച്ചു നിത്യരക്ഷയ്ക്കുള്ള മാർഗമന്വേഷിച്ചപ്പോൾ അവനുമായുള്ള സൗഹൃദം സ്ഥാപിക്കാൻ യേശു ശ്രമിക്കുന്നുണ്ട് (മത്താ 19.16). എന്നാൽ അവനാകട്ടെ ക്രിസ്തുവെന്ന സ്വത്തിനേക്കാൾ മറ്റു പലതിനും വേണ്ടി ഏറ്റവും അമൂല്യമായ സൗഹൃദം തന്നെ വേണ്ടന്നു വച്ചു, അവസാനം വിഷാദവാനായി തിരികെപോയി (19.22). ഇത് യുവജനതയ്ക്ക് ഒരു പാഠമാണ്. യേശുക്രിസ്തുവെന്ന ഏറ്റവും മൂല്യമേറിയ സുഹൃത്തിനെ കണ്ടെത്താൻ യൗവനത്തിലേ സാധിച്ചാൽ ജീവിതം ആനന്ദപ്രദമാകും. അതിന് സഭയിൽ നടക്കുന്ന രക്ഷാകര മായ ആത്മീയ കൂദാശകളിലുള്ള സജീവ പങ്കാളിത്തവും കാരുണ്യ പ്രവർത്തികളും സാമൂഹിക സാംസ്കാരിക ഇടപെടലുകളും വിപ്ലവക രമായ മാറ്റങ്ങൾക്കായുള്ള തീക്ഷ്ണത നിറഞ്ഞ നിലപാടുകളും യുവജനങ്ങൾക്ക് ഉൾപ്രേരകങ്ങൾ ആകണമെന്ന് സഭ ആഗ്രഹിക്കുന്നു. അത് ഈ യുവജനവർഷത്തിൽ കൂടുതൽ തെളിവായി വരട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

### യുവജന സൗഹൃദ സഭ

ഈ യുവജനവർഷത്തിൽ നാം ആത്മവിമർശനത്തോടെ ചോദിക്കണ്ടത് നമ്മുടെ സഭ, ദേവാലയങ്ങൾ, സഭാസ്ഥാപനങ്ങൾ ഇവയൊക്കയും യുവജന സൗഹൃദപരമാണോ എന്നാണ്. സഭയെയും സഭാ സംവിധാനങ്ങളെയും യുവജന സൗഹൃദപരമാക്കാൻ സാധിച്ചാൽ ഈ യുവജനവർഷാചരണം സഭാനവീകരണ ത്തിന് പുതിയ മാനം നൽകും എന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ ദേവാലയങ്ങൾ യുവാക്കളെ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു യുവജനസൗഹൃദ സഭാപ്രോട്ടോകോൾ (Youth Friendly Church Protocole -YFCP) ഉണ്ടാവുന്നത് അഭികാമ്യം ആണെന്നു തോന്നുന്നു. അതിനായുള്ള ചില പ്രായോഗിക മാർഗനിർദേശങ്ങൾ താഴെ ചേർക്കുന്നു.

### സഭയുടെ ആരാധനാജീവിതത്തിൽ യുവജന പങ്കാളിത്തം

യുവാക്കളുടെ വിശാലമായ ശ്രേണിയെ ആകർഷിക്കാൻ പരമ്പരാ ഗത ആരാധനാക്രമങ്ങൾക്കൊപ്പം സമകാലീന ആരാധനാരീതികൾ ഉൾപ്പെടുത്തുക. വായനകൾ, സംഗീതം, മറ്റ് ആരാധനാപരമായ റോളുകൾ എന്നിവയിലൂടെ സേവനങ്ങളിൽ യുവജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

### യുവജന നേതൃത്വവും പങ്കാളിത്തവും

സഭാ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവജനങ്ങൾക്ക് ശബ്ദം നൽകുന്നതിന് യുവജന കൗൺസിലുകളോ ഉപദേശക സമിതികളോ സ്ഥാപിക്കുക. സഭയിലും സമൂഹത്തിലും വിവിധ റോളുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിന് നേതൃത്വ പരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുക. പള്ളികളിലെ പാസ്റ്ററൽ കൗൺസിൽ, പ്ലാനിങ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി തുടങ്ങിയവയിൽ യുവജന പ്രാതിനിധ്യം ഉറപ്പാക്കുക.

### യുവജന വിശ്വാസ പരിശീലനം

യുവജനകാറ്റിക്കിസം ആകർഷകവും നിർബന്ധവും ആക്കുക മൾട്ടിമീഡിയയും ഇന്ററാക്ടീവ് സമീപനങ്ങളും ഉപയോഗിച്ച് പ്രസക്തവും ആകർഷകവുമായ കാറ്റകാറ്റിക്കിൽ പ്രോഗ്രാമുകൾ വികസിപ്പിക്കുക. വിശ്വാസത്തിന്റെ ആഴത്തിലുള്ള പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചെറിയ ഗ്രൂപ്പ് ചർച്ചകളും സമപ്രായക്കാരുടെ നേതൃത്വത്തിൽ ബൈബിൾ, യുക്യാറ്റ്, ഡുക്യാറ്റ് പഠന ശിബിരങ്ങൾ സംഘടിപ്പിക്കുക.

### സുരക്ഷിതവും സ്വാഗതാർഹവുമായ അന്തരീക്ഷം

എല്ലാ യുവാക്കളുടെയും ക്ഷേമം സംരക്ഷിക്കുന്നതിന് സമഗ്രമായ സുരക്ഷാ നയങ്ങൾ നടപ്പിലാക്കുക. സാമൂഹികവൽക്കരണത്തിനും അനൗപചാരിക ഒത്തുചേരലുകൾക്കുമുള്ള മേഖലകൾ ഉൾപ്പെടെ, യുവജന സൗഹൃദമായ, സ്വാഗതാർഹമായ ഭൗതിക ഇടങ്ങൾ (സംഘടനാ കാര്യാലയങ്ങൾ) സൃഷ്ടിക്കുക. രൂപതകളിലും ദേവാലയങ്ങളിലും യുവജനങ്ങൾക്ക് കൂടിവരാനായി യൂത്ത് സെന്ററുകൾ ഉണ്ടാവുക.

### സമുദായ സേവനവും സാമൂഹിക നീതിയും

ഗവൺമെന്റുകളുടെയും സഭയുടെയും സാമൂഹിക സേവനപദ്ധതികളിലും സാമൂഹിക നീതി സംരംഭങ്ങളിലും പങ്കെടുക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുക. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും ഉപവി പ്രവൃത്തികളിലൂടെയും സുവിശേഷം ജീവിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിക്കുക.

### മുതിർന്നവരുടെ മെന്റർഷിപ്പും വൈദികരുടെ അജപാലന സഹഗമനവും ഉറപ്പാക്കൽ

മാർഗനിർദേശത്തിനും പിന്തുണയ്ക്കുമായി യുവാക്കളെ സഭയിലെ മുതിർന്ന അംഗങ്ങളുമായി സംവദിക്കുന്ന മെന്റർഷിപ്പ് പ്രോഗ്രാമുകൾ നടത്തുക. യുവാക്കളുടെ കാലികമായ വെല്ലുവിളികൾക്കും ആശങ്കകൾക്കും അനുസൃതമായി അവർക്കു തുറന്ന മനസ്സോടെയുള്ള അജപാലന പരിചരണം നൽകുക. യുവജന അജപാലന ശുശ്രൂഷ നിർബന്ധമാക്കുകയും അതിനായി സെമിനാരികളിൽ കാര്യക്ഷമമായ പരിശീലനപരിപാടികൾ നടത്തുകയും ചെയ്യുക.

### സാങ്കേതികവിദ്യയുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം

മീഡിയ അസിസ്റ്റഡ് മിനിസ്ട്രി (MAM) യുവാക്കൾ ഏറ്റവും സജീവമായ ഇടങ്ങളിൽ അവരുമായി ഇടപഴകുന്നതിന് സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കൃത്യമായി ഉപയോഗിക്കുക. വ്യക്തിഗത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓൺലൈൻ ഉറവിടങ്ങളും വെർച്വൽ കമ്മ്യൂണിറ്റികളും വാഗ്ദാനം ചെയ്യുക.

### യുവജന സൗഹൃദ കുടുംബങ്ങൾ

വീടിനുള്ളിൽ യുവാക്കളുടെ വിശ്വാസ വികാസത്തെ പിന്തുണയ് ക്കുന്നതിന്

മാതാപിതാക്കളും രക്ഷിതാക്കളുമായും പങ്കാളിത്തം വളർത്തുക. സഭയും കുടുംബജീവിതവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന കുടുംബാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുക.

### യുവജന സൗഹൃദ സഭാസ്ഥാപനങ്ങൾ

ഇടവകാതിർത്തിയിലെ സഭാസ്ഥാപനങ്ങൾ യുവജനശുശ്രൂഷ മേഖലകളായി മാറാനും അവരുടെ കലാകായിക പരിശീലനവേദികളാക്കി മാറ്റാനുമുള്ള പദ്ധതികൾ അതതു സ്ഥലത്തെ സന്യസ്ത ഭവനങ്ങളുടെ വിഭവശേഷികൾ യുവജന ശുശ്രൂഷയിൽ പങ്കുചേർക്കുക.

### രൂപതയിൽ യുവജന ഡേറ്റ ബാങ്ക്

രൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വിവരശേഖരണം, ആ വിവരങ്ങളുടെ ശാസ്ത്രീയമായ വിശകലനം, അതിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകപദ്ധതികൾ എന്നിവ **യുവജന സൗഹൃദ സഭ** എന്ന ദർശനത്തിലേക്കു കേരള സഭയെ നയിക്കും

### യുവജനശുശ്രൂഷക്കായി നീതിപൂർവകമായ സാമ്പത്തിക ഓഹരി ബഡ്ജറ്റിൽ ഉൾപ്പെടുത്തൽ

### നിർവഹണവും വിലയിരുത്തലും

ഈ പ്രോട്ടോക്കോളുകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഓരോ രൂപതയുടെയും യുവജന മന്ത്രാലയ കോ-ഓർഡിനേറ്ററെ നിയമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. യുവാക്കളെ ഫലപ്രദമായി പിന്തുണയ്ക്കാൻ അവർ സജ്ജരാണെന്ന് ഉറപ്പാക്കാൻ വൈദികർക്കും സാധാരണ നേതാക്കൾക്കും നിരന്തരമായ പരിശീലനവും ശിൽപശാലകളും നൽകണം. കൂടാതെ, നമ്മുടെ സമീപനങ്ങൾ തുടർച്ചയായി പരിഷ്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യുവാക്കളിൽ നിന്നും അവരുടെ കുടുംബങ്ങളിൽ നിന്നുമുള്ള ആനുകാലിക വിലയിരുത്തലുകളും ഫീഡ്ബാക്കും അത്യന്താപേക്ഷിതമാണ്.

ഉപസംഹാരമായി, യുവജന സൗഹൃദസഭകൾ സൃഷ്ടിക്കുന്നത് കേവലം ഘടനാപരമായ ഒരു സംരംഭമല്ല; അത് യുവജന അജപാലനത്തിന്റെ അനിവാര്യതയാണ്. ഈ പ്രോട്ടോക്കോളുകളും മാർഗനിർദേശങ്ങളും സ്വീകരിക്കുന്നതിലൂടെ, നമ്മുടെ യുവജനങ്ങളുടെ വിശ്വാസം പരിപോഷിപ്പിക്കുന്നതിനുള്ള സഭയുടെ പ്രതിബദ്ധത ഉറപ്പിക്കുന്നു. ക്രിസ്തു നായിനിലെ വിധവയുടെ മകനോട് പറഞ്ഞതു പോലെ, (ലൂക്കാ 7, 11-17) ജായ്റോസിന്റെ മകളോട് പറഞ്ഞതുപോലെ, (ലൂക്ക 8, 40-56) കേരളസഭ തന്റെ യുവതയോടു 'യുവാവേ, യുവതീ എഴുന്നേൽക്കു' എന്നു പറയുന്നു. ഏശയ്യ പ്രവാചകനിലൂടെ ഇസ്രായേൽ ജനത്തോട് പറഞ്ഞതുപോലെ പറയുന്നു, 'ഉണർന്നു പ്രശോഭിക്കൂ' (ഏശയ്യ 60.1). അങ്ങനെ അവർ നമ്മുടെ സഭാ സമൂഹത്തിന്റെ അവിഭാജ്യവും തേജസ്സുറ്റതുമായ ഘടകമാണെന്ന് ഉറപ്പാക്കുന്നു. ഈ സുപ്രധാന ദൗത്യം ഏറ്റെടുക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിനായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ യുവജനങ്ങളെ,

ക്രിസ്തുവിനോടും അവിടുത്തെ സഭയോടും അടുപ്പിക്കുന്ന സഭയുടെ പ്രയത്നങ്ങൾ അവരുടെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. ഒരു യുവജന സൗഹൃദസഭയായി കേരളസഭ മാറട്ടെ. അതിനായി നമ്മെ ഏവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

*സർക്കുലർ 12/2024*

# അഖണ്ഡ ജപമാല സമർപ്പണം 2024

മിശിഹായിൽ പ്രിയപ്പെട്ടവരേ,

താമരശ്ശേരി രൂപതയുടെ നവീകരണ കേന്ദ്രമായ ബഥാനിയായിൽ അഖണ്ഡ ജപമാല സമർപ്പണം 23-ാം വർഷത്തിലേക്ക് പ്രവേശി ക്കുകയാണ്. രാത്രിയും പകലുമായി 101 ദിനങ്ങളിൽ നടക്കുന്ന നിത്യാ രാധനയും പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുള്ള ജപമാലയുമാണ് ഈ ദിവസങ്ങളിലെ സവിശേഷത. അനേകായിരങ്ങളുടെ ജീവിതത്തിലും കുടുംബത്തിലും ഈ ജപമാല സമർപ്പണം അനുഗ്രഹത്തിന്റെ ആത്മീയവിരുന്നായതിന് ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നു. ഈ വർഷം ജൂലൈ 18 ന് ആരംഭിക്കുന്ന അഖണ്ഡ ജപമാല സമർപ്പണം ഒക്ടോബർ 26 ന് സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ നാളുകളിലേതുപോലെ പ്രത്യേക പ്രാർത്ഥനാവശ്യങ്ങൾ പ്രസ്തുത ദിവസങ്ങളിൽ പരിശുദ്ധ അമ്മയുടെ മുൻപാകെ അർപ്പിക്കുന്നുണ്ട്. ഈ വർഷം ലോകസമാധാനവും കുടുംബ വിശുദ്ധീകരണവുമാണ് നാം നിയോഗമായി അർപ്പിക്കുന്നത്.

അസ്വസ്ഥതതയും ആകുലതയും അസമാധാനവും നിറഞ്ഞ സാഹചര്യങ്ങളിലൂടെ ലോകം ഇന്ന് കടന്നുപോകുന്നു. യുദ്ധഭീഷണികൾക്കും ആഭ്യന്തര കലഹങ്ങൾക്കും മത വർഗീയ സംഘർഷങ്ങൾക്കുമൊപ്പം പ്രാദേശിക ഭിന്നതകളും എല്ലായിടത്തും രൂക്ഷമായിരിക്കുന്നു. സാധാരണക്കാരുടെ ജീവിതത്തെയാണ് ഇവയെല്ലാം സാരമായി ബാധിക്കുന്നത്. ആഭ്യന്തരയുദ്ധങ്ങളും ഭീകരവാദ പ്രവർത്തനങ്ങളുംമൂലം

അനേകം കുടുംബങ്ങൾ ഇന്ന് ഭവനരഹിതരായി അന്യദേശത്തേക്ക് പലായനം ചെയ്യുന്നു. ലക്ഷക്കണക്കിന് നിരപരാധികൾ ഇതിനൊടകംതന്നെ നിഷ്ക്കരുണം വധിക്കപ്പെട്ടു. വർഗീയ സംഘർഷങ്ങളും വംശഹത്യകളും അവയോടൊപ്പം നിർബാധം നടക്കുന്നുണ്ട്. രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷവും വ്യക്തികളുടെ ഇടയിലുള്ള പോർവിളികളും നിറഞ്ഞുനിൽക്കുന്ന ഈ ലോകത്ത് ഈശോയുടെ വചനങ്ങൾ നമുക്കെന്നും ശക്തിതരട്ടെ: “എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു... നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട” (യോഹ 14,27). ഈ പ്രത്യാശയിൽ ആശ്രയിച്ച് കർത്താവ് വാഗ്ദാനം ചെയ്യുന്ന സമാധാനം സ്വീകരിക്കാനും മാനവരാശിക്ക് വേണ്ടി മാധ്യസ്ഥം വഹിക്കാനും അഖണ്ഡ ജപമാലയുടെ ദിവസങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താം.

ലോകസമാധാനത്തിനായി പ്രാർത്ഥിക്കാനുള്ള അവസരം ജപമാലയുടെ സന്ദർഭത്തിൽ ബഥാനിയായിൽ ഒരുക്കുന്നുണ്ട്. വിശുദ്ധ കുർബാനയിലെ ഈ പ്രാർത്ഥന എത്രയോ അർത്ഥപൂർണമാണ്: ‘യുദ്ധങ്ങൾ ഒഴിവാക്കണമേ, യുദ്ധപ്രിയരായി ഭിന്നിച്ചുനിൽക്കുന്ന ജനതകളെ ചിതറിക്കണമേ, വിനയത്തിലും ദൈവഭയത്തിലും സമാധാനപൂർവകവും ശാന്തവുമായ ജീവിതം നയിക്കുവാൻ ഞങ്ങൾക്കിടയാകട്ടെ’. ഈ അപേക്ഷയോടെ അഖണ്ഡ ജപമാല ദിവസങ്ങളിൽ പരിശുദ്ധ അമ്മയുടെ സഹായം തേടുവാൻ നിങ്ങൾ എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. ലോകം മുഴുവനും സഭയിലും കുടുംബത്തിലും കർത്താവിന്റെ സമാധാനവും കരുണയും ലഭിക്കാൻ പരിശുദ്ധ അമ്മയുടെ കരംപിടിച്ച് പ്രാർത്ഥിക്കാനുള്ള നമ്മുടെ കടമ ഫ്രാൻസിസ് മാർപാപ്പയും ഓർമിപ്പിക്കുന്നുണ്ട്. ലോകസമാധാനം എന്ന ദൈവദാനം കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യത്താൽ സ്വന്തമാക്കാൻ രൂപതയുടെ ആത്മീയ കേന്ദ്രമായ ബഥാനിയ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

അന്യാദൃശ്യമായ വെല്ലുവിളികൾക്കും സാംസ്കാരിക മാറ്റങ്ങൾക്കും ആധുനിക കുടുംബങ്ങൾ കീഴ്പെടുകയാണ്. വർദ്ധിച്ചു വരുന്ന കുടിയേറ്റവും ഒറ്റപ്പെടലിന്റെ വേദനപേറുന്ന വാർധക്യവും എന്നും സാമൂഹികവും അജപാലനപരവുമായ വെല്ലുവിളിയാണ്. മദ്യവും മയക്കുമരുന്നും യുവതലമുറയിൽ പിടിമുറുക്കിയിരിക്കുന്നു. ജീവന്റെ സംസ്കാരത്തെയും കുടുംബമൂല്യങ്ങളെയും നിസാരവത്കരിക്കുന്ന പ്രവണത വർദ്ധമാനമാകുന്നു. ദൈവം സമ്മാനമായി നല്കുന്ന കുഞ്ഞുങ്ങളെ സന്തോഷപൂർവം സ്വീകരിക്കാനുള്ള വിമുഖത ഇന്ന് അതിശക്തമാണ്. ഈയവസരത്തിൽ, കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥനയുടെ കരമുയർത്താനുള്ള കടമ നമുക്കോരോരുത്തർക്കുമുണ്ട്. “ദൈവത്തിന് ഒന്നും അസാധ്യമല്ല” (ലൂക്കാ 1,37) എന്ന ക്രിസ്തുവചനത്തിൽ ശരണപ്പെട്ടുകൊണ്ട് കുടുംബ വിശുദ്ധീകരണത്തിനായി അഖണ്ഡ ജപമാല ദിവസങ്ങളിൽ നമുക്ക് പ്രാർത്ഥിക്കാം. ലൂർദ്ദിലും ഫാത്തിമായിലും ഉൾപ്പെടെ പരിശുദ്ധ അമ്മയുടെ പ്രത്യക്ഷപ്പെടലുകളിൽ കുടുംബ നവീകരണത്തിനായി പ്രാർത്ഥിക്കാൻ സഭാമക്കളോട് അമ്മ യാചിക്കുകയാണ്. അഖണ്ഡ ജപമാല ദിനങ്ങളിൽ ഈ നിയോഗം ദൈവതിരുമുൻപിൽ അർപ്പിച്ച് പ്രാർത്ഥിക്കാനുള്ള സൗകര്യം ബഥാനിയായിൽ ഒരുക്കുന്നുണ്ട്.


തിരുകുടുംബത്തിന്റെ മാതൃകയിൽ ക്രൈസ്തവ കുടുംബങ്ങൾ വളർന്നുവരുന്നതിന് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം എന്നും നമുക്ക് പ്രോത്സാഹനമാകട്ടെ.

ഒരു കുടുംബമെന്ന നിലയിൽ നമ്മുടെ രൂപതക്ക് ദൈവാനുഗ്രഹത്തിന്റെ ദിവസങ്ങളാണ് അഖണ്ഡ ജപമാലയുടെ അവസരം. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിനായി അനേകായിരങ്ങൾ ബഥാനിയായിൽ എത്തുമ്പോൾ രൂപതയിൽ നാം ഒരു കുടുംബമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. മുൻകാലത്തെപോലെ ഈ വർഷവും നമ്മുടെ എല്ലാ ഇടവകകളുടെയും പങ്കാളിത്തം ബഥാനിയായിൽ ഉണ്ടാകണം. കുടുംബ കൂട്ടായ്മകൾ, ഭക്ത സംഘടനകൾ, വിവിധ ഗ്രൂപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പരമാവധി ആളുകൾ ജപമാല ദിവസങ്ങളിൽ ബഥാനിയായിലൂടെ കടന്നുപോകണമെന്ന് അഭ്യർത്ഥിക്കുന്നു. കുടുംബാംഗങ്ങൾ ഒന്നിച്ച് ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുക്കുന്നത് ഉചിതമാണ്. അടുത്തുള്ള ഇടവകകളിൽ നിന്നും പരിഹാര ചൈതന്യത്തോടെ കാൽനടയായിജപമാല ചൊല്ലി തീർത്ഥാടനത്തിന് എത്തുന്ന പതിവ് തുടർന്നും പ്രോൽസാഹിപ്പിക്കാൻ എല്ലാവരും പ്രത്യേക താൽപര്യവും ശ്രദ്ധയും കാണിക്കുമല്ലോ.

ജൂലൈ 18 ന് ആരംഭിച്ച് ഒക്ടോബർ 26 ന് അവസാനിക്കുന്ന അഖണ്ഡ ജപമാല സമർപ്പണത്തിൽ നാടിനും സഭയ്ക്കും രൂപത മുഴുവനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ സഭ നേരിടുന്ന വെല്ലുവിളികളെയും ഏറെ പ്രത്യേകമായി നമ്മുടെ മാതൃസഭ അഭിമുഖികരിക്കുന്ന പ്രതിസന്ധികളേയും അതിജീവിക്കാനുള്ള കൃപയ്ക്കായി അപേക്ഷിക്കാം. കാർഷികമേഖല നേരിടുന്ന തളർച്ചയെ തരണംചെയ്യാനും പരിശുദ്ധ അമ്മയുടെ സഹായം തേടാം. നിശ്ചിത യോഗ്യതയോടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നവർക്ക് ദണ്ഡ വിമോചനം ലഭിക്കുമെന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ അഖണ്ഡ ജപമാല യജ്ഞത്തിലൂടെ സ്വന്തമാക്കാൻ നമുക്ക് പ്രചോദനമാകട്ടെ.

കുടുംബങ്ങളുടെ നാഥയായ പരിശുദ്ധ കന്യകാമറിയവും സഭാസംരക്ഷകനായ വി. യൗസേപ്പിതാവും രൂപത മധ്യസ്ഥയായ വി. അൽഫോൻസാമ്മയും നമുക്ക് വേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഇടയലേഖനം*

# ദുക്റാന തിരുനാൾ - സഭാദിനം 2024

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ നിറഞ്ഞു നില്ക്കുന്ന ദുക്റാനതിരുനാളിനോടനുബന്ധിച്ചു നിങ്ങളെല്ലാവരെയും ഈ ഇടയലേഖനത്തിലൂടെ അഭിസംബോധന ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങളായി നമ്മൾ ഈ ദിവസം സീറോമലബാർ സഭാദിനമായി ആചരിച്ചുവരികയാണ്. ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ തിരുവിലാവിലെ മുറിവിന്റെ ദർശനത്തിൽനിന്നു മാർതോമാശ്ലീഹാ നടത്തിയ എന്റെ കർത്താവേ എന്റെ ദൈവമേ എന്ന വിശ്വാസപ്രഖ്യാപനം അപ്പസ്തോലന്റെ സുവിശേഷപ്രഘോഷണമായി മാറിയതിലൂടെ രൂപംകൊണ്ടതാണ് നമ്മുടെ സഭ. ദുക്റാനത്തിരുനാൾദിവസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുക മാത്രമല്ല, അപ്പസ്തോലന്റെ ചുടുനിണത്തിൽ ഹൃദയം കൊണ്ടുതൊട്ട് ഈശോയിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞ് അരക്കിട്ടുറപ്പിക്കുന്ന വൈകാരികമായ വിശ്വാസാനുഭവങ്ങളുടെ ദിവസം കൂടിയാണത്. തോമാശ്ലീഹായിലൂടെ സുവിശേഷത്തിന്റെ വെളിച്ചവും സന്തോഷവും ധൈര്യവും നമുക്കു നല്കിയ ദൈവപരിപാലനയ്ക്ക് ഈ തിരുനാൾ ദിവസം നമുക്കു പ്രത്യേകം നന്ദിപറയാം.

സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം എന്റെ മുൻഗാമികൾ ചെയ്തതുപോലെ സാർവത്രികസഭയുടെ തലവനായ പരിശുദ്ധ മാർപാപ്പയോട് ആദരവും വിധേയത്വവും പ്രകടിപ്പിക്കാൻ 2024 മെയ് മാസം ഞാൻ റോമിൽ പോയിരുന്നു. പെർമനന്റ് സിനഡ് അംഗങ്ങളോടും സഭയുടെ കൂരിയാബിഷപ്പിനോടും റോമിലെ പ്രൊക്യുറേറ്ററിനോടുംകൂടെ മെയ് 13-ാം തീയതിയാണ് ഫ്രാൻസീസ് മാർപാപ്പയെ സന്ദർശിച്ചത്. വലിയ സന്തോഷത്തോടും സ്നേഹത്തോടും കൂടെ ഞങ്ങളെ സ്വീകരിച്ച പരിശുദ്ധ പിതാവ് ഞങ്ങളെ കണ്ടപ്പോഴും തുടർന്നു റോമിലെ സീറോ

മലബാർസഭാംഗങ്ങളുടെ പ്രതിനിധികളെ അഭിസംബോധനചെയ്തു നടത്തിയ പ്രസംഗത്തിലും സീറോമലബാർസഭയെക്കുറിച്ചു പറഞ്ഞ നല്ല കാര്യങ്ങൾ നമുക്കുള്ള അംഗീകാരവും പ്രോത്സാഹനവുമായിരുന്നു. നമ്മുടെ സഭയോടുള്ള പരിശുദ്ധ പിതാവിന്റെ കരുതലിനും വാത്സല്യത്തിനും നന്ദിപറയുന്നതോടൊപ്പം പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തിനുവേണ്ടിയും എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാനും എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ മെയ് 13-ാം തീയതി നടത്തിയ പ്രസംഗത്തിലെ ചിലകാര്യങ്ങൾ ദുക്റാനാതിരുനാളിന്റെയും സഭാദിനാഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ വിചിന്തനവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, നമ്മുടെ സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തെക്കുറിച്ചു നാം അവബോധമുള്ളവരും അതിൽ അഭിമാനിക്കുന്നവരുമാകണം. മാർപാപ്പ ഇപ്രകാരം പറഞ്ഞു: ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്. നമ്മുടെ സഭയുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതികൂല സാഹചര്യങ്ങളിലും പത്രോസിന്റെ പിൻഗാമിയോടു നമ്മൾ എന്നും അചഞ്ചലമായ കൂറുപുലർത്തിയിട്ടുണ്ട് എന്നു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ എന്നും നിലനിന്ന നമ്മുടെ ത്യാഗപൂർണമായ വിശ്വസ്തതയ്ക്കുള്ള അംഗീകാരമായി കണക്കാക്കാം.

നമ്മുടെ പൂർവപിതാക്കന്മാർ കടന്നുപോയ എല്ലാ സഹനങ്ങളിലും സഭാസംവിധാനങ്ങളോടു ചേർന്നുനിന്ന് അനുസരിച്ചതുകൊണ്ടാണ് പൗരസ്ത്യ സഭകളുടെയിടയിൽ സീറോമലബാർസഭ ഇന്ന് എണ്ണത്തിലും വിശ്വാസതീഷ്ണതയിലും പ്രേഷിതപ്രവർത്തനത്തിലും പ്രശംസിക്കപ്പെടുന്ന വിധത്തിൽ വളർച്ച പ്രാപിച്ചത്. അനൈക്യവും അനുസരണക്കേടും വിതച്ച വലിയ വിപത്തുകളെ നേരിട്ടവരും അതിന്റെ തിക്തഫലങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരുമാണു നമ്മൾ. സഭാധികാരികളോടുള്ള അനുസരണം കത്തോലിക്കർ ജീവിക്കേണ്ട ഒരു പുണ്യമാണ്. അതോടൊപ്പം, നൈയാമികമായി പറഞ്ഞാൽ ഒരു സഭയെന്നവിധത്തിൽ അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരുമാണ്. കഴിഞ്ഞ രണ്ടായിരത്തിലധികം വർഷങ്ങളിലൂടെ പ്രതിസന്ധികൾക്കിടയിലും ഇടമുറിയാത്ത അപ്പസ്തോലിക പാരമ്പര്യത്തിൽ നമ്മെ നയിച്ച ദൈവത്തിനു നന്ദിപറയാം. ഈ അപ്പസ്തോലിക പാരമ്പര്യം ഒരു വലിയ നിധിപോലെ സൂക്ഷിക്കുകയും തലമുറകൾക്കു കൈമാറുകയും ചെയ്യേണ്ടതാണെന്ന ഉത്തരവാദിത്വം നമുക്കു മറക്കാതിരിക്കാം.

രണ്ടാമതായി, നമ്മുടെ സഭയുടെ ആഗോളസാന്നിധ്യവും പ്രേഷിതപ്രവർത്തനങ്ങളുമാണു നമ്മൾ ചിന്തിക്കുന്നത്. പരിശുദ്ധ പിതാവ് ഇങ്ങനെ പറഞ്ഞു: നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്. ഇരുപതാം നൂറ്റാ ണ്ടുവരെ പ്രധാനമായും കേരളത്തിൽ ഒതുങ്ങിയ നമ്മുടെ സഭ ഇന്ന് ആഗോളസാന്നിധ്യമുള്ള ഒരു സഭയായി വളർന്നുവെന്നത് അഭിമാനകരംതന്നെ. കഴിഞ്ഞ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്കു കടന്നുചെന്ന സഭാമക്കൾ നമ്മുടെ കർത്താവിലുള്ള വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാനും അവരായിരിക്കുന്ന ദേശങ്ങളിൽ തീഷ്ണതയോടെ ജീവിക്കാനും കലർപ്പില്ലാതെ തലമുറകൾക്കു കൈമാറാനും കാണിക്കുന്ന പ്രതിബദ്ധത പ്രശംസനീയമാണ്. ആഗോള കുടിയേറ്റത്തിന്റെ ഈ കാലഘട്ടത്തിൽ ഈ പ്രേഷിതവേല തുടരാൻ പ്രവാസികൾ തുടർന്നും പ്രതിബദ്ധരാകണം.

ഭാരതം മുഴുവനിലും ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളിലും സീറോമലബാർസഭയ്ക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ രൂപപ്പെടുത്താൻ ചരിത്രപരമായ തീരുമാനങ്ങളെടുത്ത ഫ്രാൻസിസ് മാർപാപ്പ ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ സഭയ്ക്ക് അജപാലനശുശ്രൂഷചെയ്യുന്നതിനുള്ള അനുവാദം വാക്കാൽ നല്കിയത് ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ അഞ്ചുലക്ഷത്തിലധികംവരുന്ന വിശ്വാസികൾക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ കാലതാമസം കൂടാതെ രൂപപ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം.

ആഗോളകുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ പഠനത്തിനും ജോലിക്കും മെച്ചമായ ജീവിതസൗകര്യങ്ങൾക്കുംവേണ്ടി നമ്മുടെ മക്കളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ നമ്മുടെ സഭയുടെ തനതായ പൈതൃകം കാത്തുസൂക്ഷിക്കാൻ ആഗോളസഭയുടെ തലവൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയംഭരണാവകാശമുള്ള സഭയോടു ചേർന്നുനില്ക്കാൻ സീറോ മലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു നമ്മുടെ സഭയുടെ ആരാധനാക്രമവും വിശ്വാസപാരമ്പര്യങ്ങളും മുറുകെപിടിക്കാനും അഭിമാനത്തോടെ അതു ജീവിക്കാനും എല്ലാവരും പരിശ്രമിക്കണമെന്നും സഭാമക്കളെ സഭാസംവിധാനത്തോടു ചേർത്തുനിറുത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സീറോമലബാർ സഭാമക്കളെന്നനിലയിലുള്ള സ്വത്വബോധ

ത്തിൽ ആഴപ്പെട്ടുവളരാൻ ചില സങ്കുചിതചിന്തകൾ വെടിയേണ്ടിവരും. സഭ വളരുന്നതു പ്രാദേശികമായിട്ടാണെന്നത് യാഥാർഥ്യമാണ്. എന്നാൽ, ആഗോള തലത്തിൽ ഒരു കരുത്തുറ്റ സഭയായി സീറോമലബാർസഭ ഇനിയും വളരാൻ വിശാലമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

മൂന്നാമതായി, നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിശ്വാസപരിശീലനത്തിലെ പ്രതിബദ്ധതയെയുംകുറിച്ച് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏറ്റവും വലിയ സമ്പത്ത് നമ്മുടെ കുടുംബങ്ങളാണ്. ആത്മീയതയിലും അദ്ധ്വാനത്തിലും അടിസ്ഥാനമിട്ട നമ്മുടെ കുടുംബങ്ങൾ കൂടിചേരുന്നതാണ് സഭയാകുന്ന വലിയ കുടുംബം. കുടുംബങ്ങളിലാരംഭിക്കുന്ന വിശ്വാസപരിശീലനം ഇടവകകളിലെ മതബോധനക്ലാസ്സുകളിലൂടെയും കുടുംബകൂട്ടായ്മകളിലൂടെയും  സംഘടനാപ്രവർത്തനങ്ങളിലൂടെയും ശക്തിപ്പെടേണ്ടതുണ്ട്. കാലത്തിന്റെയും സംസ്ക്കാരത്തിന്റെയും പ്രലോഭനങ്ങളിൽ വീണുപോകാത്തവിധത്തിൽ വിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനമിടാൻ പുതിയ തലമുറയിലെ കുടുംബങ്ങളെ ശക്തിപ്പെടുത്തണം. ഈശോ നാഥനും ഏക രക്ഷകനുമാണെന്നു  ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും അതുവഴി സഭ മുഴുവനും ഏതുസാഹചര്യത്തിലും സാധിക്കേണ്ടതുണ്ട്.

ദൈവം നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വൈദികരും സമർപ്പിതരും ലോകമെമ്പാടും ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നുമുണ്ട്. സുവിശേഷപ്രഘോഷണ ദൗത്യം പ്രത്യേകമായ വിധത്തിൽ സ്വീകരിച്ചു വിവിധ മേഖലകളിൽ ശുശ്രൂഷചെയ്യുന്ന അല്മായസഹോദരങ്ങളെയും  ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു. ഈ ദൈവവിളികളെയെല്ലാം പ്രോത്സാഹിപ്പിക്കാനും കഴിയുന്ന വിധത്തിലെല്ലാം സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു പ്രത്യേകമായി പരിശ്രമിക്കാം. അതുപോലെ യുവജനങ്ങളെ പ്രത്യേകം ശ്രവിക്കാനും അവരുടെ കൂടെനടക്കാനും ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കാനും അജപാലകർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഴപ്പെടലും സാക്ഷ്യത്തിന്റെ ശക്തിയുമാണു സഭയുടെ ഭാവിയെന്നതു യുവജനങ്ങളും സഭാശുശ്രൂഷകരും ഒരുപോലെ  ഓർമിക്കേണ്ടതാണ്.

ഈശോയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലന എന്നും നമ്മോടൊപ്പമുണ്ട്. പരിശുദ്ധപിതാവിന്റെ വാക്കുകൾ

ഞാൻ ആവർത്തിക്കട്ടെ: ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അഭിമാനത്തോടെ വ്യാപരിച്ചുകൊണ്ട്, അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമായ നമുക്കു നമ്മുടെ സഭയുടെ മഹത്തായ പൈതൃകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ തിളക്കത്തോടെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തിയും വിശ്വാസപരിശീലനസംരംഭങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തും ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും യുവജനങ്ങളെ ചേർത്തുപിടിച്ചും ഈ കാലഘട്ടത്തിന്റെ ദുർഘടമായ വഴികളിലൂടെ സ്വർഗോന്മുഖരായി നമുക്കു യാത്ര തുടരാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാ മറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹാ യുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ജൂൺ മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

# കച്ചേരിക്കാര്യം

**1. പുതിയ നിയമനങ്ങളും സ്ഥലം മാറ്റവും**

Rev. Fr. George Vellackakudiyil - Assistant Director, Media Communication

Rev. Fr. Mathew Mangalamadathil - Assistant Director, OASIS Senior Care Home

**2. വൈദികദിനം – ആഗസ്റ്റ് 4**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതിയാണല്ലോ. ലോകം മുഴുവനിലുമുള്ള വൈദികർക്കുവേണ്ടി, പ്രത്യേകിച്ച് അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

**3. വൈദിക ക്ഷേമനിധി**

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ചയായി സ്വീകരിച്ച് എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**4. വൈദികദിന കൂട്ടായ്മ**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ബഹു. വൈദികരുടെ സൗഹൃദ സമ്മേളനം താമരശ്ശേരി സെന്റ് അൽഫോൻസ സ്കൂളിൽ വെച്ച് നടത്തുന്നു. ആഗസ്റ്റ് 1-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4.30 ന് ബഹു. അച്ചന്മാരെല്ലാവരും അൽഫോൻസ സ്കൂളിൽ എത്തിച്ചേരുകയും അത്താഴത്തോടെ പരിപാടികൾ സമാപിക്കുകയും ചെയ്യുന്നതാണ്.

**5. പതിനഞ്ച് നോമ്പ്**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് മുന്നോടിയായി നമ്മുടെ സഭയിൽ പതിനഞ്ച് നോമ്പ് ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിക്കുന്ന പാരമ്പര്യം ഉണ്ടല്ലോ. ഇക്കാര്യം ദൈവജനത്തെ അറിയിക്കുകയും തീഷ്ണതയോടെ നോമ്പാചരണം നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

### 6. തടവറ പ്രേഷിതദിനം

ആഗസ്റ്റ് 11-ാം തീയതി കേരളസഭ തടവറ പ്രേഷിതദിനമായി ആചരിക്കുന്നു. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച തടവറ പ്രേഷിത പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 7. ജസ്റ്റിസ് സൺഡേ

ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയായി സഭ ആചരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ദളിത് ക്രൈസ്തവരുടെ സമുദ്ധാരണത്തിനുവേണ്ടിയുള്ളതാകയാൽ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 8. ദൈവാലയ ശുശ്രൂഷികളുടെ സമ്മേളനം -സെപ്റ്റംബർ 4

നമ്മുടെ രൂപതയിലെ ഇടവകകളിൽ സേവനം ചെയ്യുന്ന ദൈവാലയ ശുശ്രൂഷികളുടെ സമ്മേളനം 2024 സെപ്റ്റംബർ 4-ാം തീയതി ബുധനാഴ്ച രൂപതാഭവനിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 10.30 ന് ആരംഭിച്ച് ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ സമ്മേളനത്തിലേക്ക് ശുശ്രൂഷികളെ പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 9. അക്കൗണ്ടന്റ്മാരുടെ സമ്മേളനം – സെപ്റ്റംബർ 5

ഇടവകകളിൽ സേവനം ചെയ്യുന്ന അക്കൗണ്ടന്റ്മാരുടെ സമ്മേളനം 2024 സെപ്റ്റംബർ 5-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മുതൽ ഉച്ചവരെ രൂപതാഭവനിൽ വെച്ച് നടത്തപ്പെടുന്നു. ഇടവകകളിലെ കണക്കുകൾ കൈകാര്യം ചെയ്യുന്ന എല്ലാ അക്കൗണ്ടന്റ്മാരും ഈ സമ്മേനത്തിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 10. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ചരമവാർഷികദിനം – സെപ്റ്റംബർ 6

സെപ്റ്റംബർ 6 ന് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 4-ാം ചരമവാർഷികദിനമാണ്. സെപ്റ്റംബർ 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും ശുശ്രൂഷകളും നടക്കുന്നു. തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുന്നത് സീറോ മലബാർ സഭയുടെ തലവനായ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവാണ്. ബഹു. വൈദികരും സമർപ്പിതരും കൈക്കാരന്മാരും കൂടാതെ സാധിക്കുന്ന ദൈവജനവും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

### 11. പ്രസ്ബിറ്ററൽ കൗൺസിൽ

വൈദിക സമിതിയുടെ സമ്മേളനം രൂപതാഭവനിൽ വെച്ച് 2024 സെപ്റ്റംബർ 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മുതൽ വൈകുന്നേരം 4 മണി

വരെ നടത്തപ്പെടുന്നു. ബഹു. അംഗങ്ങൾ എല്ലാവരും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### 12. ആദരാഞ്ജലികൾ

ബഹു. ജോസ് കരോട്ടുഴുന്നാലിൽ അച്ചന്റെ പിതാവ് **ജോർജ് കരോട്ടുഴുന്നാലിൽ (85)** 2024 ജൂലൈ 19 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജൂലൈ 20-ാം തീയതി പനംപ്ലാവ് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. ജെയിംസ് വള്ളിക്കുന്നേൽ അച്ചന്റെ പിതാവ് **ഡൊമിനിക് വള്ളിക്കുന്നേൽ (66)** 2024 ജൂലൈ 22 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജൂലൈ 23-ാം തീയതി കരുവാരകുണ്ട് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് രൂപത വികാരിജനറാൾ മോൺ. അബ്രാഹം വയലിൽ കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജെയിംസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 13. സ്മരണാഞ്ജലി

| | | |
|---|---|---|
| **02-08-2010** | **-** | **റവ. ഫാ. ജോസഫ് മണിയങ്ങാട്ട്** |
| 02-08-1992 | - | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. |
| 03-08-1973 | - | റവ. ഫാ. ജോസഫ് ഇടക്കര |
| 06-08-1958 | - | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. |
| 08-08-1993 | - | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. |
| **09-08-2011** | **-** | **റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ** |
| 10-08-2007 | - | റവ. ഫാ. ജോർജ് കച്ചിറമറ്റം |
| 13-08-1994 | - | റവ. ഫാ. തോമസ് മാമ്പുഴയ്ക്കൽ |
| **17-08-2018** | **-** | **റവ. ഫാ. ചാണ്ടി കുരിശുംമൂട്ടിൽ** |
| **19-08-2007** | **-** | **റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം** |
| **22-08-2005** | **-** | **റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം** |
| **25-08-2010** | **-** | **റവ. ഫാ. ജോസഫ് കോഴിക്കോട്ട്** |
| 28-08-1970 | - | റവ. ഫാ. ജോർജ് വട്ടുകുളം |

**പ്രോട്ടോസിഞ്ചെല്ലൂസ**

# പാവനസ്മരണയ്ക്ക്



റവ. ഫാ. ജോസഫ്
മണിയങ്ങാട്ട് 02-08-2010



റവ. ഫാ. ജോസഫ്
അറയ്ക്കപ്പറമ്പിൽ 09-08-2011



റവ. ഫാ. ചാണ്ടി
കുരിശുംമൂട്ടിൽ 17-08-2018



റവ. ഫാ. അലക്സ്
മണക്കാട്ടുമറ്റം 19-08-2007



റവ. ഫാ. അഗസ്റ്റിൻ
തുരുത്തിമറ്റം 22-08-2005



റവ. ഫാ. ജോസഫ്
കോഴിക്കോട്ട് 25-08-2010

# ആദരാഞ്ജലികൾ



## മദർ ഹെൻറി സൂസോ എഫ്.സി.സി

കോട്ടയം ജില്ലയിൽ പാലാ രൂപത, മരങ്ങാട്ട് പള്ളി ഇടവക മലപ്രവനാൽ കുടുംബത്തിൽ കുര്യൻ മറിയം ദമ്പതികളുടെ 3 മക്കളിൽ ഇളയസന്താനമായി 1938 മെയ് 3 ന് മദർ ഹെൻട്രി സൂസ്സോ ഭൂജാതയായി. 1958 ഏപ്രിൽ 5 ന് സഭാവസ്ത്രം സ്വീകരിച്ച ചിന്നമ്മ, ഹെൻട്രി സൂസ്സോ എന്ന പേര് സ്വീകരിച്ച് നോവിഷ്യേറ്റിൽ പ്രവേശിച്ചു. 1959 ഏപ്രിൽ 13 ന് തലശ്ശേരി രൂപതയിലെ ക്ലാരസഭയുടെ ആദ്യബാച്ചിൽ വ്രതം ചെയ്ത 12 പേരിൽ ഒരാളായി പ്രഥമവ്രതവാഗ്ദാനവും 1962 മെയ് 21 ന് നിത്യവ്രതവാഗ്ദാനവും നടത്തി.

പാണ്ഡിത്യവും അർപ്പണമനോഭാവവും ആഴമായ ഫ്രാൻസിസ്ക്കൻ ചൈതന്യവും കൈമുതലായിരുന്ന ബഹു.സൂസ്സോമ്മ പാലായിലെ ക്ലാരസഭയുടെ ജനറൽ കൗൺസിലറായും സെക്രട്ടറിയായും സേവനമുഷ്ഠിച്ചിട്ടുണ്ട്. 1974 മാർച്ച് 9 ന് അവിഭക്തമലബാർ പ്രൊവിൻസിന്റെ പ്രഥമ പ്രൊവിൻഷ്യലായി തെരഞ്ഞെടുക്കപ്പെട്ടു. അമ്മയുടെ ദീർഘവീക്ഷണവും ത്യാഗസന്നദ്ധതയും മലബാറിലെ എഫ്സിസിയുടെ ശാഖയ്ക്ക് ഊർജവും കരുത്തും പകർന്നു.

വിവിധ ശാഖകളായിരുന്ന ക്ലാരസഭയുടെ ഏകീകരണത്തിനും സഭയുടെ നിയമാവലി പരിഷ്ക്കരണത്തിനും ബഹു. സൂസ്സോമ്മ കാര്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്. 1991 ഡിസംബറിൽ ഏകീകൃത എഫ്.സി.സി.യുടെ 4-ാമത്തെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. നിയമാവലി പരിഷ്കരണത്തോടൊപ്പം ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ റൂൾ എഫ്.സി.സി നിയമാവലിയുടെ ആദ്യ ഭാഗത്ത് ഉൾചേർക്കുവാൻ സാധിച്ചത് എഫ്സിസി യ്ക്ക് ഇന്നും വലിയ മുതൽക്കൂട്ടായി നിലനില്ക്കുന്നു.

അൽഫോൻസ കോളേജ് പാലാ, നിർമലഗിരി കോളേജ് കൂത്തുപറമ്പ് എന്നിവിടങ്ങളിലായി 26 വർഷങ്ങൾ ഇംഗ്ലീഷ് പ്രൊഫസറായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഔദ്യോഗിക ജോലിയിൽ നിന്നും വിരമിച്ചശേഷം 2 വർഷം കെനിയ മിഷനിലും 2 വർഷം രാജ്ക്കോട്ട് മിഷനിലും 5 വർഷം ബോംബെ താബോർ ധ്യാനകേന്ദ്രത്തിലും ജോലി ചെയ്ത് വചനപ്രഘോഷണ ശുശ്രൂഷയിൽ പങ്കുചേർന്നു.

ജീവിതസായാഹ്നത്തിൽ ലോകം മുഴുവനുംവേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിച്ചുകൊണ്ട് ദിവസത്തിന്റെ ഏറിയ പങ്കും ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിച്ച ബഹു. സൂസോമ്മ, താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ ഹൗസായ മലാപ്പറമ്പ് അസ്സീസിഭവനിൽ ആയിരുന്നു. 2018 മുതൽ ക്യാൻസർ രോഗബാധയെ തുടർന്ന് തീർത്തും ശയ്യാവലംബിയായിരുന്നു. 2024 ജൂലൈ 12 ന് പുലർച്ചെ 4.30 ന് സഭാധികാരികളുടെയും സഹോദരിമാരുടെയും പ്രാർത്ഥനയോടെയുള്ള സാന്നിദ്ധ്യത്തിൽ തന്റെ 86-ാം വയസ്സിൽ അമ്മയുടെ പാവനാത്മാവ് സ്വർഗീയ ഗേഹത്തിലേയ്ക്ക് പറന്നുയർന്നു. സന്യാസം അതിന്റെ തനിമയിൽ ജീവിക്കാൻ പരിശ്രമിച്ച് സ്വർഗം പൂകിയിരിക്കുന്ന ബഹുമാനപ്പെട്ട ഹെൻറി സൂസോമ്മയെ തന്റെ പ്രിയമണവാളൻ മഹിമയുടെ കിരീടമണിയിക്കട്ടെ.



# വിശ്വാസപരിശീലനം

## ദുക്റാന തിരുനാൾ

ജൂലൈ 3 മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ വിവിധ ഇടവകകളിൽ വി. ബലിയോടുകൂടി അനുസ്മരിച്ചു.

## Power Cell – 1 കുപ്പായക്കോട്

വിശ്വാസ പരിശീലകരുടെ തുടർപരിശീലനപരിപാടിയായ Power Cell കുപ്പായക്കോട് ഇടവകയിൽ വച്ച് നടന്നു. കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കണ്ണോത്ത്, കുപ്പായക്കോട്, ഈങ്ങാപ്പുഴ, എന്നീ ഇടവകകൾ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യപിതാവിന്റെ ക്ലാസ്സ് ശ്രദ്ധേയമായി.

## ലൂമിന – 2 കൂടരഞ്ഞി

ജൂൺ 23 ഞായറാഴ്ച്ച തിരുവമ്പാടി മേഖലയിലെ യുവജനങ്ങൾക്കായുള്ള ഈ വർഷത്തെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം കൂടരഞ്ഞി ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. 180 യുവജനങ്ങൾ പങ്കെടുത്തു.

## ലൂമിന – 3 കോടഞ്ചേരി

ഈ വർഷത്തെ മൂന്നാമത്തെ ലൂമിന പ്രോഗ്രാം കോടഞ്ചേരി മേഖലയിൽ നടന്നു. 320 ഓളം യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

## ലൂമിന – 4 തോട്ടുമുക്കം

തോട്ടുമുക്കം മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാമിൽ ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട് സ്വാഗതം ചെയ്തു. 240 ഓളം യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം യുവജനങ്ങൾക്ക് ഫലദായകമായിരുന്നു.

## Power Cell – 2 കൊണ്ടോട്ടി

ഈ വിശ്വാസപരിശീലനവർഷത്തെ 2-ാമത്തെ Power Cell കൊണ്ടോട്ടി ഇടവകയിൽ വച്ച് നടന്നു. കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ, എന്നീ ഇടവകകളിൽ നിന്ന് 60 ഓളം വിശ്വാസപരിശീലകർ പ്രോഗ്രാമിൽ പങ്കെടുത്തു. ബഹു. വികാരി ഫാ. ജെസ്വിൻ തുറവക്കൽ സ്വാഗതവും, സന്ദേശവും നൽകി.

## ആപ്ലിക്കേഷൻ ഫോമുകൾ സമർപ്പിച്ചു

HCC, ACC കോഴ്സുകളുടെ ആപ്ലിക്കേഷൻ ഫോമുകൾ വിവിധ ഇടവകകൾ മതബോധന ഓഫീസിൽ സമർപ്പിച്ചു.

## ലൂമിന – 5 താമരശ്ശേരി

യുവജന വിശ്വാസപരിശീലനത്തിന്റെ ഭാഗമായി ഈ വർഷത്തെ 5–ാം മത്തെ ലൂമിന  താമരശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടന്നു. +1,+2 ക്ലാസ്സുകളിലെ 220 ഓളം യുവജനങ്ങൾക്കൊപ്പം അവരെ പരിശീലിപ്പിക്കുന്ന അധ്യാപകരും ലൂമിന പ്രോഗ്രാമിൽ പങ്കെടുത്തു.

## മതബോധന ദിനം

വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനമായ ജൂലൈ 28–ാം തിയതി വിവിധ ഇടവകകളിൽ മതബോധനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന പ്രോഗ്രാമുകൾ നടത്തി.

## Power Cell – 3 ചീരട്ടാമല

ചീരട്ടാമല ഇടവകയിൽ വച്ച് 3–ാംമത്തെ Power Cell ജൂലൈ 30 ചൊവ്വാഴ്ച്ച നടന്നു. മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർകോട്ട എന്നീ ഇടവകകളിൽ നിന്ന് 80 ഓളം അധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

## ACC 13, 14, 15 Online Class

ACC 13 : കേരളനവോത്ഥാനവും ക്രൈസ്തവ സംഭാവനകളും" എന്ന വിഷയത്തെ കുറിച്ച് റവ. ഡോ. മാത്യു കുളത്തിങ്കലും, "മരിയൻ വിശ്വാസസത്യങ്ങൾ" എന്ന വിഷയത്തെ  കുറിച്ച് റവ. ഫാ. ജോസഫ് അന്തീനാടും ക്ലാസ്സ് എടുത്തു.

ACC 14 : കുമ്പസാരം സംശയങ്ങളും ഉത്തരങ്ങളും" (ഭാഗം 1, 2) എന്ന വിഷയത്തെ കുറിച്ച് റവ. ഫാ. ജോർജ് വെള്ളാരംകാലായിൽ ക്ലാസ്സ് എടുത്തു.

ACC 15 : ഈശോമിശിഹാ ദൈവമാണ്", "വിദ്യാഭ്യാസരംഗവും ക്രൈസ്തവ സംഭാവനകളും" എന്ന വിഷയങ്ങളെ കുറിച്ച് മി. ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

ACC 13,14,15  ന്റെ Online ക്ലാസ്സുകൾ, ലൂമിന, Power Cell, ആമുഖസെമിനാർ എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## ആമുഖസെമിനാർ

2024-2025 അധ്യായനവർഷത്തിലെ നവാഗതരായ അധ്യാപകർക്കായുള്ള ആമുഖസെമിനാർ ജൂൺ 28, 29, 30 (വെള്ളി, ശനി, ഞായർ) തിയതികളിൽ പി. എം. ഒ. സി യിൽ വച്ച് നടന്നു. സെമിനാറിന്റെ സമാപനദിവസം അഭിവന്ദ്യപിതാവ് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകുകയും, നവാഗതരായ അധ്യാപകരെ ആശീർവ്വദിക്കുകയും ചെയ്തു. റവ. ഡോ. കുര്യൻ പുരമഠം കോഴ്സിൽ പങ്കടുത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും, ആശംസകൾ നേരുകയും ചെയ്തു. ഫാ. ഡോ. കുര്യൻ പുരമഠം, ഫാ. ഡോ. മാത്യു കുളത്തിങ്കൽ, ഫാ. ജോൺ പള്ളിക്കാവയലിൽ, ബോണി ആനത്താനം, ജോൺസൺ പൂവത്തിങ്കൽ, സണ്ണി കോക്കാപ്പിള്ളി, നൈജിൽ പുരയിടത്തിൽ, കിഷോർ തറപ്പേൽ, എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഗ്രൂപ്പ് ആക്റ്റിവിറ്റി പ്രോഗ്രാമുകൾക്ക് ബർണാഡ് ജോസ്, സിബി, മരിയ സിബി എന്നിവർ നേതൃത്വം കൊടുത്തു.

## Online Webinar

സീറോ മലബാർ സഭാതലത്തിൽ മുഴുവൻ വിശ്വാസ പരിശീലകർക്കും വേണ്ടിയുള്ള ഓൺലൈൻ വെബിനാർ ജൂലൈ 16 മുതൽ 25 വരെ വൈകുന്നേരം 8.30 മുതൽ 9.30 വരെ നടന്നു. വിശ്വാസപ്രമാണം ആയിരുന്നു പഠനവിഷയം. അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ. റാഫേൽ തട്ടിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ ആരംഭിച്ച ഓൺലൈൻ വെബിനാറിൽ സീറോ മലബാർ സഭയിലെ പണ്ഡിതരായ വ്യക്തികൾ ക്ലാസ്സുകൾ എടുത്തു.

## Family Quiz CAT. 2024

വിശ്വാസം പരിശീലിക്കുന്ന കുട്ടികൾക്ക് മാതാപിതാക്കളോടൊപ്പം (കുടുംബം ഒന്നിച്ച്) പങ്കെടുക്കാവുന്ന ഓൺലൈൻ ക്വിസ്.

*പഠനവിഷയം :* സീറോമലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (1 മുതൽ 9 വരെ അധ്യായങ്ങൾ ഈ പുസ്തകം മതബോധന ഓഫീസിൽ ലഭ്യമാണ്.) ക്വിസ്സിന് ആകെ 30 ചോദ്യങ്ങൾ ഉണ്ടായിരിക്കും. 25 ചോദ്യങ്ങൾ പാഠഭാഗത്തുനിന്നും, 5 ചോദ്യങ്ങൾ സഭാ സംബന്ധമായ പൊതുചോദ്യങ്ങളും ആയിരിക്കും. ചോദ്യങ്ങൾ ഒബ്ജക്റ്റീവ് ടൈപ്പ് ആയിരിക്കും. ഓരോ ചോദ്യങ്ങൾക്കും നാല് ഓപ്ഷൻസ് ഉണ്ടായിരിക്കും. മത്സര ദിവസം : 2024 സെപ്റ്റംബർ 8 ഞായർ സമയം : 8.45 pm - 9 pm (ക്വിസ് മത്സരം 15 മിനിറ്റ് ആയിരിക്കും) വിജയിക്കുന്ന കുടുംബങ്ങൾക്ക് ക്യാഷ് അവാർഡും, മെമെന്റോയും നൽകുന്നതാണ്. First Prize : Rs 5000/-, Second Prize : Rs 4000/-, Third Prize : Rs 3000/-. കൂടാതെ ആദ്യ 10 സ്ഥാനങ്ങളിൽ വന്ന കുടുംബങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന കുടുംബങ്ങൾ 2024 ആഗസ്റ്റ് 10 ന് മുൻപ് രജിസ്റ്റർ ചെയ്യുക. ലിങ്ക് കാറ്റക്കിസം ഗ്രൂപ്പുകളിൽ നൽകിയിട്ടുണ്ട്.

## ASPCT പരീക്ഷയുടെ പാഠഭാഗങ്ങൾ

- ASPCT ആദ്യ റൗണ്ട് ഇടവതല എഴുത്തു പരീക്ഷയുടെ പാഠഭാഗങ്ങൾ

സീറോമലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം 1 മുതൽ 7 വരെ അധ്യായങ്ങൾ (എല്ലാ അധ്യാപകരും ആദ്യ റൗണ്ട് പരീക്ഷ എഴുതേണ്ട താണ്.)

- ASPCT രൂപതാതല രണ്ടാം റൗണ്ട് ഓൺലൈൻ പരീക്ഷയിൽ പങ്കെടു ക്കേണ്ടത് ഓരോ ഇടവകയിൽ നിന്നും ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന വരാണ്. രണ്ടാം റൗണ്ട് മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ ഇതേ പുസ്തകത്തിന്റെ 8, 9 അധ്യായങ്ങൾ കൂടി പഠിക്കേണ്ടതാണ്.

## AUGUST 2024

01\. 08. 24 വ്യാഴം – പതിനഞ്ചുനോമ്പാരംഭം

04\. 08. 24 ഞായർ – കൈത്താക്കാലം 5-ാം ഞായർ
വി. ജോൺ മരിയ വിയാനി
വൈദിക ദിനാചരണം (ഇടവകകളിൽ വൈദികരെ ആദരിക്കുന്നു)

06\. 08. 24 ചൊവ്വ – നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം

10\. 08. 24 ശനി – പ്രധാനാധ്യാപക സംഗമം (ബിഷപ്സ് ഹൗസ് ഓഡിറ്റോറിയം, താമരശ്ശേരി)

11\. 08. 24 ഞായർ – കൈത്താക്കാലം 6-ാം ഞായർ
ACC 13, 14, 15 Online Class - 5
ലൂമിന 6 : കൂരാച്ചുണ്ട് മേഖല - 1 @ ചക്കിട്ടപ്പാറ (ചക്കിട്ടപ്പാറ, മുതുകാട്, പെരുവണ്ണാമൂഴി, കുളത്തുവയൽ, നരിനട, പേരാമ്പ്ര)
വി. ക്ലാര

12\. 08. 24 തിങ്കൾ – Power Cell 4 : കാറ്റുള്ളമല സെന്റർ (കൂരാച്ചുണ്ട്, കരികണ്ടൻപാറ, പാത്തിപ്പാറ, കാറ്റുള്ളമല)

14\. 08. 24 ബുധൻ – വി. മാക്സിമില്യൻ കോൾബേ

15\. 08. 24 വ്യാഴം – പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണം (കടമുള്ള ദിവസം), ഇന്ത്യൻ സ്വാതന്ത്ര്യദിനം

Power Cell 5 – കുണ്ടുതോട് സെന്റർ (മരുതോങ്കര, ചെമ്പനോട, കുണ്ടുതോട്, പടത്തുകടവ്, പശുക്കടവ്, പൂഴിത്തോട്)

18\. 08. 24 ഞായർ – കൈത്താക്കാലം 7-ാം ഞായർ
ലൂമിന 7 : കരുവാരകുണ്ട് മേഖല @ കരുവാരകുണ്ട്

20\. 08. 24 ചൊവ്വ – ലൂമിന 8 : പാറോപ്പടി മേഖല @ ചേവായൂർ

24\. 08. 24 ശനി – വി. ബർത്തലോമിയോ ശ്ലീഹാ

25\. 08. 24 ഞായർ - ഏലിയാ ശ്ലീവാ മൂശ 1-ാം ഞായർ
ACC 13, 14, 15 Online Class - 6

ലൂമിന 9 : കൂരാച്ചുണ്ട് മേഖല - 2 @ കല്ലാനോട് (കല്ലാനോട്, കക്കയം, കരികണ്ടൻപാറ, കരിയാത്തുംപാറ, കൂരാച്ചുണ്ട്, പാത്തിപ്പാറ, കാറ്റുള്ളമല )

26\. 08. 24 തിങ്കൾ - ലൂമിന 10 : മരുതോങ്കര മേഖല @ മരുതോങ്കര

28\. 08. 24 ബുധൻ - വി. അഗസ്റ്റിൻ

29\. 08. 24 വ്യാഴം - വി. എവുപ്രാസ്യ

31\. 08. 24 ശനി - ചോദ്യപേപ്പർ കമ്മറ്റി മീറ്റിംഗ് (Q.com)

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ലിറ്റർജി കമ്മീഷൻ

**മർഗാനീസ ക്ലാസ് രണ്ടാം ഭാഗം**

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗത്തിൽ ജൂലൈ മാസത്തിലെ ക്ലാസ് നയിച്ചത് കോട്ടയം മാങ്ങാനം മിഷനറി ഓറിയന്റേഷൻ സെന്റർ (MOC) പ്രിൻസിപ്പൽ ഫാ. ഡോ. അലക്സ് കൊല്ലംകളമാണ്. 'വിശുദ്ധ കുർബാന: മാർ അപ്രേമിന്റെ വീക്ഷണത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ജൂലൈ 13 ശനിയാഴ്ചയാണ് അദ്ദേഹം ക്ലാസ് നയിച്ചത് . വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി അമ്പതോളം പേർ സംബന്ധിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ പ്രമാണിച്ച് ജൂലൈ 27 ന് ക്ലാസ് ഉണ്ടായിരുന്നില്ല.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചൻ, കോട്ടക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ. ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ആഴ്ചയിൽ നടക്കുന്ന ഈ ക്ലാസുകളിൽ പങ്കെടുക്കാൻ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്ത

## ദുക്റാന തിരുന്നാൾ

മാർത്തോമാ ക്രിസ്ത്യാനികളുടെ പിതാവായ വിശുദ്ധ തോമാ ശ്ലീഹാ യുടെ ഓർമ്മദിനമായ ജൂലൈ മൂന്നാം തീയതി ദുക്റാന തിരുന്നാൾ ആഘോഷിച്ചു. രാവിലെ നടന്ന വിശുദ്ധ ബലിയർപ്പണത്തിൽ സെമിനാരിയിലെ എല്ലാ വൈദി കരും പങ്കെടുത്തു. അന്നേദിവസം വൈകുന്നേരം 6 മണിക്ക് 2024–25 അധ്യയന വർഷത്തെ കലാ സാഹിത്യവേദിക്ക് തിരി തെളിഞ്ഞു. അൽഫോൻസ സെമി നാരി റെക്ടർ ഫാ. കുര്യൻ താന്നിക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സാ ഹിത്യ സാംസ്കാരിക രംഗങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടിയ, സാ ഹിത്യകാരൻ ബഹു. പാപ്പച്ചൻ കടമക്കുടി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫാ. അന്വേഷ് പാലക്കീൽ, ഫാ. ജോൺസൺ കൊച്ചിലത്ത്, ബ്ര. ജെയിസ് പുത്തൻ പുരയ്ക്കൽ, ബ്ര. ആൽഫ്രഡ് കുമ്മായത്തൊട്ടിൽ എന്നിവർ സംസാരിച്ചു.

## RECTOR'S DAY

വിശുദ്ധ കുര്യാക്കോസ് നാമധാരിയായ അൽഫോൻസ മൈനർ സെമിനാരി റെക്ടർ ബഹു. ഫാ. കുര്യൻ താന്നിക്കൽ അച്ചന്റെ നാമഹേതുക തിരുന്നാൾ സെമിനാരി കുടുംബം ജൂലൈ 15 ന് ആഘോഷിച്ചു. അന്നേദിവസം വൈകുന്നേരം അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഒരുമിച്ചു കൂടുകയും സെമിനാരി വിദ്യാർ ത്ഥികളും മറ്റനവധി വൈദികരും ബഹു. റെക്ടർ അച്ചന് ആശംസകൾ നേർന്നു

## അൽഫോൻസ തിരുനാൾ

സെമിനാരിയുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനം മനോഹരമായി ആഘോഷിച്ചു. അൽഫോൻസ ദിനത്തോടനു ബന്ധിച്ച്, സെമിനാരി വിദ്യാർത്ഥികൾ 'എക്സാഗുര' എന്ന പേരിൽ കൾച്ചറൽ പ്രോഗ്രാം നടത്തി. അഭിവന്ദ്യ പിതാവിനോടൊപ്പം വിവിധ മൈനർ, മേജർ സെമി നാരിയിലെ വൈദികരും, രൂപതാ വൈദികരും, സന്യസ്തരും പങ്കെടുത്തു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, അൽഫോൻസ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ്

## മാർത്തോമാ ശ്ലീഹായുടെ ദുക്റാന തിരുനാൾ

ജൂലൈ 3 വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് ശാഖ തലങ്ങളിൽ അംഗത്വ സ്വീകരണവും പൊതു ദിവ്യകാരുണ്യ സ്വീകരണവും അസാധാരണ സമ്മേളനവും നടത്തി.

## പ്രേഷിത കൂടാരം 2k24

താമരശ്ശേരി രൂപത വിശ്വാസ പരിശീലന കേന്ദ്രവും ചെറുപുഷ്പ മിഷൻ ലീഗ്, തിരുബാലസഖ്യം സംഘടനകളും ചേർന്ന് ഇടവകകളിൽ നടത്തുന്ന ഏക ദിന പ്രോഗ്രാം 'പ്രേഷിത കൂടാരം' കൽക്കുണ്ട്, അടക്കാകുണ്ട്, തേഞ്ഞിപ്പലം, പാതിരിക്കോട്, കരുവാരകുണ്ട്, കാളികാവ്, വാണിയമ്പലം എന്നീ ഇടവകകളിൽ സജീവമായ പങ്കാളിത്തത്തോടെ നടത്തപ്പെട്ടു.

## എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച് ചെറുപുഷ്പ മിഷൻ ലീഗിൽ അംഗങ്ങളായ കുട്ടികൾക്ക് വേണ്ടിയുള്ള എയ്ഞ്ചൽസ് മീറ്റ് കോടഞ്ചേരി കൂരാച്ചുണ്ട്, തോട്ടുമുക്കം എന്നീ മേഖല കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെട്ടു.

2023 24 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ടുകൾ രൂപത തലത്തിൽ സ്വീകരിക്കുകയും അതിൽനിന്നും മികച്ച ശാഖകളെയും മേഖലകളെയും തിരഞ്ഞെടുക്കുകയും ആ ശാഖകളിലും മേഖലകളിലും സന്ദർശനം നടത്തുകയും ചെയ്തു.

## മാർ മങ്കുഴിക്കരി മെമ്മോറിയൽ ലേഖന മത്സരം

താമരശ്ശേരി രൂപതാ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തി വരുന്ന മാർ മങ്കുഴിക്കരി മെമ്മോറിയൽ ലേഖന മത്സരം ജൂൺ 30 ഞായറാഴ്ച വിവിധ മേഖല കേന്ദ്രങ്ങളിൽ വച്ച് സംഘടിപ്പിച്ചു. ഈ വർഷത്തെ പഠന വിഷയത്തെ അടിസ്ഥാനപ്പെടുത്തി

രണ്ട് പ്രായ വിഭാഗങ്ങളിലായി നടത്തിയ മത്സരത്തിൽ നിന്നും മികച്ച രണ്ട് രചനകൾ വീതം ഓരോ മേഖലയും രൂപത കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്തു.

- വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ ലൂയി മാർട്ടിന്റെയും സെലിഗ്വരിന്റേയും തിരുനാൾ ദിനത്തിൽ ആശംസകൾ നേരുകയും ശാഖ തല

ത്തിൽ കൂടുതൽ മക്കളുള്ള കുടുംബത്തെയും കൂടുതൽ സന്യസ്തരുള്ള കുടുംബത്തെയും ആദരിക്കുകയും ചെയ്തു.

- മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും താമരശ്ശേരി മേഖലാ ഭാരവാഹികളും അഭിവന്ദ്യ പിതാവിന് ആശംസകൾ നേർന്നു. അന്നേ ദിനം തന്നെ ചെറുപുഷ്പ മിഷൻ ലീഗ് ഉദ്ഘാടകൻ മാർ തോമസ് തറയിൽ പിതാവിന്റെ നാൽപതിയൊമ്പതാം ചരമവാർഷികം ആചരിക്കുകയും ചെയ്തു.

### വി. അൽഫോൻസാമ്മയുടെ തിരുനാളും വൈസ് ഡയറക്ടേഴ്സ് ദിനവും

താമരശ്ശേരി രൂപതയുടെ മധ്യസ്ഥയും ചെറുപുഷ്പ മിഷൻ ലീഗിന്റെ ഉപ മധ്യസ്ഥയുമായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ രൂപത, മേഖല, ശാഖ തലങ്ങളിൽ വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## അറിയിപ്പുകൾ

### പ്രവർത്തന മാർഗരേഖ തയ്യാറാക്കൽ മത്സരം

'ദൈവ കേന്ദ്രീകൃതകുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും'എന്ന ഈ വർഷത്തെ പഠന വിഷയത്തെ ആസ്പദമാക്കി പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ മത്സരം സംഘടിപ്പിക്കുന്നു. ശാഖ തലത്തിലും മേഖലാതലത്തിലും തയ്യാറാക്കിയ മാർഗരേഖകൾ 04/08/2024 ന് മുൻപായി രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

### തിരിനാളം സ്കിറ്റ് മത്സരം

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് നടത്തുന്ന തിരിനാളം സ്കിറ്റ് മത്സരത്തിൽ പങ്കെടുക്കുന്ന ശാഖകൾ 15/08/2024 (9pm)ന് മുൻപായി വീഡിയോ അയക്കേണ്ടതാണ്.

### രൂപത മേഖല സാഹിത്യമത്സരങ്ങൾ

രൂപത മേഖല സാഹിത്യ മത്സരങ്ങൾ 2024 ആഗസ്റ്റ് 10 ശനിയാഴ്ച രാവിലെ 9.30 മണിക്ക് വിവിധ മേഖല കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്നു.

### ആഗസ്റ്റ് മാസത്തെ പ്രോഗ്രാം

04 ഞായർ – **മേഖല കലോത്സവങ്ങൾ ആരംഭിക്കുന്നു.**
**(ഒക്ടോബർ 1 ന് മുമ്പ് കലോത്സവ ലിസ്റ്റ് തരണം),**

**വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ, വൈദിക ദിനം,** ഇടവക വൈദീകരെ ആദരിക്കുക, ആശംസകളറിയിക്കുക. എക്സിക്യൂട്ടീവ്

06 ചൊവ്വ - കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ

10 ശനി - **സാഹിത്യ മത്സരങ്ങൾ മേഖല കേന്ദ്രങ്ങളിൽ** 10 am. തെരഞ്ഞെടുക്കപ്പെട്ട സാഹിത്യ രചനകൾ ആഗസ്റ്റ് 28 ന് മുമ്പ് രൂപത കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്. രൂപതയുടെ ഫല പ്രഖ്യാപനത്തിന് ശേഷമേ മേഖല സാഹിത്യ മത്സരത്തിന്റെ ഫലം പ്രഖ്യാപിക്കാവു. 11 ഞായർ

- എക്സിക്യൂട്ടീവ് മീറ്റിംഗ്, മേഖലയിൽ അല്മായ ദിനം ആചരിക്കൽ കുഞ്ഞേട്ടൻ അനുസ്മരണം ശാഖാ മേഖല രൂപത തലത്തിൽ, അല്മായ നേതൃദിനം (അല്മായ നേതാക്കളെ വിവിധ തലങ്ങളിൽ ആദരിക്കുന്നു) അസാധാരണ സമ്മേളനം വിശേഷാൽ പൊതു ദിവ്യകാരുണ്യ സ്വീകരണം

13 ചൊവ്വ - വി. ജോൺ ബെർക്കുമൻസ് അൾത്താരബാലന്മാരുടെ ദിനം

15 വ്യാഴം - പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം

20 ചൊവ്വ - കെയ്റോസ് (10, 11, 12 ക്ലാസിലെ കുട്ടികൾക്കായി സംസ്ഥാനതല വെബിനാർ - ഓൺലൈൻ)

26 തിങ്കൾ - രക്തദാനം - ജീവധാര 2024 ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനത്തിനോട് അനുബന്ധിച്ച് എല്ലാ രൂപത കേന്ദ്രങ്ങളിലും ഇന്നേദിവസം രക്തദാനം നടത്തുന്നു.

28 ബുധൻ - തെരഞ്ഞെടുക്കുന്ന സാഹിത്യ രചന രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തിയതി.

29 ചൊവ്വ - വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാൾ

## *പ്രവർത്തനങ്ങൾ*

* കുഞ്ഞേട്ടന്റെ ചരമദിനം അല്മായ ദിനമായി ആചരിക്കുന്നു, സ്റ്റാറ്റസ് വീഡിയോ, റീൽസ് തുടങ്ങിയവ തയ്യാറാക്കുന്നു.
* സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി അത്യധ്വാനം ചെയ്തവരെ എല്ലാ തലങ്ങളിലും ആദരിക്കുന്നു.
* കുഞ്ഞേട്ടൻ അനുസ്മരണ പ്രസംഗം ശാഖാ തലത്തിൽ നടത്തുന്നു.
* റീജിയണൽ ക്യാമ്പുകൾ ആരംഭിക്കുന്നു

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# തിരുബാലസഖ്യം

തിരുബാലസഖ്യം കുട്ടികൾക്കായി എല്ലാ ആഴ്ചയും ജീസസ്ടോക്ക് നൽകി വരുന്നു. വിശുദ്ധരെ പരിചയപ്പെടുത്തി, സുകൃത ജപങ്ങൾ ചൊല്ലി അവരെ ഈശോയിലേയ്ക്ക് അടുപ്പിക്കുന്നു.

വി. തോമാശ്ലീഹാ, വി. മരിയ ഗൊരേത്തി, കർമ്മല മാതാവ്, വി. യാക്കോബ് ശ്ലീഹാ എന്നീ വിശുദ്ധരെ ജൂലൈ മാസം കുട്ടികളെ പരിചയപ്പെടുത്തി.

- തിരുബാലസഖ്യത്തിലേയ്ക്ക് കുട്ടികളുടെ അംഗത്വ സ്വീകരണം രൂപതയിലെ വിവിധ ഇടവകയിൽ നടത്തപ്പെട്ടു.
- തിരുബാലസഖ്യവും മിഷൻലീഗും സംയുക്തമായി ഈ വർഷം താമരശ്ശേരി രൂപതയിൽ നടത്തുന്ന 'പ്രേക്ഷിതകൂടാരം' വൺഡേ പ്രോഗ്രാമിൽ വിവിധ ഇടവകയിലെ കുഞ്ഞുങ്ങളെ കാണുകയും അവർക്കായി ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ആൽഫ മരിയ അക്കാദമി

- **സർട്ടിഫൈഡ് ഫിനാൻഷ്യൽ അനലിസ്റ്റ് കോഴ്സ്**

ലോകമെമ്പാടും ജോലി സാധ്യതയുള്ള ഫിനാൻഷ്യൽ അനലിസ്റ്റ് കോഴ്സ് 2024, ആഗസ്റ്റ് മാസത്തിൽ ആൽഫയുടെ കുന്നമംഗലം, തിരുവമ്പാടി സെന്ററുകളിൽ ആരംഭിക്കുന്നു.

ഫിനാൻഷ്യൽ അനലിസ്റ്റ് കോഴ്സ് തികച്ചും ഒരു സ്കിൽ ഡെവലപ്മെന്റ് കോഴ്സ് ആണ്. ഈ കോഴ്സ് പഠിക്കുന്നതിലൂടെ വളരെ എളുപ്പത്തിൽ ഫിനാൻസ് വിഷയങ്ങളെക്കുറിച്ചു മനസ്സിലാക്കുന്നതിനും, ആത്മവിശ്വാസം വർദ്ധിപ്പി ക്കുന്നതിനും സഹായിക്കുന്നു. ബാങ്കിങ്, ഐ.ടി, ട്രേഡിങ്ങ്, റിയൽ എസ്റ്റേറ്റ്, ഹോസ്പിറ്റാലിറ്റി, ഹെൽത്ത് കെയർ തുടങ്ങിയ ഏത് മേഖലകളിലും പ്രവർത്തിക്കുന്ന നല്ലൊരു ജോലി ലഭിക്കുന്നതിന് സഹായിക്കുന്നു.

- **പ്രത്യേകതകൾ**

ഫിനാൻഷ്യൽ അനലിസ്റ്റ് കോഴ്സിന് നേതൃത്വം നൽകുന്നത് Chartered Accountants, Cost Accountants, Company Secretaries, Bankers, Industry Experters തുടങ്ങിയവരാണ്.

Corporate Laws, Corporate Accounting, Corporate Finance തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ ഈ പരിശീലനം വഴി സഹായിക്കും. വിദേശത്ത് പാർട്ട് ടൈം ആയി ജോലി ചെയ്ത് പഠിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ ഒരു സ്ഥിരം ജോലി ലഭിക്കുന്നതിന് ഈ കോഴ്സ് സഹായിക്കുന്നു. ഏറ്റവും കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയം കൊണ്ട് പഠിക്കാൻ സാധിക്കുന്ന തൊഴിൽ അധിഷ്ഠിത കോഴ്സ് ആണിത്.

- **നഴ്സുമാർക്ക് സൗജന്യ ജർമൻ ഭാഷാ പരിശീലനം**

ജർമ്മനിയിൽ നഴ്സിംഗ് ജോലി ആഗ്രഹിക്കുന്ന നഴ്സുമാർക്ക് തികച്ചും സൗജന്യമായി ജർമ്മൻ ഭാഷ പരിശീലത്തിന്റെ അ1 കോഴ്സ് അടുത്ത മാസം August 5ന് കുന്നമംഗലം ആൽഫ മരിയ അക്കാദമിയിൽ ആരംഭിക്കുന്നു. BSC/ GNM നഴ്സുമാർക്കാണ് പരിശീലനം നൽകുന്നത്. അതിനുശേഷം സൗജന്യമായി ജർമ്മനിയിൽ ജോലിയും ഉറപ്പും നൽകുന്നു. Online / Offline ക്ലാസുകൾ ലഭ്യമായിരിക്കും.

പ്ലസ് ടു അല്ലെങ്കിൽ മറ്റെന്തെങ്കിലും കോഴ്സുകളോ കഴിഞ്ഞ് ജർമ്മനിയിൽ ഉന്നത പഠനത്തിനായി പോകുന്നവർക്ക് ആൽഫാ മരിയ അക്കാദമിയിൽ മിതമായ നിരക്കിൽ ജർമൻ ഭാഷ പഠിക്കാം.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 9497567689, 8157044071

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കൗൺസിലിംഗ്

ശരീരത്തെ മാത്രമല്ല മനസിനേയും രോഗാതുരമാക്കുന്ന ഇന്നത്തെ ജീവിതരീതികളിലും ശൈലികളും സാഹചര്യങ്ങളിലും ചെറുത്തുനിൽപിന്റെ പ്രതിരോധം സൃഷ്ടിക്കുവാനും നിലവിലുള്ള മാനസികാരോഗ്യത്തെ വർധിപ്പിക്കുവാനും മാനസികമായ പ്രശ്നങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കുന്നവരിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും മേന്മയുള്ള ജീവിതം രൂപപ്പെടുത്തുവാനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ JPI യിൽ കൗൺസിലിംഗ് നടത്തപ്പെടുന്നു.

## കോഴ്സുകൾ

1. എം എസ് സി ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം എസ് സി ഇൻ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് (ഓൺലൈൻ)

## അഡ്മിഷൻ തുടരുന്നു

മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2024-26 ബാച്ചു (ഓഫ് ലൈൻ / ഓൺലൈൻ) കളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു. ഉടൻ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. വളരെ പരിമിതമായ സീറ്റുകൾ മാത്രം അവശേഷിക്കുന്നു. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## ST THOMAS DAY CELEBRATION

ഭാരതത്തിന്റെ അപ്പസ്തോലനും സ്റ്റാർട്ടിന്റെ സ്വർഗീയ മധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ തിരുനാൾ ജൂലൈ മൂന്നാം തിയതി സ്റ്റാർട്ട് അങ്കണത്തിൽവെച്ച് ആഘോഷിച്ചു. സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിലിന്റെ നേതൃത്വത്തിൽ ദുക്റാന തിരുനാളിന്റെ ആഘോഷങ്ങൾക്ക് തുടക്കമായി. സ്റ്റാർട്ടിലെ വിദ്യാർത്ഥികളുടെ കലാപ്രകടനങ്ങൾ തിരുനാളിന് കൂടുതൽ ശോഭയേകി. ആഘോഷങ്ങളുടെ ഭാഗമായി തോമസ് നാമധാരികളായ വിദ്യാർത്ഥികളെയും സ്റ്റാഫ് അംഗങ്ങളെയും ആദരിച്ചു. താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ യോഗത്തിന് ആശംസകളർപ്പിച്ച് സംസാരിച്ചു.

## OFFICIAL INAGURATION OF START 2024-25 ACADEMIC YEAR

സ്റ്റാർട്ട് 2024–25 അധ്യയന വർഷത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം 2024 ഓഗസ്റ്റ് 3 ന് രാവിലെ 11 മണിക്ക് മാർ റെമിജിയോസ് ഇഞ്ചനാനിയലിന്റെ മഹനീയ സാന്നിധ്യത്തിൽ സ്റ്റാർട്ടിൽ വെച്ച് നടത്തപ്പെടുന്നു.

## START CARE SOLUTIONS-INTERNATIONAL CARE CERTIFICATE COURSE

ഹെൽത്ത് സെക്ടർ മേഖലയിലെ ജോലിസാധ്യതകളെ മുൻനിർത്തി കൊണ്ട് സ്റ്റാർട്ട് ആരംഭിക്കുന്ന ത്രൈമാസ നൈപുണ്യ പരിശീലന കോഴ്സായ START CARE SOLUTION ന്റെ ക്ലാസുകൾ ജൂലൈ 15 ന് ആരംഭിച്ചിരിക്കുന്നു. കാനഡ, യൂറോപ്പ്, ന്യൂസിലൻഡ്, ഓസ്ട്രേലിയ, യുകെ തുടങ്ങിയ രാജ്യങ്ങളിലെ elderly care, disability care, mental health care മേഖലകളിലേക്കുള്ള സമർത്ഥരായ ഉദ്യോഗാർത്ഥികളെ സൃഷ്ടിക്കുകയെന്നതാണ് കോഴ്സിന്റെ ലക്ഷ്യം. വിദേശരാജ്യങ്ങളിലെ വിദഗ്ദ്ധരായ സേവനദാതാക്കളുടെ സഹകരണത്തോടെയാണ് ഈ കോഴ്സ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് startcare.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## Integrated Residential PLUS TWO Course

റെസിഡൻഷ്യൽ പ്ലസ് ടു കോഴ്സ് അഡ്മിഷൻ അവസാനഘട്ടത്തിലേക്ക്. ഉന്നത മികവോടെ നാട്ടിലോ വിദേശത്തോ ജീവിതം കരുപ്പിടിപ്പിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് അന്തരാഷ്ട്ര നിലവാര ത്തോടെ പഠിക്കുവാനും അവ

രുടെ ഭാവിജീവിതം ശോഭനമാക്കു വാനും, പ്ലസ്റ്റു പഠനത്തോടൊപ്പം ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ ബി 2 ഗ്രേഡ് പരീക്ഷ കൂടി പാസാകാൻ കുട്ടികളെ പ്രാപ്ത രാക്കുന്നു.

## പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഏകവത്സര കോഴ്സ്

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമ പാലകരെയും ന മ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടു ക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഏകവത്സര കോഴ്സിന്റെ പത്തൊൻപതാ മത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ അവസാന ഘട്ടത്തിലേക്ക്. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവ്വകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി, മികവുറ്റ വിധം പഠനം പൂർ ത്തിയാക്കി, ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ കഴിവുകളും അഭിരുചി കളും കണ്ടെത്തുവാനും അതിനു അനുയോജ്യമായി മാത്രം ഉപരിപഠനത്തിനു ള്ള വിഷയങ്ങളും സ്ഥാപനങ്ങളും തെരഞ്ഞെടുക്കുവാനും ഏകവത്സര കോഴ്സ് കുട്ടികളെ സഹായിക്കുന്നു

കൂടുതൽ വിവരങ്ങൾക്ക്,

+91 495 2357843, +91 9037107843, +91 97444458111 (ഡയറക്ടർ)
office@startindia.org, startcalicut22@gmail.com
www.startindia.org

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# എയ്ഡർ എഡ്യൂക്കെയർ

ചാപ്പൻതോട്ടം, പശുക്കടവ്, കാറ്റുള്ളമല ഇടവകകളിലെ EWS സംവരണത്തിന് അർഹത ഉള്ളതും സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമായ കുടുംബങ്ങളെയും വിദ്യാർഥികളെയും ഒരുമിപ്പിച്ചുകൊണ്ട് സംവരണ സാധ്യതകളെക്കുറിച്ചുള്ള പ്രായോഗിക സെക്ഷനും സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള നിർദ്ദേശങ്ങളും നൽകുന്ന എയ്ഡർ എഡ്യൂ എക്സ്റ്റൻഡ് ഓൺലൈൻ പ്രോഗ്രാം നടത്തി. ഫാ. സബിൻ തൂമുള്ളിൽ നേതൃത്വം നൽകി. മുപ്പതോളം കുടുംബങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു. സി. ടിസി SH നേതൃത്വം നൽകി.

## താമരശ്ശേരിയിൽ ഓഫീസ് നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു

താമരശ്ശേരി എയ്ഡർ ഫൗണ്ടേഷൻ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എയ്ഡർ എഡ്യൂക്കയർ ഓഫീസ് റൂം നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## എഡ്യു കെയർ പാരിഷ് വിസിറ്റ്

മരുതോങ്കര, വിലങ്ങാട്, കൂരാച്ചുണ്ട് ഫൊറോനകളിലെ 28 ഇടവകകളിലെ വിസിറ്റ് പൂർത്തിയാക്കി. 780 ഓളം വിദ്യാർത്ഥികളെ എഡ്യൂ കെയർ ടീം മെന്റേഴ്സായി പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നേരിട്ട് കാണുകയും കുടുംബങ്ങളുമായി ഫോണിൽ ബന്ധപ്പെടുകയും ചെയ്തു വരുന്നു. മൂന്നു ഫൊറോനകളിലെയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഹെഡ്മാസ്റ്റർമാരും നൽകുന്ന എല്ലാ സഹകരണങ്ങൾക്കും ഹൃദയപൂർവ്വം നന്ദി.

താമരശ്ശേരി, കോടഞ്ചേരി ഫൊറോനകളിലെ പാരിഷ് വിസിറ്റ് ഓഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കും വിധം ക്രമീകരിച്ച് മുന്നോട്ടുപോകുന്നു.

## അറിയിപ്പുകൾ

### 1. ലൈഫ് ട്രെയിനിങ് ആൻഡ് മോട്ടിവേഷൻ ബിൽഡിംഗ് ക്യാമ്പ്

സെപ്റ്റംബർ മാസം ഓണ അവധിയോട് അനുബന്ധിച്ച് *വെരി ലോ മോട്ടിവേറ്റഡ്* കാറ്റഗറിയിൽ പെടുന്ന വിദ്യാർഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ടുദിവസത്തെ ലൈഫ് ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. കൂടുതൽ വിവരങ്ങൾ പിന്നീടറിയിക്കുന്നതാണ്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
എയ്ഡർ എഡ്യൂകെയർ

# കരുണാഭവൻ

ഇടവകകളിൽനിന്നും സ്കൂളുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും വന്ന് ആളുകൾ കരുണാഭവൻ സന്ദർശിക്കുകയും പ്രോഗ്രാമുകൾ നടത്തുകയും ഭക്ഷണവും മറ്റ് സഹായവും നൽകുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## കേരള മാർച്ച് ഫോർ ലൈഫ് നടത്തി

കെസിബിസി പ്രോ-ലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ രണ്ടിന് കാസർഗോഡ് നിന്ന് ആരംഭിച്ച മാർച്ച് ഫോർ ലൈഫിന് ജൂലൈ അഞ്ചിന് താമരശ്ശേരി കോഴിക്കോട് രൂപതകളുടെ സംയുക്ത ആഭിമുഖ്യത്തിൽ വെള്ളിമാടുകുന്ന് ഹോളി റെഡിമർ പള്ളിയിൽ സ്വീകരണം നൽകി. കോഴിക്കോട് രൂപതാ അധ്യക്ഷൻ അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ മുഖ്യാതിഥിയായിരുന്നു. താമരശ്ശേരി കോഴിക്കോട് രൂപതകളിലെ ഡയറക്ടർമാർ ആനിമേറ്റർമാർ വൈദികർ വിവിധ സംഘടനകളിലെ ഭാരവാഹികൾ വിവിധ സന്യാസന സമൂഹങ്ങളിലെ സന്യാസിനിമാർ, നഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഹോളി റെഡീമർ ദൈവാലയത്തിൽ നിന്ന് പാറോപ്പടി സെൻറ് ആൻറണീസ് ദൈവാലയത്തിലേക്ക് മാർച്ച് ഫോർ ലൈഫ് നടത്തി. താമരശ്ശേരി കോഴിക്കോട് രൂപതകളിൽ നിന്ന് 500 ഓളം പ്രവർത്തകർ പ്രസ്തുത റാലിയിൽ പങ്കെടുത്തു. ജാഥാ ക്യാപ്റ്റൻ ശ്രീ. ജയിംസ് ആഴ്ചങ്ങാടൻ, ശ്രീ. സാബു ജോസ്, ടോമി പ്ലാത്തോട്ടം, ജോയ്സ് മുക്കോടം, ഡോ. ഫ്രാൻസിസ് ആറാടൻ സെമിലി സുനിൽ, സജീവ് പുരയിടത്തിൽ, സിസ്റ്റർ മെറിൻ ജോസ് എസ് എച്ച് തുടങ്ങിയ കെസിബിസി സംസ്ഥാന ഭാരവാഹികളും ഫാ. ജോസ് പെണ്ണാപറമ്പിൽ (താമരശ്ശേരി രൂപത പ്രോ-ലൈഫ് ഡയറക്ടർ) ഡെന്നി മോസസ് (കോഴിക്കോട് രൂപത പ്രോ-ലൈഫ് ഡയറക്ടർ) ഹോളി റെഡിമർ പള്ളി വികാരി ഫാ. സൈമൺ മോസസ്, പാറോപ്പടി പള്ളി വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ, പിഎംഒസി ഡയറക്ടർ ഫാ. കുര്യൻ പുരമഠം, ഫാ. റിജു പള്ളിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## യൂദിത്ത് ഫോറം

### കൊന്ത നിർമ്മാണം ആരംഭിച്ചു

താമരശ്ശേരി രൂപതയിലെ വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച കൊന്ത നിർമ്മാണ യൂണിറ്റിന്റെ വെഞ്ചരിപ്പ് കർമ്മം താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. സിഎംസി സന്യാസിനി സമൂഹത്തിന്റെ തിരുവമ്പാടിയിലുള്ള കോൺവെന്റ് കെട്ടിടത്തിലെ യൂദിത്ത് ഫോറം ഓഫീസിൽ നടന്ന വെഞ്ചരിപ്പ് കർമ്മത്തിൽ യൂദിത്ത് ഫോറം രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, സിഎംസി പ്രൊവിൻഷ്യൽ സി. പവിത്ര സിഎംസി, രൂപത ആനിമേറ്റർ സി. റെനി സിഎംസി, സി. ട്രീസ സിഎംസി, സി. കുസുമം സിഎംസി, സി. റോസ് എസ്.ഡി രൂപത പ്രസിഡന്റ് ശ്രീമതി മേരി പൗലോസ് വിലങ്ങുപാറ, സെക്രട്ടറി പ്രസന്ന അഴകത്ത്, ട്രഷറർ ശ്രീമതി മിനി കൂടരഞ്ഞി തുടങ്ങിയവർ പ്രസംഗിച്ചു. ജപമാല കെട്ടൽ പോലുള്ള ചെറുകിട തൊഴിൽ പദ്ധതികൾ വിധവകളെ സാമ്പത്തികമായും ആധ്യാത്മികമായും ഉയർത്തുന്നതിന് ഉപകരിക്കുമെന്ന് ബിഷപ്പ് ഓർമിപ്പിച്ചു. സാധാരണക്കാർക്ക് വാങ്ങാൻ സാധിക്കുന്ന 20 രൂപ മുതൽ 200 രൂപ വരെയുള്ള നല്ല ക്വാളിറ്റി ജപമാലകൾ യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുകയും ഹോൾ സെയിൽ റേറ്റിൽ ഇടവകകളിലും കടകളിലും എത്തിച്ചു കൊടുക്കുന്നതുമാണ്. റീറ്റെയിൻ സെയിൽ ഇല്ല. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക: 6235234037, 8156931928

### യൂദിത്ത് ഫോറം മരിയാപുരം ശാഖ

പരിയാപുരം ഫാത്തിമാ മാതാ ഇടവകയിലെ യൂദിത്ത് ഫോറം അംഗങ്ങളുടെ ജൂലൈ മാസത്തെ സംഗമം 13.07.2024 ന് പാരിഷ് ഹാളിൽ വെച്ച് നടത്തി. രണ്ടാമത്തെ ഗ്രൂപ്പിലെ അമ്മമാർ ചേർന്നാണ് ഇപ്രാവശ്യത്തെ യോഗം സംഘടിപ്പിച്ചത്. ശ്രീമതി മോളി ഇടനാട്ട് യോഗത്തിന് സ്വാഗതം പറഞ്ഞു. ഗ്രൂപ്പ് ലീഡർ ശ്രീമതി ഗ്രേസി പൊരിയംവേലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ 40 അമ്മമാർ പങ്കെടുത്തു. ബഹു. ജെയിംസ് അച്ചൻ യോഗം ഉൽഘാടനം ചെയ്തു. ആനിമേറ്റർ സി. ഗീതാ വിഷയം അവതരിപ്പിച്ചു. ശ്രീമതി സോളി മറ്റത്തിൽ വചനസന്ദേശം നൽകി. ശ്രീമതി സിസിലി വെട്ടം ബൈബിൾ ക്വിസ് നടത്തി, വിജയികളെ തിരഞ്ഞെടുത്തു. SSLC/Plus 2 പരീക്ഷകൾക്ക് എല്ലാ വിഷയത്തിലും A+ കിട്ടിയ യുദിത്ത് ഫോറം അമ്മമാരുടെ കുട്ടികളോ പേരക്കുട്ടികളോ ആയ വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും നൽകുന്ന ക്യാഷ് അവാർഡ് ഈ വർഷം പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി കളപ്പുരക്കൽ വിതരണം ചെയ്തു. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സെക്രട്ടറി ശ്രീമതി സോളി മറ്റത്തിൽ അവ

തരിപ്പിച്ചു. എട്ട് വനിതകൾ ചേർന്ന് പലഹാരം, അച്ചാർ മുതലായവ ഉണ്ടാക്കി വിൽക്കുന്ന ഒരു സംരംഭം തുടങ്ങിയതിന്റെ ഔപചാരിക ഉദ്ഘാടനം വികാരിയച്ചൻ ഫാ. ജെയിംസ് വാമറ്റം നിർവഹിച്ചു. ശ്രീമതി റോസമ്മ തൂമ്പുങ്കൽ യോഗത്തിൽ പങ്കെടുത്ത ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

### കോടഞ്ചേരി സെന്റ് മേരിസ് പള്ളി

കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന പള്ളിയിലെ യൂദിത്ത് ഫോറം അംഗങ്ങളുടെ സംഗമം 29.6.2024 ന് വികാരി റവ. ഫാ. കുര്യാക്കോസ് ഐക്കുളമ്പലിന്റെ അധ്യക്ഷതയിൽ നടത്തി. മാതൃവേദി സെക്രട്ടറി ശ്രീമതി ഷേർളി സൈമൺ സ്വാഗതം ആശംസിച്ചു. രൂപത ആനിമേറ്റർ സി. റെനി ജോസ് സിഎംസി ഉദ്ഘാടനം നിർവഹിച്ചു. ഫൊറോന അസി. വികാരി ഫാ. തോമസ് മേലാട്ട്, ഫാ. സന്തോഷ് ചുവപ്പുങ്കൽ, യൂദിത്ത് ഫോറം രൂപതാ പ്രസിഡണ്ട് ശ്രീമതി മേരി പൗലോസ് എന്നിവർ ആശംസകൾ നേർന്നു. കോടഞ്ചേരി മാതൃവേദി പ്രസിഡന്റ് ശ്രീമതി ജിഷ ജോഷി ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. റവ. ഫാ. കുര്യാക്കോസ് ഐക്കുളമ്പിലി ന്റെ നേതൃത്വത്തിൽ ഇടവകയിലെ മാതൃവേദി അംഗങ്ങളും ചേർന്ന് യൂദിത്ത് ഫോറം അംഗങ്ങളെ മാതാവിന്റെ രൂപം നൽകി ആദരിച്ചു. തുടർന്ന് മാതൃവേദിയ അംഗങ്ങൾ കലാപരിപാടികൾ നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, ആനിമേറ്റർ സിസ്റ്റർ റെനി സിഎംസി എന്നിവർ ക്ലാസുകൾ നൽകി. യൂദിത്ത് ഫോറം അംഗം ശ്രീമതി ലൈസമ്മ ഏവർക്കും നന്ദിയർപ്പിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# കെ.സി.വൈ.എം എസ്.എം.വൈ.എം

## ഫോളിയ 2.0 പ്രകൃതി പഠന ക്യാമ്പ്

കെസിവൈഎം - എസ്എംവൈഎം താമരശേരി രൂപതയുടെ ത്രിദിന പ്രകൃതി പഠന ക്യാമ്പ് 'ഫോളിയ 2.0' ജൂൺ 21,22,23 തിയ്യതികളിൽ പൂഴിത്തോട് ഐസിയുപി സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. മരുതോങ്കര മേഖലയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ട ക്യാമ്പ് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ യു. ആഷിഖ് അലി ഉദ്ഘാടനം ചെയ്തു. മൂന്ന് ദിവസങ്ങളിലായി നടന്ന സഹവാസ ക്യാമ്പിൽ രൂപതയിലെ 11 മേഖലകളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട യുവജന പ്രതിനിധികൾ പരിസ്ഥിതി സംരക്ഷണം, പാരിസ്ഥിതിക നിയമങ്ങൾ, പശ്ചിമ ഘട്ടത്തിന്റെ പ്രസക്തി എന്നീ വിഷയങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. കെസിവൈഎം താമരശേരി രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ഇടവക വികാരി ഫാ. മാത്യു ചെറുവേലിൽ, രൂപത ജനറൽ സെക്രട്ടറി അലീന മാത്യു, ഐസിയുപി സ്കൂൾ ഹെഡ്മാസ്റ്റർ വിശാഖ് തോമസ്, രൂപത ആനിമേറ്റർ സിസ്റ്റർ റൊസീൻ എസ്എബിഎസ്, മേഖല പ്രസിഡന്റ് അബിൻ ആൻഡ്രൂസ്, പെരുവണ്ണാമൂഴി റേഞ്ച് ഫോറസ്റ്റ് ഓഫീസർ പ്രഭീഷ്, രൂപത വൈസ് പ്രസിഡന്റ് അലൻ ബിജു എന്നിവർ പ്രസംഗിച്ചു. മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിൽ, ആനിമേറ്റർ സിസ്റ്റർ ക്ലാരിസ്, സെക്രട്ടറി ലിറ്റോ തോമസ്, യൂണിറ്റ് പ്രസിഡെന്റ് ജിൻസ് ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

## വി. തോമസ് മൂർ ദിനാചരണം

കെ.സി.വൈ.എം. സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ ദിനത്തിന്റെ ഭാഗമായി ജൂൺ 22 ന് വി. കുർബാനയും, ആരാധനയും, ജപമാലയും, തോമസ് മൂർ അനുസ്മരണവും, മധുര വിതരണവും മരുതോങ്കര മേഖലയുടെ ആതിഥേയത്വത്തിൽ പൂഴിത്തോട് അമലോത്ഭവ മാതാ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ജൂൺ 23 ന് എല്ലാ യൂണിറ്റുകളിലും തോമസ് മൂർ ദിനാചരണം നടത്തുവാൻ ആഹ്വാനം ചെയ്തു.

## മേഖല അർദ്ധ വാർഷിക സെനറ്റ് സമ്മേളനങ്ങൾ

ജൂൺ 23 ന് ഉച്ചക്ക് 1 മണിക്ക് വിലങ്ങാട് മേഖലയിലും, ഉച്ചകഴിഞ്ഞ് 2.30 മണിക്ക് മരുതോങ്കര മേഖലയിലും, വൈകുന്നേരം 3.30 ന് കൂരാച്ചുണ്ട് മേഖലയിലും അർദ്ധവാർഷിക സെനറ്റ് സമ്മേളനം നടത്തപ്പെട്ടു.

ജൂൺ 30 ന് രാവിലെ 11 മണിക്ക് കോടഞ്ചേരി മേഖലയിലും, ഉച്ച കഴിഞ്ഞ് 2.00 മണിക്ക് തിരുവമ്പാടി മേഖലയിലും, വൈകുന്നേരം 3.00 ന് തോട്ടുമുക്കം മേഖലയിലും അർദ്ധവാർഷിക സെനറ്റ് സമ്മേളനം നടത്തപ്പെട്ടു.

ജൂലൈ 6 ന് ഉച്ച കഴിഞ്ഞ് 2.00 മണിക്ക് മലപ്പുറം മേഖലയിലും, ജൂലൈ 7 ന് ഉച്ച കഴിഞ്ഞ് 2.00 മണിക്ക് പെരിന്തൽമണ്ണ മേഖലയിലും, വൈകുന്നേരം 3.00 ന് കരുവാരകുണ്ട് മേഖലയിലും അർദ്ധവാർഷിക സെനറ്റ് സമ്മേളനം നടത്തപ്പെട്ടു.

മേഖല അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾ:

### *കൂരാച്ചുണ്ട് മേഖല*

| | | |
|---|---|---|
| പ്രസിഡന്റ് | : | അതുല്യ ബെന്നി കാറ്റുള്ളമല |
| വൈ. പ്രസിഡന്റ് | : | ക്രിസ്റ്റി ജോസഫ് ചക്കിട്ടപ്പാറ |
| ജോ. സെക്രട്ടറി | : | എൽറ്റ മരിയ കുളത്തുവയൽ |
| രൂപതാ പ്രതിനിധി | : | എബിൻ തോമസ് കൂരാച്ചുണ്ട് |

### *തോട്ടുമുക്കം മേഖല*

| | | |
|---|---|---|
| അനിമേറ്റർ | : | സി. ജോൺസി SH |
| പ്രസിഡന്റ് | : | മൈക്കിൾ പീടികപ്പാറ |
| സെക്രട്ടറി | : | നൈജിൽ ചുണ്ടത്തുംപൊയിൽ |

### *കരുവാരകുണ്ട് മേഖല*

| | | |
|---|---|---|
| പ്രസിഡന്റ് | : | റിനു ജോസ് കാളികാവ് |
| വൈ. പ്രസിഡന്റ് | : | റോസ്ന വാണിയമ്പലം |
| സെക്രട്ടറി | : | ആൻലിസ ജോർജ് പാതിരിക്കോട് |
| ജോ. സെക്രട്ടറി | : | സനൽ ജോസഫ് വാണിയമ്പലം |
| രൂപതാ പ്രതിനിധി | : | ജിത്തു മോൻ കാളികാവ് |

### *പെരിന്തൽമണ്ണ മേഖല*

| | | |
|---|---|---|
| വൈ. പ്രസിഡന്റ് | : | അനു അഗസ്റ്റിൻ |
| സെക്രട്ടറി | : | ആൽവിൻ ജോസഫ് |
| ജോ. സെക്രട്ടറി | : | റിയ ജോസ്സി |
| രൂപതാ പ്രതിനിധി | : | അഖിൽ ജോസഫ് |

## ഇമെയിൽ ക്യാമ്പയിൻ

ജൂലൈ 3 ദുക്റാന തിരുനാൾ ദിനത്തിൽ നടത്തുന്ന കാലിക്കറ്റ്, എം.ജി. യൂണിവേഴ്സിറ്റി പരീക്ഷകൾ മാറ്റണമെന്ന് ആവശ്യപ്പെട്ട് കാലിക്കറ്റ്, എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർമാർക്ക് 1000 ഇമെയിൽ അപേക്ഷകൾ അയക്കാൻ ആഹ്വാനം ചെയ്ത് ഇമെയിൽ ക്യാമ്പയിൻ നടത്തുകയും, ദുക്റാന തിരുനാൾ ദിനത്തിൽ നടത്താൻ തീരുമാനിച്ച പി.ജി. നാലാം സെമസ്റ്റർ പരീക്ഷകൾ മാറ്റണമെന്ന് ആവശ്യപ്പെട്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലർക്ക് കെ.സി.വൈ.എം. താമരശ്ശേരി രൂപത പരാതി സമർപ്പിക്കുകയും ചെയ്തു.

## കാൻയൻ: പ്രകൃതി പഠന ശിബിരം

ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ നെടുംകണ്ടത്ത് ജൂൺ 28,29,30 തിയ്യതികളിൽ കെസിവൈഎം സംസ്ഥാന സമിതി ഒരുക്കിയ പരിസ്ഥിതി പഠന ശിബിരം കാൻയൻ ക്യാംപിൽ രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം അഭിലാഷ് കുടിപ്പാറ, രൂപത വൈസ് പ്രസിഡന്റ് അലൻ ബിജു, രൂപത സമിതിയംഗം അബിൻ പാലാട്ട് എന്നിവർ പങ്കെടുത്തു.

## യുവജന ഞായർ

ജൂലൈ 6,7 ദിവസങ്ങളിൽ എല്ലാ യൂണിറ്റ് കേന്ദ്രങ്ങളിലും യുവജന ഞായർ ആഘോഷങ്ങൾ നടത്തി. യുവജനങ്ങൾ ഒന്നിച്ചു കൂടുകയും, പുതിയ അംഗങ്ങളെ സ്വാഗതം ചെയ്യുകയും ചെയ്തു.

## രൂപത അർദ്ധ വാർഷിക സെനറ്റ്

2024 പ്രവർത്തന വർഷത്തെ രൂപതാ അർദ്ധവാർഷിക സെനറ്റ് ജൂലൈ 13 ന് എംഎംപിസി യിൽ സംഘടിപ്പിച്ചു. പതാക ഉയർത്തലോടെ ആരംഭിച്ച സെനറ്റിന്റെ ഉദ്ഘാടനം എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റ് അലക്സ് തോമസ് നിർവഹിച്ചു. ഇടുക്കി രൂപത വൈസ് പ്രസിഡന്റ് സച്ചിൻ സിബി മുഖ്യാതിഥിയായിരുന്നു. രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി അലീന മാത്യു സ്വാഗതം പറഞ്ഞു. രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ആനിമേറ്റർ സി. റൊസീൻ എസ്.എ.ബി.എസ്, വിശാഖ് തോമസ്, അലോണ ജോൺസൺ എന്നിവർ സംസാരിച്ചു. 10 മേഖലകളിൽ നിന്നായി 65 ഓളം സെനറ്റ് അംഗങ്ങൾ പങ്കെടുത്തു. മേഖല റിപ്പോർട്ട് അവതരണം, രൂപത റിപ്പോർട്ട് അവതരണം, സംഘടന ചർച്ച എന്നിവ നടത്തി. പുതിയ രൂപത സെക്രട്ടറിയായി മലപ്പുറം യൂണിറ്റ് അംഗം ആന്റണി ജോസഫിനെ തിരഞ്ഞെടുത്തു.

## അത്‌ലറ്റിക്കോസ് ഫുട്ബോൾ ടൂർണ്ണമെന്റ്

താമരശ്ശേരി രൂപതയുടെ കായിക മാമാങ്കമായ അത്‌ലറ്റിക്കോസ് 2024 ഫുട്ബോൾ ടൂർണ്ണമെന്റ് ജൂലൈ 16 ന് പാറോപ്പടി സിൽവർ ഹിൽസ് സ്കൂളിൽ,

ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ ഉദ്ഘാടനം ചെയ്തു. 33 ടീമുകൾ ഏറ്റുമുട്ടിയ പോരാട്ടത്തിനൊടുവിൽ ചാമ്പ്യൻസ് കിരീടം കൂരാച്ചുണ്ട് യൂണിറ്റും, ഫസ്റ്റ് റണ്ണർഅപ്പ് കിരീടം പന്തല്ലൂർ യൂണിറ്റ് B ടീമും, സെക്കന്റ് റണ്ണർഅപ്പ് കിരീടം കരിയാത്തുംപാറ യൂണിറ്റും കരസ്ഥമാക്കി. പാറോപ്പടി മേഖലയുടെ ആതിഥേയത്വത്തിൽ നടന്ന ഫുട്ബോൾ ടൂർണ്ണമെന്റിന് രൂപത സ്പോർട്സ് വിങ് നേതൃത്വം നൽകി.

## പി.എസ്.സി. പരീക്ഷാർത്ഥികളോട് തുടരുന്ന പരിഹാസം അവസാനിപ്പിക്കുക

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണഘടനാ സ്ഥാപനമായ പബ്ലിക് സർവീസ് കമ്മീഷൻ (PSC) തുടരെ നടത്തുന്ന പരീക്ഷകൾക്ക് ശേഷം ചോദ്യകർത്താക്കളുടെ പിഴവ് മൂലം ചോദ്യങ്ങൾ പിൻവലിക്കുന്നത് പതിവായി മാറുന്ന സാഹചര്യത്തിൽ, ആയിരങ്ങളുടെ പ്രതീക്ഷകൾ തുലാസ്സിലാക്കുന്ന ഈ ദുർനടപടി അവസാനിപ്പിക്കാൻ ഒരു ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ പി.എസ്.സി. തയ്യാറാവുക എന്ന് ആവശ്യപ്പെട്ടു.

## യുവ 2024 കലോത്സവം

താമരശ്ശേരി രൂപതയുടെ യുവജന കലോത്സവം ജൂലൈ 28 ഞായറാഴ്ച ആരംഭിക്കുമ്പോൾ രചനാ, കലാ മത്സരങ്ങളുടെ നിയമാവലി പ്രസ്സിദ്ധീകരിച്ചു.

## വരും ദിനങ്ങളിൽ രചനാ മത്സരങ്ങൾ

മേഖലാതല രചനാ മൽസരങ്ങൾ ജൂലൈ 28, ഞായറാഴ്ച ഉച്ചകഴിഞ്ഞ് മേഖല കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു.

രൂപതാതല രചനാമത്സരങ്ങൾ ഓഗസ്റ്റ് 20 ന് ഉച്ചകഴിഞ്ഞ് രൂപതാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു.

**വുമൺസ (womenza) 2K24:** കെസിവൈഎം-എസ്എംവൈഎം സംസ്ഥാന വനിതാ സമിതിയുടെ ആഭിമുഖ്യത്തിൽ കെസി വൈഎം എസ്എംവൈഎം താമരശ്ശേരി രൂപതാ സമിതി ഓഗസ്റ്റ് 9,10,11 ദിവസങ്ങളിലായി പുതുപ്പാടി ലിസ്സ കോളജിൽ വച്ച് വനിതാ സംഗമം നടത്തുന്നു. സ്ത്രീ ശാക്തീകരണം, നൂതന സംരംഭ സാധ്യതകൾ, കുടുംബം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. കേരളത്തിലെ മൂന്ന് റീത്തുകളിൽ നിന്നുമായി 120 ഓളം യുവതികൾ സംഗമത്തിൽ പങ്കെടുക്കുന്നു.

**ആർട്ട് ക്യാമ്പ്:** രൂപതാ തല രചനാ മത്സരങ്ങൾക്ക് ഒരുക്കമായി ഓഗസ്റ്റ് 20 ന് രാവിലെ മുതൽ ഉച്ചവരെ സമയങ്ങളിൽ രൂപതാകേന്ദ്രത്തിൽ വച്ച് ആർട്ട് ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം - എസ്.എം.വൈ.എം

# കത്തോലിക്കാ കോൺഗ്രസ്

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപതയുടെ 2024-2027 വർഷത്തേക്കുള്ള പ്രതിനിധി സഭയുടെ ആദ്യ യോഗം 2024 മെയ് 17 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രൂപത ഭരണാധികാരികളായ ഫാ. സബിൻ തൂമുള്ളിൽ, അഡ്വ. ജിമ്മി ജോർജ് എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. 2024-2027 വർഷത്തേക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡണ്ട് | : | ഡോ. ചാക്കോ കാളംപറമ്പിൽ |
| ജന. സെക്രട്ടറി | : | ഷാജി കണ്ടത്തിൽ |
| ട്രഷറർ | : | സജി ജെ. കരോട്ട് |
| വൈസ് പ്രസിഡന്റുമാർ | : | അനീഷ് വടക്കേൽ, ഷാന്റോ തകിടിയേൽ, അൽഫോൻസ ഷില്ലി കാരേകുടിയിൽ |
| ഗ്ലോബൽ പ്രതിനിധി | : | ബേബി കിഴക്കേഭാഗം |
| സെക്രട്ടറിമാർ | : | പ്രിൻസ് തിനംപറമ്പിൽ, സാബു വടക്കേപ്പടവിൽ, തേജസ് കറുകയിൽ, ജോൺസൺ കക്കയം, ഡോ. ജോൺ കട്ടക്കയം |
| എക്സിക്യൂട്ടീവ് അംഗങ്ങൾ | : | ജോൺസൺ മാമൂട്ടിൽ, സുനിൽ തോമസ് കണ്ടത്തിൻകര, ട്രീസ ലിസ് സെബാസ്റ്റ്യൻ ഞരളക്കാട്ട്, ജോസഫ് തോമസ് മൂത്തേടത്ത്, ജസ്റ്റിൻ തോമസ് തറപ്പേൽ, ബിബിൻ തോമസ് കുന്നത്ത്, ബോബൻ വർഗീസ് കൊക്കപ്പുഴ, പൗളിൻ മാത്യു ചേന്നപ്പിള്ളി, സാജൻ ജോൺ ഇടവഴിക്കൽ, ജോബി ആന്റണി ഇലഞ്ഞിക്കൽ, ബേബി വട്ടോട്ടുതറപ്പേൽ, ടോമി ചക്കിട്ടമുറിയിൽ. |

തെരഞ്ഞെടുപ്പിനുശേഷം അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ രൂപത ഫൊറോനാ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അങ്ങനെ പുതിയ ഭരണസമിതി അധികാരത്തിൽ വന്നു.

## മോസസ് 2024 രൂപത സമിതി അംഗങ്ങളുടെ നേതൃത്വ പരിശീലന ശില്പശാല

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് മീറ്റിങ്ങും എക്സിക്യൂട്ടീവ് അംഗങ്ങൾക്കുള്ള ട്രെയിനിങ് പ്രോഗ്രാമും 2024 ജൂൺ 23, 24 തീയതികളിൽ കോഴിക്കോട് സ്റ്റാർട്ടിൽ വെച്ച് നടന്നു. 21 എക്സിക്യൂട്ടീവ് അംഗങ്ങളും അഞ്ചു ഫൊറോന പ്രസിഡന്റുമാരും യോഗത്തിൽ പങ്കെടുത്തു. 23-ാം തീയതി ഉച്ചയ്ക്കുശേഷം 3.30ന് ആരംഭിച്ച ട്രെയിനിങ് പ്രോഗ്രാമിൽ ശ്രീ. കെ. കെ. ജോർജ് ഐസ് ബ്രേക്കിംഗ് സെഷന് നേതൃത്വം കൊടുത്തു. കത്തോലിക്കാ കോൺഗ്രസിന്റെ ഘടനയും പ്രവർത്തനരീതിയും എന്ന വിഷയത്തെക്കുറിച്ച് ഡോ. ചാക്കോ കാളംപറമ്പിൽ ക്ലാസുകൾ നയിച്ചു. 24-ാം തീയതി ന്യൂനപക്ഷ അവകാശങ്ങളും സംവരണ നിയമങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഫാ. സബിൻ തൂമുള്ളിൽ ക്ലാസ് നയിച്ചു. തുടർന്ന് 2024-2025 പ്രവർത്തന വർഷത്തിന്റെ മാർഗ്ഗരേഖയെ കുറിച്ചുള്ള ചർച്ചനടത്തി. തുടർന്നുള്ള അവലോകനത്തിനും റിപ്പോർട്ട് അവതരണത്തിനും ഷാജി കണ്ടത്തിൽ ട്രീസ ഞരളക്കാട്ട് എന്നിവർ നേതൃത്വം നൽകി . തുടർന്ന് വിമൻസ് കൗൺസിലിനെ കുറിച്ച് ട്രീസ ലിസ് സെബാസ്റ്റ്യനും, യൂത്ത് കൗൺസിലിനെ കുറിച്ച് ജസ്റ്റിൻ തറപ്പേലും, മീഡിയ വിങ്ങിനെക്കുറിച്ച് ജോസഫ് മൂത്തേടത്തും വിഷയാവതരണങ്ങൾ നടത്തി. തുടർന്ന് ഫണ്ട് മോബിലൈസേഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ഷാന്റോ തകിടിയേലും, ട്രഷറർ സജി കരോട്ടും പദ്ധതികൾ അവതരിപ്പിച്ചു. താമരശ്ശേരി രൂപതയിലെ കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ടി നാല് റീജനുകളായി തിരിച്ച് രൂപത വൈസ് പ്രസിഡന്റ്മാരെയും സെക്രട്ടറിമാരെയും ചുമതലകൾ ഏൽപ്പിച്ചു. സമാപന സമ്മേളനത്തിൽ ഡോ. കാളംപറമ്പിൽ അധ്യക്ഷൻ വഹിച്ചു. സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിൽ ആശംസകൾ നേർന്ന് സംസാരിച്ചു. കത്തോലിക്ക കോൺഗ്രസിന്റെ രണ്ട് ദിവസത്തെ സംഗമത്തിന് സ്റ്റാർട്ടിൽ അവസരം നൽകിയ ഡയറക്ടർ സുബിൻ അച്ചനും പങ്കെടുത്ത മറ്റുള്ളവർക്കും നന്ദി പറഞ്ഞുകൊണ്ട് മോസസ് 2024 ന് സമാപനം കുറിച്ചു.

## ഫൊറോനാ സംഗമങ്ങൾ

താമരശ്ശേരി രൂപതയിലെ വിവിധ ഫൊറോനകളിൽ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ഫൊറോന സംഗമങ്ങൾ നടന്നു. തിരുവമ്പാടി, തോട്ടുമുക്കം ഫൊറോനകളിൽ 2024-2027 വർഷത്തേക്കുള്ള പ്രവർത്തന വർഷ ഉദ്ഘാടനവും രൂപത ഭാരവാഹികൾക്ക് സ്വീകരണവും നൽകി. മറ്റ് ഫൊറോനകളിൽ എക്സിക്യൂട്ടീവ് സമിതി ചേരുകയും വാർഷിക പദ്ധതികൾ പ്ലാൻ ചെയ്യുകയും ചെയ്തു.

## കത്തോലിക്ക കോൺഗ്രസ് സമുദായ നേതൃസംഗമം തിരുവമ്പാടിയിൽ

കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത ഏകദിന സമുദായ നേതൃ സംഗമം 'ചോസൻ 24' തിരുവാമ്പാടി പള്ളി പാരിഷ് ഹോൾ ഓഡിറ്റോറിയ ത്തിൽ (ബേബി പെരുമാലി നഗർ) രാവിലെ 8.30ന് രജിസ്ട്രേഷനോട് കൂടി ആരംഭിച്ചു. 9.00 മണിക്ക് രൂപത പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ പതാക ഉയർത്തുകയും പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. 9.00 മണി ക്ക് രൂപത വൈസ് പ്രസിഡന്റ് അനീഷ് വടക്കേൽ എല്ലാവർക്കും സ്വാഗതം ആ ശംസിച്ചു. തുടർന്ന് കത്തോലിക്ക കോൺഗ്രസിന്റെ ചരിത്ര വഴികളിലൂടെ എന്ന വിഷയത്തെക്കുറിച്ച് ട്രീസ ലിസ് സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. തുടർന്ന് കത്തോലിക്ക കോൺഗ്രസ് സംഘടനയുടെ ഘടനയും പ്രവർത്തനരീതിയും എന്ന വിഷയത്തെക്കുറിച്ച് ഡോ. ചാക്കോ കാളംപറമ്പിൽ ക്ലാസിന് നേതൃത്വം നൽകി. തുടർന്ന് വിവിധ കൗൺസിലുകളെക്കുറിച്ചുള്ള വിഷയാവതരണങ്ങൾ നടന്നു. യൂത്ത് കൗൺസിലിനെ കുറിച്ച് ജസ്റ്റിൻ തറപ്പേലും, മീഡിയ വിങ്ങിനെക്കുറിച്ച് ജോസഫ് മൂത്തേടത്തും, വിമൻസ് കൗൺസിലിനെ കുറിച്ച് ട്രീസ ഞരളക്കാട്ടും വിഷയങ്ങൾ അവതരിപ്പിച്ചു. തുടർന്ന് താമരശ്ശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ COD യുടെ വിവിധ പദ്ധതികളെക്കുറിച്ച് ഫാ. സായി പാറൻ കുളങ്ങര ക്ലാസ്സുകൾ നയിച്ചു.

ഉച്ചയ്ക്ക് ശേഷം പൊതുസമ്മേളനം ആരംഭിച്ചു. രൂപത ജന. സെക്രട്ടറി ശ്രീ. ഷാജി കണ്ടത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. കത്തോലിക്കാ കോൺ ഗ്രസ് ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ യോഗം ഉദ്ഘാ ടനം ചെയ്തു. സമ്മേളനത്തിന് ഡോ. ചാക്കോ കാളാംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പാറോപ്പടി, താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം എന്നീ ഫൊറോനകളിൽ നിന്നും ശാഖ നേതാക്കൾ പങ്കെടുത്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, ഫാ. സായി പാറൻകുളങ്ങര, ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് ട്രീസ ലിസ് സെബാ സ്റ്റ്യൻ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. കത്തോലിക്കാ കോൺഗ്രസ് മുൻ പ്രസിഡണ്ട് ശ്രീ. ബേബി പെരുമാലിയുടെ ചരമവാർഷിക അ നുസ്മരണം നടത്തി. സമൂഹത്തിൽ ആതുരസേവന രംഗത്ത് പതിറ്റാണ്ടുകളാ യി സേവനം അനുഷ്ഠിച്ചുവരുന്ന ഡോക്ടർ ഒ.യു. അഗസ്തി, ഡോ. പി. എം മ ത്തായി, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ഫാ. സജി മങ്ങരയിൽ, വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയ ഡോ. ഷൈജു അതിരമ്പുഴ, ഡോ. ആനി സ്റ്റെഫി, ഡോ. അലോഷ് ജയിംസ്, ഡോ. ആൻട്രീസ ജോസി, ഡോ. ജ്യോതി എം ജോയ്, ഡോ. സിബിൻ സെബാസ്റ്റ്യൻ, ഡോ.

സിജു എബ്രഹാം എന്നിവരെ പൊന്നാടയും പ്രശസ്തിഫലകവും നൽകി സമിതി ആദരിച്ചു. 2024-25 വർഷത്തേക്കുള്ള കത്തോലിക്ക കോൺഗ്രസ് പ്രവർത്തന മാർഗ്ഗരേഖ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. ഫാ. സബിൻ തൂമുള്ളിൽ തയ്യാറാക്കിയ എയ്ഡർ ഫൗണ്ടേഷന്റെ കൈപ്പുസ്തകത്തിന്റെ പ്രകാശനം ബിഷപ്പ് നിർവഹിച്ചു. ജനറൽ കൺവീനർ ഷാജി കണ്ടത്തിൽ , ജന. കോഡിനേറ്റർ ജോസഫ് പുലക്കുടിയിൽ, ജോസഫ് മൂത്തേടത്ത്, ജസ്റ്റിൻ തറപ്പേൽ, ഷില്ലി സെബാസ്റ്റ്യൻ, പ്രിൻസ് തിനംപറമ്പിൽ, അനീഷ് വടക്കേൽ, രാജൻ ചെമ്പകത്തിൽ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

### കത്തോലിക്കാ കോൺഗ്രസ് നേതൃസംഗമം പെരിന്തൽമണ്ണയിൽ

പെരിന്തൽമണ്ണ, മരിയാപുരം, മലപ്പുറം കരുവാരക്കുണ്ട് മേഖലകളുടെ നേതൃസംഗമം ജൂലൈ 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണി മുതൽ പെരിന്തൽമണ്ണ അൽഫോൻസ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പതാക ഉയർത്തിയതിന് ശേഷം രൂപത വൈസ് പ്രസിഡന്റ് ഷാന്റോ തകിടിയൽ സ്വാഗതം പറഞ്ഞു തുടർന്ന് സമുദായ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും സംവരണ അവകാശങ്ങളെക്കുറിച്ചും ഫാ. സബിൻ തൂമുള്ളിൽ ക്ലാസുകൾ നയിച്ചു. തുടർന്ന് സംഘടനയുടെ ഘടനയും പ്രവർത്തനരീതിയും എന്ന വിഷയത്തെക്കുറിച്ച് കാളംപറമ്പിൽ ക്ലാസ് എടുത്തു. യൂത്ത് കൗൺസിൽ, മീഡിയ കൗൺസിൽ, വിമൻസ് കൗൺസിൽ എന്നീ കൗൺസിലുകളെ രൂപത യൂത്ത് കോഡിനേറ്റർ ജസ്റ്റിൻ തറപ്പേൽ പരിചയപ്പെടുത്തി.

### ന്യൂനപക്ഷ കമ്മീഷൻ സെമിനാർ കോഴിക്കോട്

2024 ജൂൺ 22ന് കോഴിക്കോട് കോവൂരിൽ വച്ച് നടന്ന ന്യൂനപക്ഷ കമ്മീഷൻ വിളിച്ചു ചേർത്ത സെമിനാറിൽ 40 ഓളം കത്തോലിക്ക കോൺഗ്രസ് അംഗങ്ങൾ പങ്കെടുത്തു. കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പുകൾ ലഭിക്കാത്തതിനുള്ള കാരണവും, വിതരണത്തിലുള്ള അപാകതയും, വിവേചനവും എന്താണെന്ന് വ്യക്തമാക്കണമെന്നും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലൂടെ ലഭിക്കേണ്ട ലോൺ, ഫണ്ടില്ല, ഉദ്യോഗസ്ഥരില്ല എന്നുള്ള കാരണങ്ങൾ പറഞ്ഞ് നിരസിക്കുന്നത് അനീതിയാണെന്നും എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്നത് മനസ്സിലാക്കി തരണമെന്നും, ന്യൂനപക്ഷ ക്രൈസ്തവ സമൂഹം നേരിടുന്ന മറ്റ് പ്രതിസന്ധികളും, അനീതികളും ഫാ. സബിൻ തൂമുള്ളിൽ പ്രസ്തുത യോഗത്തിൽ ചൂണ്ടിക്കാട്ടി.

## പ്രസ്താവനകളും പ്രതിഷേധക്കുറിപ്പുകളും

* സഭയും ക്രൈസ്തവ സമൂഹവും നേരിടുന്ന അധിക്ഷേപങ്ങൾക്കും മറ്റും കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത അതാതവസരങ്ങളിൽ പത്രക്കുറിപ്പിലൂടെയും പ്രസ്താവനകളിലൂടെയും പ്രതിഷേധങ്ങൾ അറിയിച്ചു.
* ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം ക്രൈസ്തവരോടുള്ള അവഗണനയ്ക്കുള്ള മറുപടിയാണെന്ന് താമരശ്ശേരി രൂപത മുന്നറിയിപ്പ് നൽകി.
* 60 ലക്ഷത്തോളം വരുന്ന സുറിയാനി ക്രിസ്ത്യാനികൾ പാവനമായി കണ്ട് ആചരിച്ചുവരുന്ന ദിവസമായ ജൂലൈ 3 ദുക്റാന തിരുനാൾ ദിനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകൾ വച്ച് ക്രിസ്ത്യാനികളുടെ വിശ്വാസത്തിന് കൂച്ച് വിലങ്ങിടാൻ ശ്രമിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഇരട്ടത്താപ്പിനെതിരെ താമരശ്ശേരി രൂപത കത്തോലിക്കാ കോൺഗ്രസ് പ്രസ്താവനയിലൂടെ പ്രതിഷേധം രേഖപ്പെടുത്തി. പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള പരാതി കേരള ഗവണർക്കും, വകുപ്പ് മന്ത്രിക്കും അയച്ചു.
* ഈശോയുടെ തിരുഹൃദയരൂപം മോർഫ് ചെയ്ത് സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിച്ച് പരിശുദ്ധ ത്രീത്വത്തെ അവഹേളിക്കാൻ ശ്രമിച്ചവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത പത്രക്കുറിപ്പിലൂടെ ആവശ്യപ്പെട്ടു.
* സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ കോഴിക്കോട് വെച്ച് നടത്തിയ ജില്ലാ തല സെമിനാറിന്റെ ആലോചനാ യോഗത്തിൽ കത്തോലിക്ക കോൺഗ്രസിന്റെ പ്രതിനിധികളെ അറിയിക്കാതെ പങ്കാളിത്തം നൽകാതെ അവഗണിച്ചതിൽ കത്തോലിക്ക കോൺഗ്രസ് രൂപത എക്സിക്യൂട്ടീവ് പ്രതിഷേധം രേഖപ്പെടുത്തി.

## ജൂലൈ 3 സഭാ ദിനം

കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത മാർത്തോമാ ശ്ലീഹായുടെ തിരുനാളായ ജൂലൈ 3 സഭാ ദിനമായി ആചരിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം യൂണിറ്റുകളിൽ പതാക ഉയർത്തുകയും സീറോ മലബാർ സഭയുടെ ഏക സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസിന്റെ ഭാഗമായിക്കൊണ്ട് പൂർവികർ പകർന്നു തന്ന വിശ്വാസത്തിന്റെ മൂല്യങ്ങൾക്ക് വേണ്ടി ജീവിക്കുകയും ആ വിശ്വാസ മൂല്യങ്ങൾ വരും തലമുറയ്ക്ക് കൈമാറുകയും ചെയ്യും എന്നും കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ പ്രതിജ്ഞ എടുത്തു. വിവിധ യൂണിറ്റുകളിൽ പതാക ഉയർത്തലിന് വികാരിയച്ചന്മാരും യൂണിറ്റ് പ്രസിഡന്റുമാരും നേതൃത്വം നൽകി.

## രക്തദാന ക്യാമ്പ് കത്തോലിക്കാ കോൺഗ്രസ് മുക്കം യൂണിറ്റിൽ

കത്തോലിക്ക കോൺഗ്രസ് മുക്കം യൂണിറ്റിന്റെയും എം.വി. ആർ ക്യാൻസർ സെന്ററിന്റെയും സംയുക്ത അഭിമുഖ്യത്തിൽ രക്ത ദാനവും രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പും നടത്തി. മുക്കം സേക്രഡ് ഹാർട്ട് പള്ളിയുടെ പാരിഷ് ഹാളിൽ നടന്ന ക്യാമ്പിൽ 80 ഓളം പേർ പങ്കെടുത്തു 45 ഓളം പേർ രക്തം ദാനം ചെയ്തു. മുക്കം ഇടവക വികാരി ഫാ. ജോൺ ഒറവുംകര പരിപാടി ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് മുക്കം യൂണിറ്റ് പ്രസിഡന്റ് അഡ്വ. വർഗീസ് പാലക്കീൽ, സെക്രട്ടറി രാജൻ ചൂരപ്പൊയ്കയിൽ, ട്രഷറർ ലോവൽ പള്ളിതാഴത്ത്, എം. വി. ആർ ഇൻചാർജ് ഡോ. നിധിൻ ഹെൻറി എന്നിവർ നേതൃത്വം നൽകി.

## LET' S - Learning Through Enlightening Training Sessions

പൗരബോധമുള്ള പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 6 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്ര വളർച്ചയെ സാധ്യമാക്കുന്ന പരിശീലന പരിപാടിയാണ് "LET'S. കത്തോലിക്കാ കോൺഗ്രസ് മരഞ്ചാട്ടി യൂണിറ്റ് നേതൃത്വം വഹിക്കുന്ന ഈ പരിശീലനം വിദഗ്ദരായ റിസോഴ്സ് പേഴ്സൺസ് ആണ് നയിക്കുന്നത്. PSC, UPSC, വിവിധ ബാങ്ക് ടെസ്റ്റുകൾ, കോമ്പറ്റിറ്റീവ് എക്സാം തുടങ്ങി വിവിധ മേഖലകളിലേക്ക് പ്രവേശിക്കുന്നതിന് ആവശ്യമായ അടിസ്ഥാന ബോധനം പകരുക എന്നതാണ് ഈ പരിശീലന പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. 2023 സെപ്റ്റംബർ രണ്ടിനാണ് ഈ ട്രെയിനിങ് പ്രോഗ്രാമിന് തുടക്കം കുറിക്കപ്പെട്ടത്. മരഞ്ചാട്ടി പള്ളി വികാരി ഫാ. കുര്യൻ താന്നിക്കലിന്റെ അധ്യക്ഷതയിൽ കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ LET'S ന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. രൂപത ഫൊറോന പ്രതിനിധികൾ സന്നിഹിതരായിരുന്നു. 16.6.2024ന് ഈ വർഷത്തെ ട്രെയിനിങ് പ്രോഗ്രാമിന് ആരംഭം കുറിക്കുകയും അതോടൊപ്പം സെമിനാറും പിടിഎ മീറ്റിങ്ങും നടത്തുകയുണ്ടായി. തോമസ് വലിയപറമ്പിൽ പരിപാടിക്ക് നേതൃത്വം നൽകി.

## മെഗാ മെഡിക്കൽ ക്യാമ്പ്

തോട്ടുമുക്കം കത്തോലിക്ക കോൺഗ്രസ് യൂണിറ്റിന്റെയും, അൽഫോൻസാ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും നേതൃത്വത്തിൽ ജൂൺ 15 ശനിയാഴ്ച തോട്ടുമുക്കം സെന്റ് തോമസ് പള്ളി പാരിഷ് ഹാളിൽ വച്ച് മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. എം. വി. ആർ ക്യാൻസർ സെന്റർ കോഴിക്കോടിന്റെയും ആസ്റ്റർ മദർ ഹോസ്പിറ്റൽ അരീക്കോടിന്റെ സഹകരണത്തോടെയും നടത്തപ്പെട്ട ക്യാമ്പിലും, ക്യാൻസർ ബോധവൽക്കരണ ക്ലാസിലും ധാരാളം ആളുകൾ പങ്കെടുത്തു. തോട്ടുമുക്കം ഫൊറോന പള്ളി വികാരി ഫാ. ബെന്നി കാരക്കാട്ടിലിന്റെ സാന്നിധ്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദിവ്യ ഷിബു ഉദ്ഘാടനം

നിർവഹിച്ചു. രൂപത സെക്രട്ടറി സാബു വടക്കേപ്പടവിൽ, തോമസ് മുണ്ടപ്ലാക്കൽ, ഷാജു പനയ്ക്കൽ, സെബാസ്റ്റ്യൻ തൂവത്തുംകുടിയിൽ, ജിയോ വിട്ടുകാട്ടിൽ, ചിന്നമ്മ തറപ്പുതൊട്ടിയിൽ എന്നിവർ നേതൃത്വം നൽകി.

### രോഗീ സഹായനിധി

കത്തോലിക്കാ കോൺഗ്രസ് വാലില്ലാപ്പുഴ യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ ഒരു ക്യാൻസർ രോഗിക്ക് മുപ്പതിനായിരം രൂപയുടെ സഹായ ഫണ്ട് സ്വരൂപിച്ച് നൽകി ഫാ. മാത്യു കണ്ടശാംകുന്നേൽ, ഫൊറോന പ്രസിഡന്റ് ജെയിംസ് തൊട്ടിയിൽ എന്നിവർ നേതൃത്വം നൽകി.

### ആദരാഞ്ജലികൾ

കത്തോലിക്ക കോൺഗ്രസ് കാറ്റുള്ളമല യൂണിറ്റ് ട്രഷറർ ബേബി മുണ്ടയ്ക്കപ്പടവിലിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

### ആഗസ്റ്റ് മാസത്തിലെ പ്രധാന കർമ്മ പദ്ധതികൾ

### ചോസൻ 24

ആഗസ്റ്റ് 3 ശനിയാഴ്ച കത്തോലിക്ക കോൺഗ്രസ് നേതൃസംഗമം 'ചോസൻ 24' കൂരാച്ചുണ്ടിൽ വെച്ച് നടത്തുന്നു കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട് ഫൊറോനകളിൽ നിന്നുള്ള നേതാക്കൾ പങ്കെടുക്കുന്നു

### വൈദിക ദിനം

ആഗസ്റ്റ് 4 ന് വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റുകളിൽ വൈദിക ദിനം ആചരിക്കുകയും യൂണിറ്റ് ഡയറക്ടർ അച്ചന്മാരെ ആദരിക്കുകയും ചെയ്യുന്നു.

### സ്വാതന്ത്ര്യ ദിനം

ആഗസ്റ്റ് 15 ന് എല്ലാ കത്തോലിക്ക കോൺഗ്രസ് അംഗങ്ങളും സംഘടനയുടെ നിയോഗാർത്ഥം വി. കുർബാന അർപ്പിക്കുകയും, കാഴ്ച സമർപ്പണം നടത്തുകയും ചെയ്യണം.

### മെമ്പർഷിപ്പ് കാമ്പയിൻ

ഇനിയും യൂണിറ്റുകൾ രൂപീകരിക്കാത്ത ഇടവകകളിൽ അംഗത്വ വിതരണം നടത്തി യൂണിറ്റുകൾ രൂപീകരിക്കുന്നു. സമ്പൂർണ്ണ കത്തോലിക്ക കോൺഗ്രസ് രൂപത എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഉള്ള ശ്രമം.

### ന്യൂനപക്ഷ സ്കോളർഷിപ്പ് ബോധവത്കരണം

എയ്ഡർ ഫൗണ്ടേഷൻ വഴി പ്രസിദ്ധീകരിക്കുന്ന സ്കോളർഷിപ്പുകൾ സംബന്ധിക്കുന്ന അറിയിപ്പുകൾ അർഹരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുള്ള ശ്രമം ഓരോ യൂണിറ്റിലും ചെയ്യുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# മദ്യവിരുദ്ധസമിതി

## വ്യക്തിത്വ വികസന ക്ലബ്ബ്: രൂപതാ ശിൽപ്പശാല നടത്തി

കെ.സി.ബി.സി ലഹരി വിരുദ്ധ സമിതിയുടെയും രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെയും ആഭിമുഖ്യത്തിൽ രൂപതയിലെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വ വികസന, ലഹരി വിരുദ്ധ ക്ലബ്ബ് രൂപതാ ശിൽപ്പശാലയും ഡയറക്ടേഴ്സ് മീറ്റും നടത്തി.

ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ടുമാണ് ഉത്തമ വ്യക്തിത്വമുള്ള ലഹരി രഹിത സമൂഹ സൃഷ്ടി എന്ന ലക്ഷ്യത്തോടെ ശിൽപശാല സംഘടിപ്പിച്ചത്.

കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് പാലക്കാട്ട് ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് കുര്യൻ ചെമ്പനാനി അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജിന്റോ മച്ചുകുഴിയിൽ ആമുഖ പ്രഭാഷണം നടത്തി. കൗൺസിലിംഗ് സൈക്കോളജിസ്റ്റ് ഫാ. ജോജി കപ്പൂച്ചിൻ വ്യക്തിത്വ വികസനം മെന്ററിങ് എന്ന വിഷയത്തെക്കുറിച്ചും, ക്ലബ്ബ് കോ ഓർഡിനേറ്റർ ടി.ടി. തോമസ് ലഹരി രഹിത വിദ്യാർത്ഥി സമൂഹം എന്ന വിഷയത്തെക്കുറിച്ചും ക്ലാസ്സെടുത്തു. സംസ്ഥാന സെക്രട്ടറി റോയി ജോസ് മുരിക്കോലിൽ , രൂപതാ ജനറൽ സെക്രട്ടറി ജോളി ഉണ്ണ്യേപ്പിള്ളിൽ, ട്രഷറർ ജോസ് കാവിൽ പുരയിടം, പ്രോഗ്രാം കോ ഓർഡിനേറ്റർ കെ സി ജോസഫ്, സി. ഗീത, അബ്രാഹം മണലോടി, ടി. ജെ. സണ്ണി, സണ്ണി മാത്യു എന്നിവർ പ്രസംഗിച്ചു.

## വ്യക്തിത്വ വികസന ക്ലബ് രൂപതാ തല ഉദ്ഘാടനം

താമരശ്ശേരി രൂപതാ ലഹരി വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വ വികസന ക്ലബ് രൂപതാതല ഉദ്ഘാടനം പുല്ലൂരാംപാറ ഹൈസ്കൂളിൽ വെച്ച് നടന്നു. സ്കൂൾ അസിസ്റ്റന്റ് മാനേജർ ഫാ. ക്ലിൻസ് വെട്ടുകല്ലേൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തിരുവമ്പാടി SHO അനിൽ കുമാർ എ. ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

പി ടി എ പ്രസിഡന്റ് വിൽസൺ താഴത്തുപറമ്പിൽ, വ്യക്തിത്വ വികസന ക്ലബ് കോർഡിനേറ്റർ ടി ടി തോമസ്, ലഹരി വിരുദ്ധ സമിതി രൂപത ട്രഷറർ ജോസ് കാവിൽ പുരയിടം,രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സണ്ണി ടി ജെ, സ്കൂൾ ഹെഡ്മാസ്റ്റർ ജോളി ജോസഫ് ഉണ്ണിയേപ്പിള്ളിൽ,

സ്റ്റാഫ് സെക്രട്ടറി റെജി സെബാസ്റ്റ്യൻ, സ്കൂൾ ക്ലബ് കോർഡിനേറ്റർ ഷിജി കോര, സ്റ്റുഡന്റ് കോർഡിനേറ്റർ കുമാരി ദാന നസീർ തുടങ്ങിയവർ പ്രസംഗിച്ചു.

### സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ നൃത്ത ശില്പം അവതരിപ്പിച്ചു

കുട്ടികൾ വിവിധ ലഹരി വിരുദ്ധ ആശയങ്ങൾ ഉൾപ്പെടുന്ന കലാപരിപാടികൾ അവതരിപ്പിച്ചു.

**ഫാ. അഗസ്റ്റിൻ മച്ചുകുഴി**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

## കരിസ്മാറ്റിക് മൂവ്മെന്റ്

കരിസ്മാറ്റിക് സുവർണ്ണ ജൂബിലിക്ക് ഒരുക്കമായി നടക്കുന്ന സഹസ്രദിന ഒരുക്ക പ്രാർത്ഥന ജൂൺ 20-ാം തീയതി തോട്ടുമുക്കം സെന്റ് തോമസ് ദേവാലയത്തിൽ നടന്നു. ഫാ. ജിതിൻ തളിയൻ വിശുദ്ധബലി അർപ്പിച്ച് വചനസന്ദേശം നൽകി. ആരാധനയ്ക്കും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കും സോണൽ മദ്ധ്യസ്ഥ പ്രാർത്ഥനാ കോ-ഓർഡിനേറ്റർ ബാബു മാളിയേക്കലും ടീം അംഗങ്ങളും നേതൃത്വം നൽകി. ബ്ര. ജോസ് വടക്കേൽ വചനസന്ദേശം നൽകി. സബ്സോൺ കോ-ഓർഡിനേറ്റർ ജോർജ് ചിറകണ്ടത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. 3 മണിക്ക് കൂട്ടായ്മ അവസാനിച്ചു.

### സബ്സോൺ കൂട്ടായ്മ

ജൂൺ 29 ന് കൂരാച്ചുണ്ട് സബ്സോൺ കൂട്ടായ്മ കൂരാച്ചുണ്ട് ഫൊറോന ദേവാലയത്തിൽ നടന്നു 70 പേർ പങ്കെടുത്തു. ജൂലൈ 2ന് തോട്ടുമുക്കം സബ്സോൺ സംഗമം പുഷ്പഗിരി ദേവാലയത്തിൽ നടത്തി. 40 പേർ സംഗമത്തിൽ പങ്ക് ചേർന്നു.

### സോണൽ പുനസംഘടന

കോഴിക്കോട് സോണിന്റെ തിരഞ്ഞെടുപ്പ് ജൂലൈ 10-ാം തീയതി പിഎംഒസി യിൽ വച്ച് നടന്നു. 134 അംഗങ്ങൾ പുനസംഘടനയിൽ പങ്കെടുത്തു. കെസിഎസ്സി കോ-ഓർഡിനേറ്റർ ഫാ. ജോസഫ് താമരവെളിയും കെസിഎസ്സി ജോയിന്റ് കോ-ഓർഡിനേറ്റർ സന്തോഷ് തലച്ചിറയും മറ്റ് ടീം അംഗങ്ങളുമാണ് പുനസംഘടനയ്ക്ക് നേതൃത്വം വഹിച്ചത്. കഴിഞ്ഞ രണ്ട് വർഷക്കാലത്തെ സേവ

നത്തിന് സോണൽ സേവന സമിതി അംഗങ്ങളെ ബഹു. താമരവെളിയച്ചൻ നന്ദി അറിയിച്ചു.

### പുതിയ സോണൽ സേവന സമിതി അംഗങ്ങൾ

1 ശ്രീ. ബാബു കോതാനി
2 ഡോ. ഫ്രാൻസിസ് ആറാടൻ
3 ശ്രീ. ഷാജു കാഞ്ഞിരത്തിങ്കൽ
4 ശ്രീ. ജോസ് വടക്കേൽ
5 ശ്രീ. ബെന്നിച്ചൻ കറുകമാലിൽ
6 ശ്രീ. ജോസ് കീരിപ്പടവിൽ
7 ശ്രീമതി വത്സമ്മ മുറിയംവേലി
8 ശ്രീമതി സോണി സണ്ണി പുളിക്കൽ
9 ശ്രീമതി മേരിക്കുട്ടി പെരുമ്പള്ളി
10 ശ്രീ. സാജൻ അറക്കപ്പറമ്പിൽ
11 മി. ടിന്റു കണ്ണംന്താനം YU4C അംഗം

**ഫാ. ഡൊമിനിക് കുഴിവേലിൽ**
സോണൽ ആനിമേറ്റർ

# ക്രിസ്റ്റീൻ മിനിസ്ട്രി

### സർവ്വീസ് ടീം മീറ്റിംങ്ങ്

2024 ജൂൺ 25 ന് പിഎംഒസി യിൽ വച്ച് ക്രിസ്റ്റീൻ മിനിസ്ട്രിയുടെ സർവ്വീസ് ടീം മീറ്റിംങ്ങ് കൂടി. പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1 ആഗസ്റ്റ് - സെപ്റ്റംബർ മാസത്തിൽ ഇടവകാതലത്തിലോ സബ്സോൺ തലത്തിലോ കുട്ടികൾക്കുവേണ്ടി ഏകദിന പ്രോഗ്രാം സംഘടിപ്പിക്കുക.

2 സെപ്റ്റംബർ 18 മുതൽ 20 വരെ അഗസ്ത്യമൂഴിയിലുള്ള സാൻജോ പ്രതീക്ഷാ ഭവനിൽ വച്ച് കുട്ടികൾക്ക് ക്രിസ്റ്റീൻ ധ്യാനം നടത്തുക.

3 ആഗസ്റ്റ് 20 ന് എല്ലാ ആനിമേറ്റേഴ്സിനേയും ഉൾപ്പെടുത്തിക്കൊണ്ട് സോണൽ മീറ്റിംഗ് കൂടുക.

## ക്രിസ്റ്റീൻ ധ്യാനം

സെപ്റ്റംബർ 18 മുതൽ 20 വരെ അഗസ്ത്യമൂഴിയിൽ വച്ച് നടക്കുന്ന ക്രിസ്റ്റീൻ ധ്യാനത്തിലേക്ക് ഓരോ സബ്സോണിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 10 കുട്ടിക്ക് അവസരം ഉണ്ടായിരിക്കുന്നത്. ആഗസ്റ്റ് 30 ന് മുമ്പ് 100 രൂപ അടച്ച് പങ്കെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. (ഭക്ഷണത്തിനും താമസത്തിനുമായി 400 രൂപ ധ്യാനത്തിനു വരുമ്പോൾ അടയ്ക്കേണ്ടതാണ്.)

## ക്രിസ്റ്റീൻ ധ്യാനം നടത്തി

പുതുപ്പാടി സെന്റ് ജോർജ്ജ് കാത്തലിക്ക് ചർച്ച് സൺഡേ സ്കൂൾ കുട്ടികൾക്കായി ജൂലൈ 12 മുതൽ 14 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തി. ഇടവകവികാരി ഫാ. ജോർജ്ജ് കളത്തൂർ അമലോത്ഭവ മാതാവിന്റെ രൂപം പ്രതിഷ്ഠിച്ചുകൊണ്ടുള്ള പ്രാർത്ഥനയോടെ ആരംഭിച്ച ധ്യാനത്തിന് തിരുവമ്പാടി സിഎംസി കോൺവെന്റിലെ ബഹു. റെനി സിസ്റ്ററിന്റെ നേതൃത്വത്തിലുള്ള 6 സിസ്റ്റേഴ്സാണ് നയിച്ചത്. വികാരിയച്ചന്റെ നേതൃത്വത്തിൽ സൺഡേ സ്കൂൾ അധ്യാപകരും സെന്റ് ഫിലിപ്പ്നേരി സിസ്റ്റേഴ്സും ഇടവകയിലെ മതബോധന കമ്മറ്റി, മാതൃവേദി അംഗങ്ങൾ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. ആരാധനയോടെ ധ്യാനം അവസാനിച്ചു.

## ഉണ്ണീശോയ്ക്കൊരു ബൈബിൾ

2024 ഡിസംബർ 25 ന് പുൽക്കൂട്ടിൽ ഉണ്ണീശോയ്ക്ക് സമർപ്പിക്കുന്നതിനായി 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഈ വർഷവും ബൈബിൾ എഴുതാൻ അവസരമുണ്ട്. ഈ വർഷം അപ്പസ്തോല പ്രവർത്തനങ്ങളാണ് എഴുതേണ്ടത്. ബൈബിൾ എഴുതിയ കുട്ടികളുടെ രൂപതാ സംഗമത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും രൂപതാ തലത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്. കൂടാതെ ബൈബിൾ എഴുതിയ കുട്ടികൾക്കുവേണ്ടി നടത്തുന്ന ബൈബിൾ ക്വിസ് മത്സരത്തിൽ പങ്കെടുത്ത് വിജയിക്കുന്ന കുട്ടികൾക്ക് പ്രത്യേക സമ്മാനങ്ങളും ലഭിക്കുന്നതാണ്. എ ഫോർ ഷീറ്റ് രണ്ടുവശത്തും എഴുതാവുന്നതാണ്. ബൈബിളിലെ തലക്കെട്ടുകൾ അധ്യായം, വാക്യം എന്നിവ എഴുതണം. വെട്ടിത്തിരുത്തലുകൾ പാടില്ല. എഴുതാൻ കറുപ്പ് മഷി ഉപയോഗിക്കുക. ആകർഷകമായ ബൈബിളിന് സ്റ്റേറ്റ് ലെവലിൽ സമ്മാനങ്ങൾ ലഭിക്കുന്നതാണ്. ബൈബിൾ രചനയിൽ പങ്കെടുക്കുന്ന കുട്ടികൾ ഇടവക ആനിമേറ്ററുടെ പക്കൽ പേര് നൽകേണ്ടതാണ്.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
സോണൽ ആനിമേറ്റർ

# ജീസസ്സ്‌യൂത്ത്

## Ministry Anointing

കോഴിക്കോട് സോൺ ജീസസ് യൂത്ത് മ്യൂസിക്ക് മിനിസ്ട്രിയും കിഡ്സ് ടീമും പുതിയതായി രൂപീകരിച്ചു. ഇവരുടെയും പുതിയ ഇന്റർസെഷൻ മിനിസ്ട്രിയുടെയും അനോയിറ്റിങ് ജൂലായ് 13 ന് PMOCൽ വച്ച് ഫാ. ഡൊമിനിക് കുഴിവേലിലിന്റെ നേതൃത്വത്തിൽ നടന്നു.

## On your mark

മലപ്പുറം സബ്സോൺ കൂട്ടായ്മ പുത്തനങ്ങാടി സെന്റ് മേരീസ് കോളേജിൽ വച്ച് ജൂലൈ14 ന് നടന്നു. 32 പേർ പങ്കെടുത്ത പരിപാടിയിൽ വ്യക്തിപരമായ പ്രാർത്ഥനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ക്ലാസ്സും വി. കുർബാനയും ഉണ്ടായിരുന്നു.

## Communion for Priests

യൂത്ത് മിനിസ്ട്രിയിൽ സഹകരിക്കുന്ന വൈദികരുടെ സംസ്ഥാനതല പ്രോഗ്രാം വയനാട് മൂന്നാനംകുഴി ശാന്തിധാര ധ്യാനകേന്ദ്രത്തിൽ വച്ച് ജൂലൈ 16, 17 ദിവസങ്ങളിൽ നടന്നപ്പോൾ കോഴിക്കോട് സോണിൽ നിന്ന് 4 വൈദികർ പങ്കെടുത്തു.

## KCC Pregathering

ആഗസ്റ്റിൽ നടക്കാൻ പോകുന്ന കേരള കാമ്പസ് കോൺഫറൻസിന്റെ മുന്നോടിയായി ജൂലൈ 19 വൈകിട്ട് മുതൽ 21 ഉച്ചവരെ കോഴിക്കോട് നവജ്യോതിസ് റിന്യുവൽ സെൻററിൽ വച്ച് കോഴിക്കോട് കാമ്പസ് ടീം നടത്തി. 70 ഓളം യുവജനങ്ങൾ പങ്കെടുത്തു. അവിടെ വച്ച് പുതിയ കാമ്പസ് ടീമിന്റെ അനോയിന്റിങ്ങും നടന്നു.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, ജീസസ്സ്‌യൂത്ത്

# ബഥാനിയ ധ്യാനകേന്ദ്രം

അനുഗ്രഹത്തിന്റേയും അഭിഷേകത്തിന്റേയും നാളുകളായ അഖണ്ഡജപമാല ശുശ്രൂഷയുടെ നിറവുമായി വീണ്ടും ജൂലായ് മാസം വന്നുചേർന്നു. 101 ദിവസങ്ങൾ പകലും രാത്രിയും ഒരുപോലെ പ്രാർത്ഥന നിറഞ്ഞുനിൽക്കുന്ന തീർത്ഥാടന കേന്ദ്രീമായി മാറുകയാണ് ബഥാനിയ. ദൈവാനുഗ്രഹം പ്രാപിക്കുന്നതിനായി പരി. അമ്മയുടെ മുമ്പിലേക്ക് പതിനായിരങ്ങൾ കടന്നുവരുന്ന ദിവസങ്ങളാണ് ഇനിയുള്ള നാളുകൾ നിരവധി ശുശ്രൂഷകളുടെ തിരക്കിലൂടെയാണ് ഈ മാസം ബഥാനിയ കടന്നുപോയത്.

## അഖണ്ഡജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും

24 മണിക്കൂറുകൾ തുടർച്ചയായി ജപമാല ചൊല്ലുകയും ദിവ്യകാരുണ്യ ഈശോയെ ആരാധിക്കുകയും ചെയ്യുന്ന അഖണ്ഡജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും ജൂലൈമാസം 18-ാം തീയതി വ്യാഴാഴ്ച ആരംഭിച്ചു. ലോകസമാധാനം കുടുംബവിശുദ്ധീകരണം എന്നീ പ്രധാന നിയോഗങ്ങളോടെയാണ് ഈ വർഷത്തെ അഖണ്ഡജപമാല സമർപ്പണം ഒരുക്കിയിരിക്കുന്നത്. താമരശ്ശേരി രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിച്ച ശുശ്രൂഷകൾക്ക് വികാരിജനറാൾ മോൺ. അബ്രാഹം വയലിൽ അച്ചനും പുല്ലൂരാംപാറ ഇടവകവികാരി ബഹു. സെബാസ്റ്റ്യൻ പുരയിടത്തിൽ അച്ചനും സഹകാർമ്മികത്വം വഹിച്ചു.

വിശുദ്ധ കുർബാനയ്ക്കുശേഷം വൻജനാവലിയുടെ സാന്നിധ്യത്തിൽ ആവേമരിയ ഹാളിൽനിന്നും ദിവ്യകാരുണ്യ ഈശോയെ പ്രദക്ഷിണമായി എഴുന്നെള്ളിച്ചുകൊണ്ടുവന്ന് നിത്യാരാധന ചാപ്പലിൽ പ്രതിഷ്ഠിക്കുകയും തുടർന്ന് ആദ്യത്തെ ജപമാല ചൊല്ലിക്കൊണ്ട് അഭിവന്ദ്യ പിതാവ് ഈ വർഷത്തെ അഖണ്ഡജപമാലയ്ക്ക് ആരംഭം കുറിക്കുകയും ചെയ്തു.

എല്ലാദിവസങ്ങളിലും വി. കുമ്പസാരത്തിനും കൗൺസിലിംഗിനും സൗകര്യമുണ്ട്. ഞായർ ഒഴികെ എല്ലാദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകിട്ട് 7 മണിക്കും ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. എല്ലാദിവസവും പകൽ 3 മണിക്കും പുലർച്ചെ 3 മണിക്കും കരുണക്കൊന്തയും കുരിശിന്റെ വഴി പ്രാർത്ഥനയും നടപ്പെടുന്നു. ജപമാലയിൽ പങ്കെടുക്കുന്നവർക്ക് എല്ലാദിവസവും ഉച്ചയ്ക്കും വൈകിട്ടും നേർച്ച ഭക്ഷണ നൽകുന്നുണ്ട്. ഒക്ടോബർ 26-ാം തീയതിയാണ് അഖണ്ഡജപമാല സമർപ്പണം സമാപിക്കുന്നത്.

## ബഥാനിയായിൽ പുതിയ ശുശ്രൂഷാവർഷം ആരംഭിച്ചു

ബഥാനിയായുടെ കലണ്ടർ വർഷമെന്നത് അഖണ്ഡജപമാല ആരംഭിക്കുന്ന ജൂലൈ മുതൽ പിറ്റേ വർഷം ജൂൺ വരെയാണ്. ഒരു വർഷം ബഥാനിയായിൽ ശുശ്രൂഷ ചെയ്യുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ശുശ്രൂഷകർ അഖണ്ഡ ജപമാല തുടങ്ങുന്ന ദിവസം അഭിവന്ദ്യപിതാവിൽ നിന്നും ബാഡ്ജ് സ്വീകരിച്ച് ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന പതിവ് ഇക്കൊല്ലവും ഉണ്ടായിരുന്നു. ജൂൺ മാസം ശുശ്രൂഷകർക്കുവേണ്ടി ഒരുക്കിയ ധ്യാനത്തിലൂടെ പുതിയ അഭിഷേക ത്തോടെ വ്യക്തിപരമായ നിയോഗങ്ങളോടെയാണ് ശുശ്രൂഷകർ അഭിവന്ദ്യപി താവിൽനിന്നും ബാഡ്ജ് സ്വീകരിച്ചത്. വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള നൂറ്റൻപതിൽപരം ശുശ്രൂഷകരുടെ പ്രാർത്ഥനയും പ്രവർത്തനങ്ങളും ബഥാനി യായിൽ വരുന്ന പതിനായിരങ്ങൾക്ക് ഏറെ അനുഗ്രഹപ്രദമാണ്.

## ധ്യാനങ്ങൾ

### താമരശ്ശേരി രൂപതാ വൈദികരുടെ ധ്യാനം

ഈ മാസം 7 മുതൽ 12 വരെ താമരശ്ശേരി രൂപതയിലെ വൈദികരുടെ ധ്യാനം ബഥാനിയായിൽ വച്ച് നടക്കുകയുണ്ടായി. പ്രശസ്ത വാഗ്മിയും ധ്യാന ഗുരുവുമായ ജോസഫ് കടുപ്പിൽ അച്ചനായിരുന്നു ധ്യാനം നയിച്ചത്.

### ജീവിത വിശുദ്ധീകരണ ധ്യാനം

ഈ മാസം 26 മുതൽ 29 വരെയായിരുന്നു താമസിച്ചുള്ള ജീവിതവിശുദ്ധീ കരണ ധ്യാനം. ഇരുനൂറോളം പേർ ഈ ധ്യാനത്തിൽ പങ്കെടുത്തു. രാത്രിയും പകലും ജപമാല പ്രാർത്ഥന നിറഞ്ഞ അന്തരീക്ഷത്തിൽ ധ്യാനിക്കുവാൻ അവ സരം കിട്ടിയത് ഒരനുഗ്രഹമായി എന്ന് പലരും പറയുകയുണ്ടായി. ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ആണ് ധ്യാനം നയിച്ചത്.

### ഏകദിന കൺവെൻഷൻ

ജൂലൈ മാസം എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷൻ നടന്നു. ജപ മാല ചൊല്ലി കൺവെൻഷനിൽ പങ്കെടുക്കുവാൻ പ്രത്യേക നിയോഗങ്ങളോടെ അനേകരാണ് ഓരോ വെള്ളിയാഴ്ചകളിലും വന്നത്. ഈ മാസം 5-ാം തീയതി യിലെ ആദ്യവെള്ളിയാഴ്ച ശുശ്രൂഷ അഭിഷേകം നിറഞ്ഞ ശുശ്രൂഷയായിരുന്നു. ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചൻ നയിച്ച ശുശ്രൂ ഷകളിൽ ആയിരങ്ങളാണ് പങ്കെടുത്തത്.

രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ കുരിശിന്റെ വഴി, ജപ മാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വചനപ്രസന്ദേശം, വി. കുപന്സാരം, സ്പിരിചൽ ഷെയറിങ് തുട ങ്ങിയവ ഉണ്ടായിരുന്നു.

### വി. കുമ്പസാരവും സ്പിരിചൽ ഷെയറിങ്ങും

അഖണ്ഡജപമാലയിൽ പങ്കെടുക്കുവാൻ വരുന്നവർക്ക് ഉപകാരപ്രദമാക്കുന്നതിനായി എല്ലാദിവസവും വി. കുമ്പസാരവും സ്പിരിചൽ ഷെയറിങ്ങും ഒരുക്കിയിട്ടുണ്ട്.

### മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ദിവസവും ബഥാനിയായിൽ മദ്ധ്യസ്ഥപ്രാർത്ഥന ഉണ്ടായിരുന്നു. അഖണ്ഡജപമാലയ്ക്ക് ഒരുക്കമായി ജൂലൈ 16-ാം തീയതി ഉച്ചമുതൽ 17-ാം തീയതി ഉച്ചവരെ 24 മണിക്കൂർ തുടർച്ചയായി ബഥാനിയാ കുടുംബം ഒരുമിച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയത് ഏറെ അനുഗ്രഹപ്രദമായിരുന്നു.

### ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 2 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 6 ചൊവ്വ | - | അഖണ്ഡജപമാല സമർപ്പണം 20-ാം ദിവസം |
| 9 വെള്ളി | - | ഏകദിന കൺവെൻഷൻ ജീവിതവിശുദ്ധീകരണ ധ്യാനം (9-12) |
| 15 വ്യാഴം | - | പരി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ |
| 16 വെള്ളി | - | ഏകദിന കൺവെൻഷൻ, അഖണ്ഡജപമാല സമർപ്പണം 30-ാം ദിവസം |
| 23 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 26 തിങ്കൾ | - | ഗ്രാന്റ് കോൺഫറൻസ് (KCSC കോഴിക്കോട് സോൺ 26-28), അഖണ്ഡജപമാല സമർപ്പണം 40-ാം ദിവസം |
| 30 വെള്ളി | - | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

## ജൈവഗ്രാമം ക്ലസ്റ്റർ രൂപീകരണം

സി.ഒ.ഡി.താമരശ്ശേരിയുടെ ആഭിമുഖ്യത്തിൽ എൻ.ജി.ഒ. കാൺഫെഡറേഷൻ 50% ധനസഹായത്തോടെ ജൈവവളം വിതരണവുമായി ബന്ധപ്പെട്ടു ഗ്രാമ വികസന സമിതി, ഇടവക തലത്തിലും ജൈവഗ്രാമം ക്ലസ്റ്റർ രൂപീകരണം നടത്തി ആവശ്യമായ ആപ്ലി ക്കേഷൻ സ്വീകരിച്ചു. സി.ഒ.ഡി.പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ, പരിസ്ഥിതി ദിനാചരണവും, തൈ വിതരണവും ഗ്രാമ വികസന സമിതികൾ എംസിസി കൾ എന്നിവിടങ്ങളിലായി പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി തൈകൾ നട്ടും, പരിസ്ഥിതിദിന ക്വിസ്, ഔഷധചെടികൾ, ഫലവൃക്ഷ തൈകൾ, പച്ചക്കറി തൈകൾ എന്നിവ വിതരണം ചെയ്തു. ജൂൺ 5 ന് സി.ഒ.ഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര കോടഞ്ചേരി, ആനക്കാംപൊയിൽ ഗ്രാമ വികസന സമിതികൾ സന്ദർശിക്കുകയും തൈവിതരണം ചെയ്തു ഉദ്ഘാടന കർമ്മം നിർവഹിച്ചു.

## കോ-ഓർഡിനേറ്റേഴ്സ് മീറ്റിംഗ്

സി.ഒ.ഡി.യുടെ വിവിധ പ്രവർത്തനങ്ങൾ രൂപത ഇടവകതലത്തിൽ എത്തുന്നതിനായി ഇടവക തല കോ-ഓർഡിനേറ്റർമാരെ നിയമിക്കുകയും അവരുടെ ഒരു മീറ്റിംഗ് ജൂൺ 22 ന് താമരശ്ശേരി പഴയ രൂപത ഹാളിൽ നടത്തപ്പെട്ടു. COD ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര നേതൃത്വം കൊടുത്തു. പുതിയ സ്വയം സഹായ സംഘങ്ങൾ (SHG) രൂപീകരിന്നതിനെക്കുറിച്ചും, അതിൽ നിന്നും കൂട്ടുബാധ്യതസംഘ രൂപീകരണം (JLG) എന്നിവയെക്കുറിച്ചും, ഭാഗ്യ വർഷ പരസ്പര സഹായ സമ്പാദ്യ പദ്ധതിയെക്കുറിച്ചും ക്ലാസ് നയിച്ചു. ഇതിന്റെ ഭാഗമായി രൂപതയുടെ വിവിധ സ്ഥലങ്ങളിൽ COD ഏരിയ കോഓർഡിനേറ്റർ മാരുടെ നേതൃത്വത്തിൽ SHG, JLG, സമ്പാദ്യ പദ്ധതി എന്നിവയുടെ രൂപീകരണം നടന്നു വരുന്നു. ഇതിന്റെ വിജയത്തിനായി ഓൺലൈൻ മീറ്റിംഗുകളും നടത്തി വരുന്നു. COD ഡയറക്ടർ വിവിധ ഇടവകകൾ സന്ദർശിച്ചു ഓറിയന്റേഷൻ ക്ലാസ്സുകളും നല്കി വരുന്നു.

## പച്ച മരുന്ന് നിർമ്മാണം

കാറ്റുള്ളമല മഹിളാ സമാജം കർക്കിടക മരുന്ന് നിർമ്മിച്ചു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ നേതൃത്വം നല്കി.

## എ+ നേടിയവരെ ആദരിക്കൽ

വിവിധ ഗ്രാമ വികസന സമിതികളുടെ നേതൃത്വത്തിൽ സംഘ തലത്തിലുള്ള

അംഗങ്ങളുടെ SSLC, +2 പരീക്ഷയിൽ എ+ നേടിയ കുട്ടികൾക്കു ക്യാഷ് അവാർഡും മെമെന്റോയും നല്കി ആദരിച്ചു.

## സജീവം പദ്ധതി

സി.ഒ.ഡി. താമരശ്ശേരിയും വെറ്റിലപ്പാറ ഗ്രാമവികസന സമിതിയും വെറ്റില പ്പാറ ഹോളി ക്രോസ്സ് കോൺവെന്റ് സ്കൂൾ സംയുക്തമായി ജൂൺ 26 ന് ലഹരി വിരുദ്ധ ദിന ക്യാമ്പ് നടത്തി. അരീക്കോട് സബ് ഇൻസ്പെക്ടർ സന്തോഷ് ഉദ്ഘാടനം ചെയ്തു ക്ലാസ് എടുത്തു. കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. സി.ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി നേതൃത്വം നല്കി. വിവിധ ഗ്രാമ വികസന സമിതികളിലും ലഹരി വിരുദ്ധദിന ക്യാമ്പ് നടത്തി. അതാതു സി.ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ നേതൃത്വം നല്കി. കല്ലാനോട് സാംസ്കാരിക നിലയത്തിൽ വച്ച് സംഘടിപ്പിച്ച പരിപാടിയിൽ KCBC മദ്യലഹരി വിരുദ്ധ സമിതി താമരശ്ശേരി രൂപത പ്രസി ഡന്റ് കുര്യൻ ചെമ്പനാനി ക്ലാസ് എടുത്തു.

## സ്റ്റാഫ് ട്രെയിനിങ് പ്രോഗ്രാം

ജൂൺ 29 ന് പഴയ രൂപത ഹാളിൽ വച്ച് സി.ഒ.ഡി. യുടെ വിവിധ മേഖലകളിൽ വർക്ക് ചെയ്യുന്ന ജീവനക്കാർക്കു ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. ദീപിക ഡയറക്ടർ ഫാ. ബെന്നി മുണ്ടനാട്ട് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ട്രെയിനിങ് ക്ലാസ് ഫാ. സായി പാറൻകുളങ്ങര നയിച്ചു. വിവിധ മേഖലകളിൽ വർക്ക് ചെയ്യുന്ന സ്റ്റാഫ് അംഗങ്ങൾക്ക് പരസ്പരം പരിചയപ്പെടാനും COD യുടെ വിവിധ മേഖലകളെക്കുറിച്ചു അറിയാനും സാധിച്ചു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2024 ജൂൺ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Adackakundu | 10,000.00 |
| 2 | Adackakundu | 15,000.00 |
| 3 | Adackakundu | 10,000.00 |
| 4 | Kondotty | 15,000.00 |
| 5 | Kondotty | 5,000.00 |
| 6 | Koomully | 8,000.00 |
| 7 | Koorachundu | 10,000.00 |
| 8 | Manjeri | 15,000.00 |
| 9 | Maramchatty | 10,000.00 |
| 10 | Maruthomkara | 15,000.00 |
| 11 | Perinthalmanna | 10,000.00 |
| 12 | Thazhekode | 15,000.00 |
| 13 | Theyyappara | 15,000.00 |
| 14 | Venappara | 10,000.00 |
| **Home** | | |
| 15 | Kodanchery | 10,000.00 |
| 16 | Mankave | 10,000.00 |
| 17 | Passukadave | 10,000.00 |
| 18 | Peruvannamuzhi | 15,000.00 |
| 19 | Poothampara | 15,000.00 |
| **Medical** | | |
| 20 | Anackampoil | 10,000.00 |
| 21 | Chakkittappara | 10,000.00 |
| 22 | Chippilithode | 15,000.00 |
| 23 | Chundathumpoil | 7,000.00 |
| 24 | Kalkundu | 12,000.00 |
| 25 | Kalkundu | 12,000.00 |
| 26 | Kannoth | 10,000.00 |
| 27 | Karikandanpara | 10,000.00 |
| 28 | Kariyathumpara | 8,000.00 |
| 29 | Koorachundu | 10,000.00 |
| 30 | Kuliramutty | 15,000.00 |
| 31 | Mailellampara | 7,000.00 |
| 32 | Manjakunnu | 10,000.00 |
| 33 | Manjakunnu | 10,000.00 |
| 34 | Manjuvayal | 10,000.00 |
| 35 | Nooramthode | 15,000.00 |
| 36 | Valiapanam | 15,000.00 |
| 37 | Valliyadu | 10,000.00 |
| 38 | Valook | 12,000.00 |
| 39 | Vettilappara | 15,000.00 |
| **Miscellaneous** | | |
| 40 | Thekkumkutty | 10,000.00 |
| | **Total** | **4,56,000.00** |

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ജൂൺ 2024**

30 രാവിലെ, മേരിക്കുന്ന് പി.എം.ഒ.സി.യിൽ ആമുഖ സെമിനാറിൽ പങ്കെടുക്കുന്ന മതബോധന അദ്ധ്യാപകർക്കായി വി. കുർബാന അർപ്പിച്ചു.

**ജൂലൈ**

01. ഉച്ചയ്ക്ക്, ദേവഗിരി ഇടവകയിൽ സി.എം.ഐ. സെന്റ് തോമസ് പ്രൊവിൻസ് അംഗം. ബഹു. ജോസ് കാപ്പുകാട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയക്ക് കാർമ്മികത്വം വഹിച്ചു

2. രാവിലെ, മേരിക്കുന്ന് എം.എസ്.ജെ സന്ന്യാസ സമൂഹത്തിന്റെ സെന്റ് തോമസ് പ്രവിശ്യാഭവൻ കപ്പേളയിൽ ജനറൽ സിനാക്സിസിൽ പങ്കെടുക്കുന്നവർക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

   രൂപതാഭവനിൽ താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിക്കു കീഴിലുള്ള സ്കൂൾ മാനേജർമാരുടെ യോഗത്തിൽ പങ്കെടുത്തു.

   വൈകുന്നേരം, കരിമ്പ് ഇടവകയിൽ, നവീകരിച്ച സെന്റ് തോമസ് ദൈവാലയ മദ്ബഹ വെഞ്ചരിക്കുകയും രജത ജൂബിലി ആഘോഷ സമാപനം കുറിച്ചുകൊണ്ട് വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

3. രാവിലെ, കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദുക്റാന തിരുനാൾ ദിനത്തിൽ സഭാദിനാഘോഷങ്ങളുടെ ഭാഗമായി മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ കാർമ്മികത്വം വഹിച്ച റാസാ കുർബ്ബാനയിൽ സംബന്ധിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

   ഉച്ചകഴിഞ്ഞ്, മൗണ്ട് സെന്റ് തോമസിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ പുതിയ ഭാരവാഹികൾ സ്ഥാനമേറ്റെടുക്കുന്ന ചടങ്ങിൽ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിനൊപ്പം പങ്കെടുക്കുകയും സത്യപ്രതിജ്ഞാ വാചകം ചൊല്ലികൊടുക്കുകയും ചെയ്തു.

   വൈകുന്നേരം, തൃശ്ശൂർ മൈനർ സെമിനാരിയിൽ വിശ്രമ ജീവിതം നയിക്കുന്ന തൃശ്ശൂർ അതിരൂപത മുൻ ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴിയെ സന്ദർശിച്ചു.

4. ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് കുട്ടികൾക്ക് പുരസ്ക്കാരങ്ങൾ നല്കി.

   വൈകുന്നേരം, കുപ്പായക്കോട് ഇടവകയിൽ 'പവർസെല്ലി'ൽ പങ്കെടുത്ത മതബോധനാദ്ധ്യാപകർക്കായി ക്ലാസ് എടുത്തു.

5. രാവിലെ, കോരങ്ങാട് എസ്.എം.എം.ഐ സന്യാസിനി സമൂഹ ഭവനത്തിൽ സന്യാസ അർത്ഥിനികൾക്ക് ക്ലാസ് എടുത്തു.

കണ്ണോത്ത്, സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുതുക്കിപ്പണിത കെട്ടിടം വെഞ്ചരിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

എം.എസ്.ജെ സന്ന്യാസിനി സമൂഹത്തിന്റെ സെന്റ് തോമസ് പ്രൊവിൻസിലെ പുതിയ പ്രൊവിൻഷ്യൽ  സുപ്പീരിയർ സി. ഷീലയേയും ടീം അംഗങ്ങളെയും രൂപതാഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, കട്ടിപ്പാറ തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ മഠം, പൊതുവായ പ്രാർത്ഥനാ ഭവനമാക്കി മാറ്റുന്നതിന്റെ ഭാഗമായി വെഞ്ചരിക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

6. രാവിലെ, പി.എം.ഒ.സി യിൽ കുടുംബകൂട്ടായ്മ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

മേരിക്കുന്ന് നിർമ്മല ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. മാത്യു ഓണയാത്തനൻകുഴി അച്ചനെ സന്ദർശിച്ചു.

7. വൈകുന്നേരം, അമലാപുരി സെന്റ് തോമസ് ദൈവാലയത്തിൽ ഇടവക മദ്ധ്യസ്ഥനായ തോമാശ്ലീഹായുടെ തിരുന്നാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

8. രാവിലെ, വെറ്റിലപ്പാറ സെന്റ് അഗസ്റ്റിൻ ദൈവാലയത്തിൽ, പരേതനായ ജ്യേഷ്ഠസഹോദരന്റെ മരണ വാർഷികദിനത്തിൽ വി. കുർബാന അർപ്പിച്ചു.

8 – 11 ബഥാനിയ നവീകരണ കേന്ദ്രത്തിൽ, താമരശ്ശേരി രൂപതയിലെ വൈദികർക്കായി നടത്തിയ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

12. രാവിലെ പി.എം.ഒ.സിയിൽ, പ്രീ-കാന കോഴ്സിൽ സംബന്ധിക്കുന്നവർക്ക് വേണ്ടി വി. കുർബാന അർപ്പിച്ച് ക്ലാസ് എടുത്തു.

13. രാവിലെ, കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ എഫ്.സി.സി സന്യാസിനി സമൂഹം മുൻ സുപ്പീരിയർ ജനറൽ മദർ ഹെൻറി സുസോ എഫ്.സി.സി.യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത സമിതിയുടെ നേതൃത്വ പരിശീലന ശില്പശാല ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, മാലാപറമ്പ് സെന്റ് ജോസഫ് ഇടവകയിൽ ദിവ്യബലിയർപ്പിച്ച്

പുതിയ പാരിഷ് ഹാൾ വെഞ്ചിരിക്കുകയും മതബോധന വാർഷികം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

14. രാവിലെ, പരപ്പനങ്ങാടി സെന്റ് തോമസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

15. രാവിലെ, തലശ്ശേരി അതിരൂപതയിലെ രണ്ടാംകടവ് സെന്റ് ജോസഫ് ദൈവാലയത്തിൽ സഹപാഠി, ബഹു. സേവ്യർ പുത്തൻപുര അച്ചന്റെ 25-ാം ചരമ വാർഷിക ദിനത്തിൽ വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, താമരശ്ശേരി അൽഫോൻസ മൈനർ സെമിനരിയിൽ റെക്ടേഴ്സ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

16. രാവിലെ, കാഞ്ഞിരപ്പള്ളി രൂപതയിലെ പൊടിമറ്റം സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ ഇൻഫാം വീർ കിസാൻ ഭൂമിപുത്ര അവാർഡ് ദാന ചടങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു.

17. രാവിലെ, തോട്ടുമുക്കം സെന്റ് തോമസ് ദൈവാലയത്തിൽ ബഹു. മാത്യു കുളത്തിങ്കൽ അച്ചന്റെ പിതാവിന്റെ 41-ാം ചരമ ദിനത്തിൽ വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, ചാവറ ഹോസ്പിറ്റൽ മഠം കപ്പേളയിൽ കർമ്മലമാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

18. രാവിലെ, പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്രത്തിൽ അഖണ്ഡജപമാല ശുശ്രൂഷയുടെ പ്രഥമ ദിനത്തിൽ വി. കുർബാന അർപ്പിക്കുകയും ജപമാലയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

19. ഉച്ചകഴിഞ്ഞ്, പുല്ലാഞ്ഞിമേട് യേശുഭവനിൽ എം.എസ്.ജെ. സന്യാസിനി സമൂഹാംഗം ബഹു. സി. അൽബീനയുടെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.

20. രാവിലെ, എം.എം.പി.സി. യിൽ താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സി.ഒ.ഡി.യുടെ കീഴിൽ വിവിധ മേഖലകളിൽ സേവനം ചെയ്യുന്നവരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, കരികണ്ടൻപാറ ഇടവകയിൽ, താമരശ്ശേരി രൂപതവൈദികൻ ബഹു. ജോസഫ് വെട്ടുകല്ലേൽ അച്ചന്റെ വല്ല്യപ്പൻ പരേതനായ ശ്രീ. മാത്യു വെട്ടുകല്ലേലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പനംപ്ലാവ് ഇടവകയിൽ, താമരശ്ശേരി രൂപത വൈദികൻ ബഹു. ജോസ് കരോട്ടുഴുന്നാലിൽ അച്ചന്റെ പരേതനായ പിതാവ് ജോർജ് കരോട്ടുഴുന്നാലിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു.

21. രാവിലെ, കട്ടിപ്പാറ ഹോളി ഫാമിലി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

22. രാവിലെ, തിരുവമ്പാടി ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

തിരുവമ്പാടി കർമ്മലീത്ത സന്യാസിനി സമൂഹത്തിന്റെ ഭവനത്തിൽ യൂദിത് ഫോറം സംഘടനയുടെ നേതൃത്വത്തിൽ നടക്കുന്ന ജപമാല നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, വെറ്റിലപ്പാറ ഇടവകയിൽ പരേതയായ ത്രേസ്യ മുഞ്ഞനാട്ടിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, കരുവാരക്കുണ്ടിൽ, താമരശ്ശേരി രൂപത വൈദികൻ ബഹു. ജെയിംസ് വള്ളിക്കുന്നേൽ അച്ചന്റെ പരേതനായ പിതാവ് വി.ഡി. ഡൊമിനിക്കിന് വേണ്ടി ഭവനത്തിൽ ചെന്ന് ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

23. രാവിലെ, ഭരണങ്ങാനം വി. അൽഫോൻസാമ്മയുടെ കബറിട ദൈവാലയത്തിൽ, താമരശ്ശേരി രൂപതയിലെ ഏതാനും വൈദികരോടും സന്യസ്ഥരോടും ദൈവജനത്തോടുമൊപ്പം വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

24. രാവിലെ, ദീപികയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ‘കളർ ഇന്ത്യ’ മത്സരാർത്ഥികളുടെ പേര് പതിക്കൽ ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി രൂപതാഭവനിൽ അൽഫോൻസാ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

താമരശ്ശേരി രൂപതാഭവൻ ഓഡിറ്റോറിയത്തിൽ രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള പ്രധാനാദ്ധ്യാപകരുടെ സമ്മേളനം ഉത്ഘാടനം ചെയ്തു.

അഗസ്ത്യാമൂഴി സെന്റ് ജോസഫ്സ് ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. എഫ്രേം പൊട്ടനാനിയിൽ അച്ചനെ സന്ദർശിച്ച് രോഗീലേപനം നൽകി.

25. രാവിലെ, താമരശ്ശേരി ചാവറ ഭവൻ കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

26. രാവിലെ, രൂപതാഭവൻ കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

വൈകിട്ട്, സീറോ മലബാർ പബ്ലിക്ക് അഫയേഴ്സ് കമ്മറ്റി ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

27. രാവിലെ, താമരശ്ശേരി സെന്റ് അൽഫോൻസ മൈനർ സെമിനാരി കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു.

താമരശ്ശേരി, അൽഫോൻസ ട്രെയിനിംഗ് ഹാളിൽ രൂപതയുടെ സാമൂഹ്യവിഭാഗം ജീവനക്കാർക്കായി നടത്തുന്ന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.



# Solemnity of the Assumption of the Blessed Virgin Mary

*15 August 2023*



“Today, the Solemnity of the Assumption of the Virgin Mary, we contemplate her who was taken up body and soul to the glory of Heaven. Today’s Gospel also presents her to us as she goes up, this time “into the hill country” (Lk 1:39). And why does she go up there? To help her cousin Elizabeth, and there she proclaims the joyful canticle of the Magnificat. Mary goes up and the Word of God reveals to us what characterizes her as she is lifted: service to neighbour and praise to God. Both of these things: Mary is the woman of service to neighbour, and Mary is the woman who praises God. The evangelist Luke, moreover, narrates Jesus’ own life as an ascent towards Jerusalem, the place of his self-giving on the cross; and he also describes Mary’s journey in the same way. Jesus and Mary, in short, travel the same road: two lives that ascend, glorifying God and serving their brothers and sisters. Jesus as the Redeemer, who gives his life for us, for our justification; Mary as the servant who goes to serve: two lives that conquer death and rise; two lives whose secrets are service and praise. Let us reflect a moment on these two aspects: service and praise”.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-07-2024 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 08, August 2024, Pages 96.